'ഈശോ ഇതുകേട്ടപ്പോൾ വിസ്മയപ്പെട്ടു തന്റെ അനുഗാമികളോടു പറഞ്ഞു: സത്യമായും ഇസ്രായേലിൽ പോലും ഇങ്ങനെയൊരു വിശ്വാസം ഞാൻ കണ്ടിട്ടില്ല. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും പലരും വന്ന് അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ ദൈവരാജ്യത്തിൽ സ്ഥാനങ്ങൾ കൈവരുത്തും. രാജ്യത്തിന്റെ പുത്രന്മാരോ എന്നാൽ പുറത്തുള്ള അന്ധകാരത്തിലേക്കു എറിയപ്പെടും'

—മത്തായി VIII; 10-12

# സത്യദീപം

'ഓ! ഭീകരമായ പ്രതാപം എത്ര ക്ഷണഭംഗുരം! അവരുടെ ജീവിതം അവരുടെ പാണ്ഡിത്യത്തിന് അനുരൂപമായിരുന്നെങ്കിൽ! അങ്ങിനെയായിരുന്നെങ്കിൽ അവർ പഠിച്ചതും വായിച്ചതും പ്രയോജനപ്രദമാകുമായിരുന്നേനെ. ഇത്ര ...വത്തിൽ ശ്രദ്ധിക്കാതെ വ്യർത്ഥമായ ...വൃത്താൽ എത്ര അധികം പേർ ലോകത്തു നശിച്ചുപോകുന്നു!'

—ക്രിസ്ത്വനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293 | 1957 ജനുവരി 23—ബുധനാഴ്ച | Vol. 30, No 23



# "എല്ലാവരും ഒന്നാകുവാൻ"

(ജോർജ്ജ് മാത്തൻ)

ന്യൂയോർക്കിലെ ഒരാംഗ്ലിക്കൻ വൈദികനായ റവ. പോൾ ജയിംസ് ഫ്രാൻസീസ് ഈ നൂററാണ്ടിന്റെ അരുണോദയത്തിൽ, എല്ലാ അകത്തോലിക്കാസഭകളും കത്തോലിക്കാസഭയോട് ഐക്യപ്പെടുന്നതിനു അതിയായി പരിശ്രമിച്ചു. തന്റെ പ്രാർത്ഥനയും പ്രവർത്തനങ്ങളും അദ്ദേഹം ഇതിനായി ഉഴിഞ്ഞുവച്ചു. "Friars of the Atonement" എന്ന നാമത്തിൽ ഒരു സന്യാസസംഘം അദ്ദേഹം കരുപ്പിടിപ്പിച്ചു. പ്രാർത്ഥനയും പ്രവർത്തനങ്ങളുംവഴി സകല അകത്തോലിക്കാ സമൂഹങ്ങളേയും കത്തോലിക്കാസഭയിലേക്ക് ആനയിക്കുക എന്നതായിരുന്നു അതിലെ സന്യാസികളുടെ ലക്ഷ്യം. ആംഗ്ലിക്കൻ സന്യാസസഭാംഗങ്ങളെന്ന നിലയിൽ ഈ സന്യാസികൾ "പത്രോസിന്റെ കാശ്" (Peter's pence) പിരിച്ച് റോമിലേക്കയച്ചുകൊടുത്തിരുന്നു. സത്യത്തെ ആശ്ലേഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പരിശുദ്ധപിതാവുമായി ആലോചന നടത്തുകയും ചെയ്തു. അന്നു പത്രോസിന്റെ സിംഹാസനത്തിൽ വാണിരുന്ന പുണ്യശ്ലോകനായ പത്താംപീയൂസ് തിരുമനസ്സുകൊണ്ട് ഇവരുടെ അഭ്യർത്ഥനയെ പ്രത്യേകം പരിഗണിക്കുകയും തന്റെ പ്രാർത്ഥന വാഗ്ദാനം ചെയ്യുകയും ചെയ്തു. തിരുമനസ്സിലെ സ്റ്റേററുസെക്രട്ടറിയായിരുന്ന കാർഡിനൽ മേരി ഡെൽവൽ 1904 ൽ ന്യൂയോർക്കിലെ ആ സന്യാസസമൂഹത്തിനെഴുതി: "സത്യം അറിഞ്ഞ് അതിനെ സമാശ്ലേഷിക്കുന്നതിനു വെളിവും ധൈര്യവും നിങ്ങൾക്കു ലഭിക്കുവാൻ പരിശുദ്ധപിതാവു പ്രാർത്ഥിക്കുകയും നിങ്ങളുടെ നേർക്കുള്ള അദ്ദേഹത്തിന്റെ സ്നേഹസമ്പന്നമായ ഹൃദയത്തുടിപ്പുകളെ രേഖപ്പെടുത്തുകയും ചെയ്യുന്നു."

ഫാദർ പോളിനും അനുയായികൾക്കും സത്യം ബോദ്ധ്യമായി. തിരുസ്സഭയുമായി രമ്യപ്പെടണമെങ്കിൽ പത്രോസിന്റെ പിൻഗാമിയോട് വിധേയത്വമുള്ളവരായിരിക്കണമെന്നും അവർ പഠിച്ചു. അവർ കത്തോലിക്കാ വിശ്വാസം ഏററുപറഞ്ഞു. ആംഗ്ലിക്കൻസഭാംഗങ്ങളായിരുന്നപ്പോൾ അവർ നടത്തിവന്നിരുന്ന സഭാഐക്യത്തിനായുള്ള "അഷ്ടദിന പ്രാർത്ഥന" ഇപ്പോൾ പരിശുദ്ധപിതാവിന്റെ അംഗീകാരത്തോടും ആശീർവ്വാദത്തോടുംകൂടി, കൂടുതൽ തീക്ഷ്ണതാപൂർവ്വം നടത്തുവാൻ തുടങ്ങി. വി. പത്താംപീയൂസിന്റെ അനന്തരഗാമിയായിരുന്ന ബനഡിക്റ്റ് പതിനഞ്ചാമൻ ഈ പ്രാർത്ഥനാസമ്പ്രദായം സാർവ്വത്രികസഭയിൽ നടപ്പാക്കി. യേശുനാഥന്റെ തിരുവത്താഴത്തിലെ പ്രാർത്ഥന—എല്ലാവരും ഒന്നാകുന്നതിനുള്ള പ്രാർത്ഥന—വേഗം സാധിതപ്രായമാകാൻ, ഇന്നു കത്തോലിക്കാലോകം മുഴുവൻ വി. പത്രോസിന്റെ റോമിലെ തിരുസിംഹാസനത്തിരുനാൾ (ജനു: 18) മുതൽ വി. പൗലോസിന്റെ മാനസാന്തരത്തിരുനാൾ (ജനു: 25) വരെയുള്ള എട്ടു ദിവസങ്ങളിൽ നടത്തുന്നു. ഓരോ ദിവസവും ഓരോ പ്രത്യേക നിയോഗമാണിതിനുള്ളത്.

ജനുവരി 18: "പത്രോസിന്റെ തൊഴുത്തിലേക്കു മററു ആടുകളുടെ തിരിച്ചുവരവ്." ക്രിസ്തുനാഥൻ പറഞ്ഞു: "പത്രോസേ, നീ പാറയാകുന്നു. ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും" എന്ന്. പതിനാറാംനൂററാണ്ടിലെ മതനവീകരണക്കാർ ഈ പരമസത്യത്തെ പാടേ നിഷേധിച്ചു. പത്രോസിന്റെ പിൻഗാമിയോടുള്ള വിധേയത്വത്തെ മറിച്ചെറിഞ്ഞു അസംതൃപ്തിയും അനൈക്യത്തിന്റേയും നിർമ്മതപ്രസ്ഥാനങ്ങളുടേയും വിത്തുപാകി. ലോകം ഒരിക്കൽക്കൂടി പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പാവഴി, അദ്ദേഹത്തിന്റെ അപ്രതിഹതമായ നേതൃത്വത്തിൻകീഴിൽ അണിനിരക്കട്ടെ. അപ്പോൾ, അഭിജ്ഞരെന്നഭിമാനിക്കുന്ന ഈ തലമുറയുടെ അസംതൃപ്തിയും അവധാരണകളും സൂര്യപ്രകാശത്തിൽ മഞ്ഞുകട്ടയെന്നതുപോലെ അപ്രത്യക്ഷമാകും.

ജനുവരി 19: "ഭിന്നിച്ചുനില്ക്കുന്ന പൗരസ്ത്യസഭക്കാർ തിരുസിംഹാസനവുമായി യോജിക്കുക." കത്തോലിക്കാസഭയുടെ പിള്ളത്തൊട്ടിലായിരുന്ന പൗരസ്ത്യരാജ്യങ്ങളിൽ ഊർജ്ജസ്വലമായി വളർന്നുവന്ന സഭയും, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൻഡ്രിയ, അന്തിയോക്യാ, ജറുസലേം എന്നിവിടങ്ങളിലെ പാത്രിയർക്കീസന്മാരും റോമുമായുള്ള അഭേദ്യബന്ധത്തിൽ, പത്രോസിന്റെ പിൻഗാമിയോടുള്ള വിധേയത്വത്തിൽ കഴിഞ്ഞിരുന്നുവെന്നു, ചരിത്രം പരിശോധിച്ചാൽ നമുക്കു മനസ്സിലാകും. അന്നത്തെ ഈശ്വരാദ്ധ്യാത്മികവൃന്ദങ്ങൾ ബെയ്സിൻ, ക്രിസോസ്റ്റോം, ഡമാസീൻ തുടങ്ങിയ പുണ്യപുംഗവന്മാരെ വാർത്തെടുത്തു സഭയ്ക്കു സമ്മാനിച്ചിട്ടുണ്ട്. കാലചക്രം കറങ്ങിത്തിരിഞ്ഞു. നൂററാണ്ടുകൾ ഒൻപതു കടന്നുപോയി. നിർഭാഗ്യമെന്നു പറയട്ടെ, റോമിന്റെ അധികാരശക്തിയിൽ കോൺസ്റ്റാന്റിനോപ്പിൾ അസൂയാകുലയായി പഴയ സ്നേഹബന്ധം തകർന്നു വിധേയത്വം ഇല്ലാതായി. എന്നിനധികം! 1054-ൽ കോൺസ്റ്റാന്റിനോപ്പിൽ പാത്രിയർക്കീസായിരുന്ന മൈക്കിൾ ചെരുലാരിയൂസ് സഭാഭ്രഷ്ടനായി. കിഴക്കൻ പ്രദേശങ്ങളെ ഒട്ടുമുക്കാലും പാത്രിയർക്കീസ് ശിശ്മയിലേക്കു ഇറക്കിനിറുത്തി. ഇന്ന് ഏതാണ്ട് 128,000,000 പൗരസ്ത്യക്രിസ്ത്യാനികളാണ് റോമിന്റെ പരമാധികാരത്തെ ധിക്കരിച്ചു ആലസ്യവെളിയിൽ നിലകൊള്ളുന്നത്.

ജനു: 20: "ആംഗ്ലിക്കൻ സഭാംഗങ്ങൾ ക്രിസ്തുവിന്റെ വികാരിയുമായി രമ്യതയിലാവുക" വി. ഡോമിനിക്ക് സാവ്യോയുടെ ജീവചരിത്രത്തിൽ നാം വായിക്കുന്നു, കത്തോലിക്കാ വിശ്വാസത്തിൽ മിന്നിത്തിളങ്ങുന്ന ഇംഗ്ലണ്ടിന്റെ ഒരു ദർശനം അദ്ദേഹത്തിനുണ്ടായി എന്ന്. ഇന്നു കത്തോലിക്കാലോകം മുഴുവൻ പ്രാർത്ഥിക്കുകയാണ്, മാതൃസഭയുമായി രമ്യപ്പെട്ട കാർഡിനൽ ന്യൂമൻ, ജി. കെ. ചെസ്റ്റർട്ടൻ, തുടങ്ങിയ ബുദ്ധിരാക്ഷസന്മാരെ അനുകരിച്ച് ആംഗ്ലേയജനത സത്യസഭയുടെ മടിത്തട്ടിലേക്ക് ഓടിയടുക്കുവാൻ.

ജനു: 21: "യൂറോപ്പ് വൻകരയിലെ ലൂഥറൻ, പ്രൊട്ടസ്റ്റൻറ് എന്നീ സഭാവിഭാഗങ്ങൾ മാതൃസഭയിലേക്കു പിന്തിരിയുന്നതിന്."


മാർട്ടിൻ ലൂഥർ 1517 ൽ സഭയ്ക്കെതിരായുള്ള തന്റെ 95 ആക്ഷേപങ്ങളെ വിറ്റൻബർഗ്ഗിലെ ദൈവാലയവാതുക്കൽ എഴുതിപ്പതിച്ചു. അവിടെ തുടങ്ങിയ മതവിപ്ലവവും അനൈകമത്യവും, യൂറോപ്പുമുഴുവൻ കാട്ടുതീപോലെ പടർന്നു പടർന്നു പിടിച്ചു. ഹസ്സ്, നോക്സ്, കാൽവിൻ തുടങ്ങിയ അദ്ദേഹത്തിന്റെ അനുയായികൾ വെറും മാനുഷികസഭയുടെ നേതാക്കന്മാർ മാത്രമായിരുന്നു. ക്രിസ്തുവിന്റെ അജഗണത്തെ നയിക്കുന്നതിനും ഭരിക്കുന്നതിനുമുള്ള ചൈതന്യമില്ലാത്ത അനേകം വ്യാജഇടയപാലകന്മാരുടെ കീഴിൽ നിരവധി സഭാവിഭാഗങ്ങളായി. മതനവീകരണക്കാർ ഇന്നു ചിന്നിച്ചിതറിക്കിടക്കുന്ന കാഴ്ച എത്ര ശോചനീയമല്ല; സഹതാപാർഹമല്ല. അവരുടെ തിരിച്ചുവരവിനായി ഏക തൊഴുത്തും ഏക ഇടയനും ആയിത്തീരുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

ജനു: 22: "അമേരിക്കയിലെ ക്രിസ്ത്യാനികൾ പത്രോസിന്റെ തിരുസിംഹാസനത്തോട് ചേർന്നു നില്ക്കുവാൻ." അമേരിക്കയിൽ ഇന്നു 31 ലക്ഷത്തോളം കത്തോലിക്കരേയുള്ളു. മററു ക്രൈസ്തവവിഭാഗങ്ങൾ 50 ലക്ഷത്തോളവും. ഇവർ ബാപ്റ്റിസ്റ്റ്, മെത്തോഡിസ്റ്റ്, ലൂഥറൻ, പ്രിസ്ബിറ്റേറിയൻ, ആംഗ്ലിക്കൻ തുടങ്ങിയ സഭകളിൽ നിലകൊള്ളുന്നു. കത്തോലിക്കാസഭയും അതിന്റെ പ്രബോധനങ്ങളും മാത്രമാണ് ഈ കുത്തഴിഞ്ഞ ചിന്താഗതികൾക്കും കെട്ടുപിണഞ്ഞ നൂലാമാലകൾക്കും ഏകപ്രതിവിധി എന്ന യാഥാർത്ഥ്യം ഗ്രഹിച്ച്, നിരവധി പ്രോട്ടസ്റ്റൻറുകാർ പ്രതിവർഷം പത്രോസിന്റെ സിംഹാസനത്തോട് രമ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അവരുടെ സംഖ്യ അതിവേഗം വർദ്ധിപ്പിക്കുവാനാണ് ഇന്നു കത്തോലിക്കർ പ്രാർത്ഥിക്കുന്നത്.

ജനു: 23: "താറുമാറായ ജീവിതം നയിക്കുന്ന കത്തോലിക്കരുടെ കൂദാശാസ്വീകരണത്തിലേക്കുള്ള തിരിച്ചുവരവ്." മിക്ക കത്തോലിക്കർക്കും കാണും പല കൊല്ലങ്ങളായി കൂദാശാസ്വീകരണങ്ങൾ ഒന്നുമില്ലാത്ത സ്നേഹിതരും പരിചിതരും. നല്ല ഇടയനായ ക്രിസ്തുനാഥൻ ചരിക്കുന്ന ഈ അജഗണങ്ങളുടെ പേരിൽ ഉൽക്കണ്ഠാകുലനായിരിക്കുന്നു. അനുതാപനിർഭരമായ ഹൃദയത്തോടെ ഇവർ തങ്ങളുടെ പിതാവിന്റെ വീട്ടിലേക്ക് പിന്തിരിയുന്നതിന്, അദ്ദേഹത്തിന്റെ സ്നേഹാശ്ലേഷത്തിനർഹരാകുന്നതിന്, ഇന്നത്തെ പ്രാർത്ഥനകൾ നിയോഗിക്കപ്പെട്ടിരിക്കുന്നു.

ജനു: 24: "യൂദന്മാരുടെ മാനസാന്തരം." ഇന്ന് 11 ലക്ഷത്തോളം യഹൂദന്മാരാണ് ലോകത്തെ അധിവസിക്കുന്നത്. 11-ാം പീയൂസ് മാർപ്പാപ്പാ പറയുന്നു, "ആദ്ധ്യാത്മികവീക്ഷണകോടിയിൽ നിന്നു നോക്കുന്നതായാൽ നാം എല്ലാവരും സെമററിക് ഗോത്രക്കാരാണ്" എന്ന്. പാലസ്തീനായിരുന്നു ദിവ്യരക്ഷകന്റെ ജന്മഭൂവും വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലും. കന്യകാമറിയം, വി. യൗസേപ്പ്, അപ്പസ്തോലന്മാർ തുടങ്ങിയവർ ഈ ജനസമുദായ

(ശേഷം 12-ാംപേജിൽ)



വി. പൗലോസിന്റെ അത്ഭുതകരമായ മാനസാന്തരം



ആഖ്യായിക

# ബാറാബാസ്

അദ്ധ്യായം 21 (തുടർച്ച)

## റോമായിൽനിന്നൊരു കത്തും അതിനു മറുപടിയും

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

"കുറെ വിഷമം ഇനിയും തന്നിലുണ്ടെന്നാണ് കാണുന്നതു്. ഏതായാലും തൻെറ മരണക്കോതി ഏതാനും ദിവസത്തേക്കുകൂടി മാററിവെക്കേണ്ടിയിരിക്കുന്നു. താൻ കുരിശിൽ തൂങ്ങിക്കിടക്കുന്ന കാഴ്ച തൻെറ സ്നേഹിതന്മാർ ഉത്സവദിവസം ആസ്വദിക്കട്ടെ എന്നാണ് ഞാൻ കരുതുന്നതു്. ഇനി മൂന്നു ദിവസം മാത്രം!" ഇത്രയും പറഞ്ഞിട്ട് പീലാത്തോസ് ഭടന്മാരുടെ നേരെ തിരിഞ്ഞു ആജ്ഞനൽകി: "അയാളെ കൊണ്ടുപോകിൻ. വധത്തിനുള്ള സമയം ഞാൻ പിന്നീട്ട് നിശ്ചയിക്കുന്നതാണ്."

ഭടന്മാർ ബറാബാസിനെ നടത്തിക്കൊണ്ടുപോയി. അയാൾ പ്രൊക്കുറേറററുടെ മുഖത്തു നോക്കാതെതന്നെ നടന്നു. ഈ പ്രാവശ്യം അയാളെ അടച്ചുപൂട്ടിയതു് വേറൊരു തടവുമുറിയിലായിരുന്നുവെന്നും അതു് മുമ്പിലത്തേതിലുമധികം മൂട്ടുള്ളതായിരുന്നുവെന്നും അയാൾ മനസ്സിലാക്കിയില്ല. ക്ഷുദ്പിപാസകളാൽ അത്യധികം വലഞ്ഞു് അയാൾ അത്രയ്ക്കു അവശനായിരുന്നു. വീണ്ടും ഭിത്തിയോടുചേർത്തു ചങ്ങലയാൽ അയാൾ ബന്ധിതനായി. കുടിക്കാനും തിന്നാനും വല്ലതും കിട്ടേണമെന്നുള്ള അയാളുടെ അപേക്ഷ അവഗണിക്കപ്പെടുകയും ചെയ്തു. ക്രമീകൃതമായി എന്തെങ്കിലും ചിന്തിക്കുവാൻ കഴിയാത്ത അർദ്ധപ്രാണാവസ്ഥയാണയാൾക്കുണ്ടായിരുന്നതു്.

പ്രൊക്കുറേററർ ഉയരംകൂടിയ വാതായനങ്ങളിൽ ഒന്നിനു് സമീപം നിന്നുകൊണ്ടു് കൊട്ടാരത്തിനു മുമ്പിലുണ്ടായിരുന്ന ചതുരാങ്കണത്തിലേക്കു നോക്കി. തുഷാരബിന്ദുക്കൾ കുറെ മുമ്പേ പൊഴിഞ്ഞിട്ടുണ്ടായിരുന്നു. അങ്കണത്തിലെ കൽതളിരങ്ങൾ ഹിമസ്പർത്താൽ ആച്ഛാദിതമെന്നോണം തോന്നി. അങ്കണത്തിൽക്കൂടി ഒരു പല്ലക്ക് സംവഹിക്കപ്പെട്ടു. ക്ലാവുദിയായുടെ പല്ലക്ക്. അതിൽനിന്നു് ക്ലാവുദിയായും മഗ്ദലാമറിയയും അവരോഹണം ചെയ്യുന്നതു് പീലാത്തോസ് കണ്ടു.

"ഒരുപക്ഷേ അവരിരുവരുംകൂടി നസ്രത്തിൽനിന്നു വന്ന അദ്ദേഹത്തിൻെറ പ്രസംഗം വീണ്ടും കേൾക്കുവാൻ പോയതായിരിക്കും" ഈർഷ്യാകുലനായി പീലാത്തോസ് ചിന്തിച്ചു. തന്നെ സന്ദർശിക്കുവാനും തൻെറ പക്കൽ വിനിയോഗിക്കുവാനും മറിയയ്ക്കു സമയം കിട്ടുന്നില്ലല്ലോ എന്നോർമ്മിച്ചപ്പോൾ പീലാത്തോസിൻെറ കോപം അധികരിക്കുകയാണുണ്ടായതു്.

ദേവന്മാരാണെ, പുരോഹിതന്മാർക്ക് വലിയൊരുപകാരമാകുമെന്നോർത്തു് മടിക്കുന്നതാണ്, അല്ലെങ്കിൽ അയാളെ ബന്ധനത്തിലാക്കി തുലച്ചുകളയുവാൻ ഞാൻ അമാന്തിക്കുകയില്ലായിരുന്നു" പീലാത്തോസ് പൊറുപൊറുത്തു: "ഒരുപക്ഷേ, വലിക്കപ്പെലായിരിക്കും അയാൾക്കു പാററിയ സ്ഥലം."

ലോകം മുഴുവനും, മൊത്തത്തിലും, യൂദെയായും അവിടത്തെ ജനങ്ങളും പ്രത്യേകിച്ചും, അരോചകങ്ങളെന്നു് അനുഭവപ്പെട്ട പീലാത്തോസിനു്. ഈ ദുരനുഭവംനിമിത്തം മനംകലങ്ങി അദ്ദേഹം സ്വീകരണമുറിയിൽനിന്നിറങ്ങി അരമനയിലെ അധിവാസവിഭാഗങ്ങളിലേക്ക് പോകുവാനുത്സാഹിച്ചു. പോകുന്നതിനുമുമ്പ് മാർക്കസിനോടു കർക്കശഭാവത്തിൽ പറഞ്ഞു; "ഒരെഴുത്തിൻെറ വാചകം പറഞ്ഞുതരുവാൻ ഉദ്ദേശിക്കുന്നു. ഞാൻ മടങ്ങിവരുന്നതുവരെ ഇവിടെ ഇരിക്കണം."

സിക്രട്ടറി തലകുലുക്കി, നിജകൃത്യങ്ങൾ തുടന്നു. പീലാത്തോസിനെ നരകത്തിൽ കാണുവാൻ ആശിക്കുന്നുവെന്നു് ബറാബാസ് നൽകിയ ഉത്തരം മാർക്കസിനു തൃപ്തിജനകമായിരുന്നു. ആ ഉത്തരത്തെപ്പററി ചിന്തിച്ചു് പലപ്പോഴും അയാൾ ഊററിച്ചിരിക്കുകയുണ്ടായി. ഏതായാലും ബറാബാസിനെതിരായ വിധിനിർണ്ണയം ഭംഗിയേറിയ ശൈലികളിൽ, രേഖപ്പെടുത്തുവാനയാൾ ഉത്സാഹിക്കുകയായിരുന്നു; പീലാത്തോസ് കുറെ സമയം എന്തുചെയ്യണമെന്നു തീരുമാനിക്കാതെ കുഴങ്ങി. ക്ലാവുദിയായുടെ അന്തപുരത്തെത്തി മറിയയെക്കാണണമെന്നായിരുന്നു ആദ്യത്തെ ചിന്ത. തൻെറ കോപാവേശം അതിനു പ്രതിബന്ധമായി. ആ കോപവെടി ആക്കെങ്കിലും എതിരായി പൊട്ടിക്കാതെ അന്തഃപുരത്തു പ്രവേശിച്ചാൽ അവിടെവെച്ചു് പൊട്ടുവാനിടയായെങ്കിലോ എന്നായിരുന്നു അദ്ദേഹത്തിൻെറ ആശങ്ക. അരമനയോടനുബന്ധിച്ച അടിമകളിലാരെങ്കിലും കുസൃതി കാണിക്കുന്നുണ്ടോയെന്നു് അദ്ദേഹം അവിടെയും ഇവിടെയും ഉററുനോക്കി. ആരെയും നോക്കിയയിടത്തെങ്ങും കണ്ടില്ല. ഗ്രന്ഥാലയത്തിനു സമീപമുണ്ടായിരുന്ന അദ്ദേഹത്തിൻെറ കിടപ്പുമുറിയിലെ പിത്തളവിളക്കുകളിൽ എണ്ണയൊഴിച്ചു് ശരിയാക്കുന്ന ജോലിയിൽ ക്ലൊയെദാസി ഏർപ്പെട്ടിരിക്കുകയായിരുന്നു. മുറി ചൂടുപിടിക്കുവാൻ വേണ്ടി വിളക്കുകൾ സദാ എരിഞ്ഞുകൊണ്ടിരിക്കണമെന്നായിരുന്നു ചട്ടം. ആകയാൽ ആ ചേടിയുടെ ജോലിയിൽ ആക്ഷേപാർഹമായി ഒന്നുമുണ്ടായിരുന്നില്ല. എങ്കിലും സ്വന്തം സുഖം ലാക്കാക്കി നടന്ന ആ ജോലിപോലും പീലാത്തോസിനു രസിച്ചില്ല. "ഇട്ടുംവെച്ചു് പോ. പുകയും മണവുംകൊണ്ടു മുറി നിറയുന്നു. ചൂടുണ്ടാകുന്നുമില്ല." ഈ വാക്കുകൾ കേട്ട ഉടൻ ആ അടിമപ്പെണ്ണ് ഭത്സനമേററ കൊച്ചുകുട്ടിയെപ്പോലെ നമ്രമുഖിയായി മുറിയിൽനിന്നിറങ്ങിപ്പോയി. ക്ലോയെയുടെ ഈ പെരുമാററം പീലാത്തോസിൻെറ കോപം വർദ്ധിപ്പിക്കുകയാണു ചെയ്തതു്. അവൾ യാതൊന്നും പറയാതെ പോയതെന്തുകൊണ്ടു്? വല്ല ഉത്തരവും നൽകിയെങ്കിൽ അവളെ ശാസിക്കുകയോ ചാട്ടകൊണ്ടു് അടിക്കുകയോ ചെയ്യാമായിരുന്നു. അങ്ങനെ കോപശാന്തിയും സംഭവിച്ചേനെ. പീലാത്തോസിൻെറ അനന്തരശ്രമം ഗ്രന്ഥപാരായണത്തിനായിരുന്നു. അതും ഫലിച്ചില്ല. പിന്നീടദ്ദേഹം ഓരോന്നു ചിന്തിച്ചുതുടങ്ങി. ചിന്തിച്ചു് ചിന്തിച്ചു് നിരാശയിലെത്തി. തന്നെ കാര്യമായി കരുതുവാനാരുമില്ലെന്നും, ക്ലാവുദിയായും, മറിയായും പോലും തന്നെ പുറംതള്ളിയിരിക്കുകയാണെന്നും അദ്ദേഹം ബോധിച്ചു. ആ നസ്രത്തുകാരനാണവരെ തന്നിൽനിന്നകററിയതു്. ആ യഹൂദഭിക്ഷുവിൻെറ പിന്നാലെ അവർ ഓടിനടക്കുന്നതിൻെറ രഹസ്യം പീലാത്തോസിനു് മനസ്സിലായില്ല. ഇങ്ങനെ അരമണിക്കൂർ കഴിച്ചശേഷം ചിന്തയും സംശയവുമെല്ലാം തട്ടിമാററി അയാൾ ക്ലാവുദിയായുടെ മുറിയിലേക്കു നടന്നു. മഗ്ദലാമറിയയെ കൂടാതെ അരിമത്ത്യൻ ജോസഫും ക്ലാവുദിയായുടെ മുറിയിൽ ഉണ്ടായിരുന്നു. പീലാത്തോസ് മുറിയിൽ പ്രവേശിക്കുകയിൽ ജോസഫ് എണീററു് മിത്രോചിതമായ ഉപചാരത്തോടുകൂടി പ്രൊക്കുറേറററെ അഭിവദിച്ചു.

"അടുത്തകാലത്തു് ഇവിടെ കൂടെക്കൂടെ സന്ദർശനം നടത്താതിരുന്ന മിത്രജനങ്ങളെ ഇപ്പോൾ ഇവിടെ കാണുന്നതിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. വന്ദനങ്ങൾ! മറിയയ്ക്കു്, ജോസഫേ, നിങ്ങൾക്കും. നിങ്ങളിരുവരേയും കാണുക എനിക്കു ഉപകാരപ്രദമാണ്" എന്നിങ്ങനെ പീലാത്തോസ് വലിച്ചുനീട്ടിയ സൗഹൃൽഭാവത്തോടുകൂടി സംസാരിച്ചു.

"പ്രൊക്കുറേററർ, അങ്ങു വളരെ ഔദാര്യവാനാണ്. ഉൽകൃഷ്ടയായ ക്ലാവുദിയാ ഞങ്ങൾ അല്പനേരമിവിടെയിരിക്കണമെന്നാവശ്യപ്പെട്ടു."

"എൻെറ അനാഹൂതപ്രവേശം അനിഷ്ടകാരണമല്ലല്ലോ" ഇത്രയും പറഞ്ഞിട്ടു് വിഷയബന്ധമില്ലാതെ പീലാത്തോസ് ചോദിച്ചു; നിങ്ങളുടെ പൂർവ്വമിത്രം ബറാബാസിൻെറ സൗഖ്യസ്ഥിതിയെപ്പററി അന്വേഷിക്കുവാൻ ഭാവമില്ലേ? അല്പം മുൻപു് ഞാൻ അയാളുമായി സംസാരിച്ചു."

"പ്രൊക്കുറേററർ തമാശ് പറയുന്നല്ലോ. അയാൾ ഞങ്ങളുടെ മിത്രമല്ലന്നങ്ങേക്കറിയാം. ഏതായാലും അയാൾ സംസാരവിഷയമായസ്ഥിതിക്കു് ഞാൻ പറയുകയാണ്. ബറാബാസിൻെറ കാര്യം സംബന്ധിച്ചു് യഹൂദജനങ്ങളുടെയിടയിൽ സ്വല്പം അമർഷം ഉണ്ടായിട്ടുണ്ടെന്നറിയിക്കുവാൻ അങ്ങു് എന്നെ അനുവദിക്കുമോ?" സഗൗരവം ജോസഫ് പ്രസ്താവിച്ചു.

"ക്രൂരനായ ഒരു കൊലപാതകിയുടെയും കവർച്ചക്കാരൻെറയും പേരിൽ യഹൂദജനങ്ങൾക്കു് സഹതാപമുണ്ടെന്നുള്ള സമ്മതമായിട്ടാണോ ഇതു് പറയുന്നതു്?" വിസ്മയഭാവം നടിച്ചുകൊണ്ടു് പീലാത്തോസ് ചോദിച്ചു.

ജോസഫ് പ്രശാന്തത വിടാതെ മറുപടി പറഞ്ഞു: "അങ്ങനെയല്ലാ, പ്രൊക്കുറേററർ. ബാറാബാസിനെ ഒരു കോലമായി വിനോദരംഗത്തിറക്കിയതു് യഹൂദന്മാർക്കാസകലം അപമാനകരമായി ജനങ്ങൾ കരുതി."

"പുരോഹിതന്മാർക്കതൊരു ഗുണപാഠമായി തീരുമെന്നാണ് എൻെറ ശരണം. എങ്ങിനെയായാലും ബറാബാസിൻെറ സംഗതി ഞാൻ എന്നന്നേക്കുമായി തീരുമാനിച്ചു കഴിഞ്ഞു. മൂന്നു ദിവസത്തിനകം അവൻ കുരിശേറി മരിക്കും. ഉത്സവദിനങ്ങളിൽ അവൻ ഒരു കാഴ്ചവസ്തുതന്നെ ആയിരിക്കും.

"ഭയങ്കരം!" കയ്പത്തികൊണ്ടു് മുഖം പൊത്തി മറിയ ഉച്ചരിച്ചു. "എന്തുകൊണ്ടു്? ആ മനുഷ്യൻ ഒട്ടുവളരെ പ്രാവശ്യം ആവർത്തിച്ച ഒരു ഘാതകനായിരുന്നു, മറിയം. ഞാൻ അയാൾക്കു് വധശിക്ഷ കല്പിച്ചതിനു നിങ്ങൾ എന്നെ സ്തുതിക്കുകതന്നെ വേണം. നിങ്ങളുടെ വി. ലിഖിതങ്ങൾ പ്രസ്താവിക്കുന്നതുപോലെ കണ്ണിനു കണ്ണും, പല്ലിനു പല്ലും." പ്രൊക്കുറേറററുടെ ആക്ഷേപസൂചകമായ വീക്ഷണം മറിയയുടെ മുഖത്തു തട്ടി. അലംകൃതമായ ആ വിശാലശാല പെട്ടെന്നു് ഒരു ശവക്കല്ലറപോലെ അനായതവും ശൂന്യവും അനാകർഷകവുമായി അവൾക്കു തോന്നി. തലതാഴ്ത്തി മന്ദസ്വരത്തിൽ അവർ പറഞ്ഞു: "മനുഷ്യരെ വിധിക്കുവാൻ അധികാരം ദൈവത്തിനു മാത്രമാണ്. അവരെ സ്നേഹിക്കുകയത്രെ നമ്മുടെ ധർമ്മം."

പീലാത്തോസ് പൊട്ടിച്ചിരിച്ചു; കണ്ണുകടുവായ ഒരു വ്യാജച്ചിരി. "ദണ്ഡനത്തിനുള്ള എൻെറ അധികാരം ഉപേക്ഷിച്ചാൽ അഗസ്റ്റസ് ഒരുപക്ഷേ ദയാപുരസ്സരം എനിക്കു് നന്ദിപറഞ്ഞേക്കാം. ഏതായാലും നിങ്ങൾക്കൊക്കെ ഈ ചിന്താക്കുഴപ്പമുണ്ടാകുന്നതു് നിങ്ങൾ വളരെ ഉത്സാഹത്തോടുകൂടി കേൾക്കാറുള്ള ആ നസ്രായൻെറ പ്രസംഗത്തിൽ നിന്നു തന്നെയാണ്."

"കുഴപ്പമോ? ഗുരുവിൻെറ പ്രസംഗത്തിൽ യാതൊരു കുഴപ്പവുമില്ല. അതിനേക്കാൾ കുഴപ്പം കുറഞ്ഞതും വിശദവുമായ ഒരുപദേശം ഇല്ലതന്നെ. ദൈവത്തെ സ്നേഹിക്കണമെന്നും അയൽവാസിയെ സ്നേഹിക്കണമെന്നുമുള്ള ഉപദേശത്തേക്കാൾ ലളിതമായ ഒരുപദേശം ഉണ്ടാകുവാനുണ്ടോ?"

"വിശദവും ലളിതവുമോ? എനിക്കങ്ങനെ തോന്നുന്നില്ലാ. ആലോചിച്ചുനോക്കൂ. ഈ അയൽവാസിസ്നേഹംതന്നെ സാക്ഷാൽ സ്നേഹത്തിനുള്ള രംഗത്തെ നശിപ്പിക്കുന്നതാകുന്നു. സ്നേഹം പലർക്കായി വിഭജിച്ചാൽ ഒരുവൻെറ ഓഹരി വളരെ തുഛമായിരിക്കും." പീലാത്തോസ് അഭിപ്രായപ്പെട്ടു. മറിയയുടെ കണ്ണുകൾ തിളങ്ങി. അവർ ആത്മാർത്ഥതയോടെ സംസാരിച്ചു: "സ്നേഹം ഒരു ദീപംപോലെയാണ്. ആയിരങ്ങളും പതിനായിരങ്ങളുമായി മററു ദീപങ്ങൾ അവയുടെ അഗ്നി ആ ദീപത്തിൽനിന്നു എടുത്താലും അതു മുമ്പേപോലെ പ്രകാശിക്കുന്നു. ദാനംകൊണ്ടതിനു ന്യൂനത ഭവിക്കുന്നില്ല, എന്തെന്നാൽ പ്രകാശം ദൈവത്തിൽനിന്നുള്ളതാകുന്നു."

ഈ വാക്കുകളെ തുടന്നു് അവിടെ നിശ്ശബ്ദത വ്യാപിച്ചു; അവയ്ക്കു ശേഷം സാധാരണ ഉപചാരഭാഷണത്തിൽ ഏർപ്പെടുക അസാദ്ധ്യം എന്ന മട്ടിൽ ക്ലാവുദിയാ കസാരയിൽ ചാരിയിരുന്നു് മൂടുപടത്തോടുകൂടിയ മുഖം വിദൂരതയിലേക്ക് തിരിച്ചു. ജോസഫാകട്ടെ ചലിച്ചുകൊണ്ടിരുന്ന സ്വകരങ്ങൾ മടിയിൽ ഒതുക്കി തറയിലേക്കു തുറിച്ചുനോക്കി. വികാരത്തള്ളലാൽ ശ്വാസവേഗതയിലാണ്ട മറിയയുടെ നേർക്ക് പ്രൊക്കുറേററർ വിസ്മയഭരിതനായി നോക്കിക്കൊണ്ടിരുന്നു. മറിയയാ, മുകളിൽനിന്നു് പ്രകാശം സ്വീകരിക്കുന്ന സമ്പ്രദായത്തിൽ ഊർദ്ധദൃഷ്ടിയായി കാണപ്പെട്ടു. "അഹൊ മറിയം, ഭവതിയുടെ സൗന്ദര്യധാമം" എന്നുരുവിടുവാൻ പീലാത്തോസിനു തോന്നി. പക്ഷേ, സഭ്യേതരങ്ങളായ ആ വാക്കുകൾ മറിയയുടെ ഉൽക്രോശാനന്തരം സംഭ്രുതമായ പരിശുദ്ധാന്തരീക്ഷത്തിൽ ഉച്ചരിക്കുവാൻ അദ്ദേഹത്തിനു ധൈര്യം ഉണ്ടായില്ല.

നിശ്ശബ്ദതയ്ക്കിടയിൽ അടിമകളുടെ മേൽവിചാരിപ്പുകാരൻ മുറിയിൽ പ്രവേശിച്ചു്, ക്ലാവുദിയായെ സമീപിച്ചു് ഏതോ മന്ത്രിച്ചു. ക്ലാവുദിയാ സന്തോഷപൂരിതയായി. ജോസഫിൻെറനേരെ തിരിഞ്ഞു് അവൾ പറഞ്ഞു, "റോസാച്ചെടിയുടെ ചില ബീജാങ്കുരങ്ങൾ ലാസൃത്തിൽനിന്നു വന്നിട്ടുണ്ടു്. ഞാൻ അവയെപ്പററി ഒരിക്കൽ പറഞ്ഞതു് ജോസഫ് ഓർമ്മിക്കുന്നുണ്ടല്ലോ. വലിയ മരത്തൊട്ടികളുണ്ടാക്കി അവയെ പുറത്തളത്തിൽ നട്ടുപിടിപ്പിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. അവ കാണുവാൻ എൻെറകൂടെ വരുന്നോ?"

ജോസഫ് ആംഗ്യത്താൽ സമ്മതമറിയിച്ചു. അനന്തരം എണീററു് ക്ലാവുദിയായുമൊരുമിച്ചു മേൽവിചാരിപ്പുകാരൻെറ കൂടെ പുറത്തേക്കു പോയി. പീലാത്തോസും മറിയയും മാത്രം മുറിയിൽ അവശേഷിച്ചു.

ദിനപ്രകാശം ക്ഷയിച്ചുതുടങ്ങി. പുറത്തളത്തിൽനിന്നുള്ള ശബ്ദങ്ങൾ വിശദമായിട്ടല്ലെങ്കിലും മുറിയിൽ കേൾക്കാമായിരുന്നു. ആ മുറിയിൽ പ്രൊക്കുറേറററുടെ കൂടെ താൻമാത്രമേ ഉണ്ടായിരുന്നുള്ളു എന്ന വസ്തുത ചിന്താനിമഗ്നയായ മറിയ അറിഞ്ഞതേയില്ല. പക്ഷേ അപ്രതീക്ഷിതമായി അവർ പ്രൊക്കുറേറററുടെനേക്കു മുഖം തിരിക്കുകയും, അദ്ദേഹത്തെ കാണുകയും ചെയ്യേണ്ടതായി വന്നു.

പ്രൊക്കുറേററർ മറിയയുടെ അടുക്കലേക്കു് അവരെ തൊട്ടതൊ

[ശേഷം 11-ംപേജിൽ]

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V. PRODUCTS, IRINJALAKUDA


നിങ്ങളുടെ ഇടപാടുകളുടെ കണക്ക് ശരിയായി സൂക്ഷിക്കുന്നതിനു് എളുപ്പമുള്ള ഈ മാർഗ്ഗം സ്വീകരിക്കുക

വിവേകമതികളായ വ്യവസായികൾക്ക് പാലാ ബാങ്കിൽ ഒരു കറൻറ് കണക്കുള്ളതുകൊണ്ടുള്ള പ്രയോജനം അറിയാം. നിങ്ങളുടെ പണം സുരക്ഷിതമായിരിക്കും. കൊടുക്കൽ വാങ്ങലുകൾ ചെക്കുകൾ മുഖേന നിർവ്വഹിക്കാം. ബാങ്കിൽ നിന്നും ലഭിക്കുന്ന പാസ്സ്ബുക്കിൽ നിങ്ങൾ നടത്തിയിട്ടുള്ള സകല പണമിടപാടുകളുടേയും രഹസ്യമായ ഒരു കണക്കുണ്ടായിരിക്കും.

"ആധുനിക വ്യവസായികൾക്ക് ബാങ്കുകൾ ചെയ്യുന്ന സേവനങ്ങൾ" എന്ന ഞങ്ങളുടെ ലഘു ഗ്രന്ഥത്തിൻെറ ഒരു പ്രതി സൌജന്യമായി ആവശ്യപ്പെടുക.

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ESTD. 1927

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

## ചെറുകഥ

# "വികാരിയച്ചൻ"

(മാത്യു പുളിക്കൽ)

അന്നൊരു ഞായറാഴ്ചയായിരുന്നു. നേരം സന്ധ്യയോടടുത്തു. പതിവുപോലെ ദിവ്യനാഥനുമായി പത്തുമിനിട്ടു സല്ലപിക്കാമെന്നു കരുതി ഞാൻ ദേവാലയത്തിൽ പ്രവേശിച്ചു. ഏതാനും നിമിഷങ്ങൾക്കുശേഷം, ആരോ എൻെറ പക്കലേക്കു വരുന്നതായി എനിക്കു തോന്നി. അതു വികാരിയച്ചനായിരുന്നു.

"ബ്രദർ, ഉടൻ തന്നെ അല്പം അകലെയുള്ള ഒരു രോഗിയെ പോയി സന്ദർശിച്ചിട്ടു വരു. പത്രോസെന്നാണയാളുടെ പേരു്," അദ്ദേഹം എന്നോടു പറഞ്ഞു.

ആ പ്രദേശം എനിക്കു നല്ല പരിചയമില്ലാതിരുന്നതിനാൽ വഴികാട്ടിയായി പള്ളിയിലെ കപ്യാരെക്കൂടി എന്നോടൊന്നിച്ചു് അദ്ദേഹം അയച്ചു. കടൽപ്പുറത്തുകൂടി പോകുന്നതായിരിക്കും നല്ലതെന്നു് അയാൾ പറഞ്ഞതനുസരിച്ചു്, ഞങ്ങളിരുവരും കടൽപ്പുറത്തിറങ്ങി ധ്രുതിയിൽ നടന്നുതുടങ്ങി. വഴിയിൽ ഞാൻ ആ രോഗിയെപ്പററിയുള്ള വിവരങ്ങൾ എൻെറ കൂടെയുണ്ടായിരുന്നയാളിനോടു ചോദിച്ചു.

"എൻെറ ബ്രദറെ, അതൊരു നീണ്ട കഥയാണു്." അയാൾ പറഞ്ഞു.

"കൊള്ളാം. കേൾക്കട്ടെ" ഞാൻ ജിജ്ഞാസ പ്രദർശിപ്പിച്ചു.

"അയാളെ "വികാരിയച്ചൻെറ പത്രോസുചേട്ടൻ" എന്നാണു് ആളുകൾ വിളിക്കാറു്." അയാൾ ആരംഭിച്ചു.

"അയാളൊരുഹിന്ദുവായിരുന്നു. ദാമോദരൻ മുതലാളിയെന്നു കേട്ടാൽ ഈ നാട്ടുകാർക്കു് ബഹുഭയമായിരുന്നു. നമ്മുടെ പള്ളിയുടെ വടക്കുവശത്തെ ആ ഒററനിലകെട്ടിടത്തിലാണു് അയാൾ താമസിച്ചിരുന്നതു്. ഏകദേശം നൂററിഅൻപതു മീൻപിടുത്തക്കാർ അയാളുടെ കീഴിൽ ജോലി ചെയ്തിരുന്നു. അവരുടെ അദ്ധ്വാനത്തിൻെറ ഫലമാണു് അയാളുടെ ആ കെട്ടിടം. ആ പാവങ്ങളെ ഞെക്കിപ്പിഴിഞ്ഞാണു് അയാൾ പണക്കാരനായതു്.

"നമ്മുടെ അച്ചനെ കാണുന്നതുതന്നെ അയാൾക്കു വലിയ ദേഷ്യമായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു് നമ്മുടെ അനാഥാലയത്തിനുവേണ്ടി അച്ചൻ പണപ്പിരിവു നടത്തിയതു്. അച്ചൻ അയാളുടെ പക്കലും പിരിവിനു ചെന്നു. അന്നു ഞാനുമുണ്ടായിരുന്നു അച്ചൻെറ കൂടെ. അയാൾ പണമില്ലെന്നു പറഞ്ഞു് അച്ചനെ തിരിച്ചയക്കാൻ ശ്രമിച്ചു. നാലണയെങ്കിലും കൊടുത്തു് പേരു് സംഭാവനചെയ്യുവരുടെ ലിസ്റ്റിൽ എഴുതിക്കണമെന്നു് അച്ചൻ യാചിച്ചു. അയാൾക്കു ദേഷ്യം വന്നു.

"ഇറങ്ങു, പടിക്കു പുറത്തു്, അതുമിതും പറഞ്ഞു പണം പിരിച്ചു ധൂർത്തടിക്കുന്നവർ; എൻെറ കൈയിൽ പണമില്ല."

"എൻെറ ബ്രദറെ! ഞാൻ ഇടിവെട്ടേററപോലെ നിന്നുപോയി. വികാരിയച്ചൻ ഒന്നു പുഞ്ചിരിച്ചു. ഞങ്ങളിരുവരും ഉടൻതന്നെ അവിടെ നിന്നിറങ്ങി. അതിൻെറ പത്താംദിവസം അയാളുടെ ചെമ്മീൻകൂടത്തിനു യാദൃച്ഛികമായി തീ പിടിച്ചു. അയാൾ അച്ചനെ ചേർത്തു കേസുകൊടുത്തു. വെന്തുനശിച്ചകൂട്ടത്തിൽ, ഗൃഹപ്പിഴയ്ക്കു് അവിടെ കാവൽ കിടന്നിരുന്ന ഒരാളും! അതേതുടർന്നു് അയാളും പല പ്രാവശ്യം കച്ചേരിയിൽ കയറി. അച്ചൻെറ പേരിലെ അന്യായം തെളിവില്ലാതെ തള്ളിപ്പോയി. അയാളാണെങ്കിൽ കൈക്കൂലി കൊടുത്തു കൊടുത്തു മുടിഞ്ഞു. പറമ്പും പുരയിടവും വിററു. ഒടുവിൽ ഒരുവിധം ജയിലിൽ കയറാതെ രക്ഷപ്പെട്ടു.

"തീ പിടുത്തം കഴിഞ്ഞു് രണ്ടു കൊല്ലങ്ങൾക്കുശേഷം നാം ഇപ്പോൾ കാണുന്ന കുടിലിൽ അയാൾ താമസമാക്കി. അയാളെന്തു ചെയ്യും? അയാളുടെ കീഴിൽ ജോലിചെയ്തിരുന്നവരുമായി കടലിലിറങ്ങുവാൻ അയൾ മടിച്ചു. ഒരു പക്ഷേ, എല്ലും തോലും മാത്രം ശേഷിച്ച അമ്മയും ഭാര്യയും രണ്ടു കുഞ്ഞുങ്ങളും...കത്തിയെരിയുന്ന വയർ...തുറിച്ചു നോക്കുന്ന രോഗങ്ങൾ...

"അയാൾ കടലിലിറങ്ങി...അയാളും ഒരു മുക്കുവതൊഴിലാളിയായി...കഷ്ടിച്ചു കഴിഞ്ഞുകൂടുവാനുള്ള വകയെ അയാൾക്കു കിട്ടിയിരുന്നുള്ളു. അതിനാൽ കുടിലിൻെറ തറവാടക ഒന്നരരൂപാ കൊടുക്കുവാൻ അയാൾക്കു സാധിച്ചില്ല. ഓരോ മാസംതോറും വാടക വർദ്ധിച്ചുവന്നു. കഴിഞ്ഞവർഷത്തിൽ സ്ഥലമുടമസ്ഥൻ വാടക ചോദിച്ചു. അയാളൊന്നും മിണ്ടിയില്ല. രണ്ടരവർഷം. നാല്പത്തഞ്ചു രൂപാ. അയാളെവിടുന്നുണ്ടാക്കും?...

"ഉടമസ്ഥൻ കേസു കൊടുത്തു. പോലീസുകാർ ആ കുടിലിലെത്തി. കൂട്ടനിലവിളിയും കരച്ചിലും! അയൽക്കാർ ഓടിയെത്തി.... പോലീസുകാർ അയാളെ കൊണ്ടുപോയി. വികാരിയച്ചൻ വിവരമറിഞ്ഞു...ആ സാധുകുടുംബത്തിൻെറമേൽ അലിവുതോന്നി, അദ്ദേഹം ഉടനെ സ്റ്റേഷനിലെത്തി.

"അച്ചനെ കേസിൽ പിടിപ്പിച്ച ഇവനുവേണ്ടി അച്ചനെന്തിനാ വന്നതു്?" ഒരു പോലീസുകാരൻ ചോദിച്ചു.

"അദ്ദേഹമൊന്നും മിണ്ടിയില്ല. ദാമോദരനെ ജാമ്യത്തിലിറക്കി. കുറച്ചു പണം കൊടുത്തു കേസും പിൻവലിപ്പിച്ചു. അങ്ങിനെ അയാൾ രക്ഷപെട്ടു." അയാൾ നിത്തി.

"പക്ഷേ, അയാൾ ക്രിസ്ത്യാനിയായ കാര്യം...?" ഞാൻ ചോദിച്ചു.

"ഓ...അതു രസമാണു്. ഒരു ദിവസം രാവിലെ അച്ചൻ കുർബാന കഴിഞ്ഞു വരുമ്പോൾ ദാമോദരൻ വാതുക്കൽ നിൽക്കുന്നു. അച്ചനെ കണ്ട ഉടൻ അയാൾ കാലിൽ കെട്ടിപ്പിടിച്ചു് ഒരു കരച്ചിൽ! അച്ചൻ അയാളെ പിടിച്ചെഴുന്നേല്പിച്ചു. അയാൾ തൻെറ കഴിഞ്ഞ കാലത്തെ സകല പ്രവൃത്തികൾക്കും മാപ്പപേക്ഷിച്ചു.... അച്ചൻ അയാളെ ആശ്വസിപ്പിച്ചു. കുശലങ്ങളന്വേഷിച്ചു. ശരിയായി ആഹാരം കഴിച്ചിട്ടു് വളരെ ദിവസങ്ങളായി എന്നു് അയാൾ പറഞ്ഞു.

"അച്ചാ, എനിക്കു നാലണ തരണം." അയാൾ കരയുകയായിരുന്നു. "എൻെറ കുഞ്ഞുങ്ങൾക്കു് കപ്പ വാങ്ങി കൊടുക്കാൻ..."

ഏകദേശം അഞ്ചു വർഷങ്ങൾക്കു മുൻപു് നാലണയ്ക്കുവേണ്ടി യാചിച്ച ആ ക്രിസ്തുവിൻെറ അപ്പസ്തോലനെ ആട്ടിയിറക്കിയ അയാൾ!...വികാരിയച്ചൻ മുറിക്കകത്തേക്കു കയറി. രണ്ടുരൂപയുടെ ഒരു നോട്ടെടുത്തു് അയാൾക്കു നീട്ടി "ഇതാ...." അദ്ദേഹം പറഞ്ഞു "ഇന്നെങ്കിലും നന്നായി ആഹാരം കഴിക്കൂ!"

"അയാൾ ഇരുകൈകളും നീട്ടി അതു വാങ്ങി."

ക്രൈസ്തവസാഹോദര്യത്തിൻെറ മുൻപിൽ ആ ഗർവ്വിഷ്ടൻ ചൂളിപ്പോയി. സ്നേഹമെന്തെന്നു് ലോകത്തെ പഠിപ്പിച്ച ത്യാഗസമ്പന്നനായ ക്രിസ്തുവിൻെറ ആ വിനീത അനുയായിയുടെ മുൻപിൽ, നിറഞ്ഞ നേത്രങ്ങളോടുകൂടി അയാളിരന്നു.

അന്നു വൈകുന്നേരം അയാൾ വീണ്ടും അച്ചൻെറഅടുക്കൽ വന്നു "അച്ചാ എനിക്കൊരു ക്രിസ്ത്യാനിയാകണം"

മിഷനറിയുടെ ഹൃദയാകർഷകമായ നിർമ്മലസാഹോദര്യത്തിൻെറ മുൻപിൽ മനുഷ്യഹൃദയങ്ങൾ ഓടിക്കൂടുന്നു.

"കഴിഞ്ഞ ക്രിസ്തുമസ്സിനു് അയാൾ ജ്ഞാനസ്നാനം സ്വീകരിച്ചു. പത്രോസെന്നാ പേരു്" എൻെറ കൂട്ടുകാരൻ അവസാനിപ്പിച്ചു. ഞാനൊന്നു നിശ്വസിച്ചു.

കഥയിലുണ്ടായിരുന്ന ശ്രദ്ധകൊണ്ടു് സമയം പോയതറിഞ്ഞില്ല. എങ്ങും കൂരിരുൾ. പെട്ടെന്നു് അയാളെന്നോടു പറഞ്ഞു: "ബ്രദറെ, നാം സ്വല്പം കൂടുതൽ ദൂരം നടന്നിരിക്കുന്നു. എന്താ ചെയ്യുക?"

"സാരമില്ല! തിരിഞ്ഞു നടക്കാം" ഞാനുപദേശിച്ചു. ഒരു മിഷ്യനറിയായതിലുണ്ടായ ആദ്യത്തെ അനുഭവം. പക്ഷേ, ഈ നടപ്പുകൊണ്ടു് ഒരാത്മാവിനെ രക്ഷിക്കുവാൻ പര്യാപ്തമാകുമെങ്കിൽ... ഞാനോർത്തു.

ഏകദേശം എട്ടുമണിയോടുകൂടി ഞങ്ങൾ കുടിലിലെത്തി. ഓലമേഞ്ഞ ഒരു ചെററപ്പുര. ഞങ്ങൾ അകത്തുകടന്നു. രണ്ടു മുറികളും ഒരടുക്കളയും. അടുപ്പിൽ തീയെരിഞ്ഞിട്ടുള്ള യാതൊരു ലക്ഷണവുമില്ല! കൂരിരുട്ടായിരുന്നതുകൊണ്ടു് മേൽക്കൂരയുടെ വിടവുകൾ അത്ര എളുപ്പത്തിൽ മനസ്സിലാക്കുക സാദ്ധ്യമല്ല.

ഞാൻ രോഗി കിടന്നിരുന്ന മുറിയിൽ പ്രവേശിച്ചു. ബലിഷ്ഠകായനായ ഒരാൾ ഒരു കീറപ്പായിൽ തലയിണപോലുമില്ലാതെ നീണ്ടു നിവന്നു കിടക്കുന്നു. അയാളുടെ ശരീരം മുഴുവൻ നീരുവന്നുവീങ്ങിയിരിക്കുന്നു. ആകെക്കൂടി ഭയാനകമായ ഒരു കാഴ്ച!

സമീപെ അയാളുടെ ഭാര്യയും മാതാവും ഇരിപ്പുണ്ടു്. രണ്ടു കുഞ്ഞുങ്ങൾ അവരുടെ സമീപത്തു കിടന്നുറങ്ങുന്നു. ഒരു മണ്ണെണ്ണ വിളക്കു്, എപ്പോഴാണു് അണയേണ്ടതെന്നു ഭാവിച്ചാണെന്നു തോന്നുന്നു, ഇടയ്ക്കിടെ കണ്ണു ചിമ്മുന്നു. ഒരു വല്ലാത്ത നിശ്ശബ്ദത! ഞാനാണതു ഭേദിച്ചതു്.

"അദ്ദേഹം ഉറങ്ങുകയാണോ?" ഞാൻ ചോദിച്ചു.

"അല്ല." അദ്ദേഹത്തിൻെറ ഭാര്യ മറുപടി പറഞ്ഞു.

"എന്തു മരുന്നാണു കഴിക്കുന്നതു്?"

"വികാരിയച്ചൻ കൊടുത്തയച്ചതാണു്."

"കൊള്ളാം. ഇപ്പോളെങ്ങിനെയിരിക്കുന്നു?"

"കൊറവൊന്നുമില്ല."

ഞാൻ ആ പായിൽ രോഗിയുടെ സമീപം ഇരുന്നു് അയാളുടെ കൈയിൽ തലോടി. അയാൾ കണ്ണു തുറന്നു.

"ഈശോമിശിഹായ്ക്കു്..." അയാൾ കൈകൂപ്പി.

"എപ്പോഴും എപ്പോഴും..." ഞാൻ പ്രതിവചിച്ചു.

"അച്ചാ, ഞാനൊരു...മഹാപാപിയാണു്.....നന്ദികെട്ടവനാണു്."

മനുഷ്യനാവുകളിൽനിന്നും കേൾക്കുവാൻ ഏററം വിഷമമുള്ള ഒരു പരമാർത്ഥം...അങ്ങിനെ മുക്കിയും മൂളിയും പാപങ്ങളുടെ ഒരു വലിയ പട്ടിക അയാൾ എന്നെ കേൾപ്പിച്ചു. ഒരു കുഞ്ഞിനെപ്പോലെ അയാൾ കരയുന്നുണ്ടായിരുന്നു.

"എൻെറ...വികാരിയച്ചൻ...അങ്ങേരില്ലായിരുന്നെങ്കി......ഞാൻ...ജേലിൽ..."അയാൾക്കതു പൂർത്തിയാക്കാൻ സാധിച്ചില്ല.

അയാളൊരു "പത്രോസു"തന്നെയാണു്. ദിവ്യനാഥനോടൊരുമിച്ചു് നടക്കുകയും, ഭുജിക്കുകയും അവിടുത്തെ അമൃതവചനങ്ങളാൽ പരിപോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടും, അവസാനസമയത്തു് അവിടുത്തെ മൂന്നുപ്രാവശ്യം ഉപേക്ഷിച്ച ശിഷ്യപ്രധാനനെ ഞാൻ സ്മരിച്ചു. മനുഷ്യൻ നിസ്സഹായനാണു്....അവൻെറ ജീവിതം ആശകളുടെ സമാഹാരമാണു്...പക്ഷേ...

പാവം പത്രോസ്! അയാൾ എഴുന്നേൽക്കാൻ വയ്യാ. കുടിക്കുവാൻ കഞ്ഞിയോ, ഉടുക്കുവാൻ വസ്ത്രമോ ഇല്ലാതെ വലയുന്ന ഒരു ജീവിതം. അയാളുടെ നിസ്സഹായതയിൽ ആ കുടിലിലെത്തിനോക്കുവാൻ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു—വികാരിയച്ചൻ!

കരയുന്നതിനിടയ്ക്കു് അയാൾ ചോദിച്ചു: "അച്ചാ! ഞാൻ രക്ഷപെടുമോ?"

ഞാനൊന്നു ഞെട്ടി! ഒരാത്മാവിൻെറ വിധിപറയുക. ദൈവശാസ്ത്രത്തിൻെറ ആദ്യക്ഷരങ്ങൾപോലും വശമില്ലാതിരുന്ന ഒരു വൈദികവിദ്യാർത്ഥിമാത്രമായിരുന്ന ഞാൻ എന്തു മറുപടി പറയും......? പക്ഷേ ദൈവം അനന്തനന്മയല്ലേ?

പാപിനിയായ മഗ്ദലയിലെ മേരിയെ, ഒരു നിമിഷംകൊണ്ടു പുണ്യവതിയാക്കിമാററിയ ദിവ്യനാഥനെ ഞാൻ സ്മരിച്ചു. സ്വപിതാവിനെ ധിക്കരിച്ചു് സ്വാഭിലാഷങ്ങളുടെ പരിപൂർത്തിക്കുവേണ്ടി വീടും നാടും ഉപേക്ഷിച്ചു് ഒടുവിൽ സർവ്വവും നശിപ്പിച്ചു്, നിർദ്ധനനായി മടങ്ങിയെത്തിയ ധൂർത്തപുത്രനെ മാറോടണച്ച സ്നേഹമൂർത്തിയായ പിതാവിനെപ്പോലെയാണു് ദൈവമെന്നു് ലോകത്തെ അറിയിച്ച ആ കാരുണ്യമൂർത്തി ഈ നിസ്സഹായനെ രക്ഷിക്കുകയില്ലേന്നോ?

ഞാൻ ധൈര്യത്തോടെ പറഞ്ഞു: "തീർച്ചയായും. പത്രോസുചേട്ടൻ ധൈര്യമായിരിക്കൂ."

കൊലയും കൊള്ളിവയ്പും ജീവിതലക്ഷ്യമാക്കി നടന്ന നല്ല കള്ളനോടു് "നീ ഇന്നു എൻെറ കൂടെ പറുദീസായിലിരിക്കും" എന്നു തിരുവാമൊഴിഞ്ഞ യേശുനാഥനെപ്പററി ഞാനയാളോടു പറഞ്ഞു.

അയാളുടെ മുഖം പ്രസന്നമായി. ഒരു പ്രശാന്തത. അയാൾ പറഞ്ഞു: "അച്ചാ...മരണത്തെ... ഞാൻ ഭയപ്പെടുന്നില്ല...എൻെറ .....കുഞ്ഞുങ്ങൾ....അവരെ....വികാരിയച്ചൻ ...നോക്കിക്കൊള്ളും ....എൻെറയീശോ.....എന്നോടു് ക്ഷമിക്കണേ."

വളരെനേരത്തേക്കു് അയാളൊന്നും ശബ്ദിച്ചില്ല. സമയം അതിക്രമിക്കുന്നെന്നു് എനിക്കു മനസ്സിലായി. പക്ഷെ അയാളെ വിട്ടുപോകുവാൻ എനിക്കു മനസ്സുവന്നില്ല. എങ്കിലും ഞാൻ യാത്ര ചോദിച്ചു.

"അച്ചാ! എനിക്കുവേണ്ടി..... പ്രാർത്ഥിക്കണേ." അയാൾ യാചിച്ചു.

"തീർച്ചയായും"ഞാൻ പറഞ്ഞു.

"എൻെറ...വികാരിയച്ചൻ..." അയാൾ ദീർഘമായി നിശ്വസിച്ചു. പിന്നീടൊന്നും പറഞ്ഞില്ല.

ഞാൻ ഒരു വെള്ളിനാണയം അയാളുടെ കൈയിൽ വച്ചു കൊടുത്തിട്ടു് പുറത്തേക്കിറങ്ങി.

ഒരു പാവപ്പെട്ടവൻെറ ഹൃദയത്തിൽ തിങ്ങിവിങ്ങിയ വികാരങ്ങളെ മനസ്സിലാക്കി, അയാളുടെ വിഷമതയിൽ അയാളെ ആശ്വസിപ്പിക്കുവാൻ സാധിച്ചതിലുണ്ടായ കൃതാർത്ഥതയോടെ ഞാൻ ധൃതഗതിയിൽ നടന്നുപോയി.

പിറേറദിവസം രാവിലെ മരണമണികേട്ടു് ഞാൻ ഒരാളോടു ചോദിച്ചു: "ആരാണു മരിച്ചതു്?"

അടുത്തുനിന്നിരുന്ന ഒരു ബാലനാണു ഉത്തരംപറഞ്ഞതു്: "വികാരിയച്ചൻെറ പത്രോസുചേട്ടൻ."

—o—

നിത്യസഹായമാതാവിൻെറയും, വി. കൊച്ചുത്രേസ്യായുടേയും വി. പത്താംപീയൂസിൻെറയും വാഴ്ത്തപ്പെട്ട മാർട്ടിൻ പോറസിൻെറയും മാദ്ധ്യസ്ഥത്താൽ കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

(മാറിക)

**അർശ്ശസോൽ**
മൂലക്കുരു
ഓപ്പറേഷൻ കൂടാതെ മാറുന്നു
4.oz - BOTTLE Rs. 3
APPLY WITH ADVANCE
VAIDYAN A. GEORGE TIRUNILATH
ST. ANTONY'S VAIDYA SALA
AMARAVATHY, FORT COCHIN.
DISTRIBUTORS: JAMES & CO; BROADWAY. ERNAKULAM.



# ചോദിച്ചാൽ പറയാം

63. ചോ: "പുത്തൻകൂറുകാർ" എന്ന നാമം എങ്ങനെയുണ്ടായതാണ്? ആരെ ഉദ്ദേശിച്ചാണ് ആ പേരുണ്ടായതു്?

ടി. എം. അങ്കമാലി

ഉ: 1599-ലെ ഉദയംപേരൂർ സൂനഹദോസിനെ തുടർന്നു പോർത്തുഗീസുകാർ കേരളത്തിലെ സുറിയാനിറീത്തിൽ ചില മാറ്റങ്ങൾ വരുത്തിയതു ഇവിടെ അസംതൃപ്തിക്കു കാരണമായി. നാട്ടുകാർ ഒരു സുറിയാനിമെത്രാനെ ലഭിക്കുന്നതിലേക്കു വിദേശങ്ങളിലേക്കു അപേക്ഷകളയച്ചുതുടങ്ങി. അങ്ങനെയിരിക്കെയാണ് 1652-ൽ അഹത്തള്ളാ എന്ന ഒരു സുറിയാനിമെത്രാൻ വന്നതു്. പോർത്തുഗീസുകാർ അദ്ദേഹത്തെ കേരളത്തിൽ ഇറങ്ങുവാൻ അനുവദിക്കാതെ നാടുകടത്തിക്കളഞ്ഞു. മെത്രാനെ കടലിൽ താഴ്ത്തി എന്നൊരു ശ്രുതി പരന്നു. ക്ഷുഭിതരായ ജനങ്ങൾ 1653-ൽ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു്, മേലാൽ പൗലിസ്തരുമായി (പോർത്തുഗീസുകാരുമായി) യാതൊരു വേഴ്ചയും ഉണ്ടായിരിക്കുന്നതല്ലെന്നു ശപഥംചെയ്തു. ഇതാണ് കൂനൻകുരിശുസത്യം.

ഇങ്ങനെ പോർത്തുഗീസുകാരുമായി ഭിന്നിച്ചുമാറിയവർ, അഞ്ചുമാസങ്ങൾക്കുശേഷം ആലങ്ങാട്ടുകൂടി; പന്ത്രണ്ടു പട്ടക്കാർചേർന്നു തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചു. ഈവിധം മെത്രാനെ വാഴിക്കാൻ മാർപ്പാപ്പാ തിരുമേനിയിൽനിന്നും അനുവാദം ലഭിച്ചിട്ടുണ്ടെന്നു ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ ചെയ്ത പ്രസ്താവനയെ വിശ്വസിച്ചാണ് ജനങ്ങൾ ഇതിനെ അനുകൂലിച്ചതു്. പക്ഷെ മാർപ്പാപ്പാ തിരുമേനിയിൽനിന്നും യാതൊരു അനുവാദവും കിട്ടിയിട്ടില്ലെന്ന പരമാർത്ഥം വ്യക്തമായപ്പോൾ ജനങ്ങളിൽ ഒരുഭാഗം ലത്തീൻമെത്രാന്മാരുടെ ഭരണത്തിലേക്കു തിരിച്ചുപോയി. തിരിച്ചുപോകാതെ അർക്കദിയാക്കോനെ അനുകൂലിച്ചുനിന്നവർ വിദേശത്തുനിന്നും ഒരു മെത്രാനെ വരുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അങ്ങനെ മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായമെത്രാൻ കേരളത്തിൽവന്നു. മെത്രാനെ വാഴിക്കുകയെന്നതിനേക്കാൾ, യാക്കോബായ ഉപദേശങ്ങൾ കേരളത്തിൽ നടപ്പാക്കുന്നതിനായിരുന്നു മാർ ഗ്രീഗോറിയോസിനു ഉത്സാഹം. മാർപ്പാപ്പാ നെസ്തോറിയസിനെപ്പോലെ പാഷണ്ഡിയാണ്; അന്ത്യോഖ്യാസഭയാണ് ലോകത്തിന്റെ ശിരസ്സും മാതാവും; മിശിഹായിൽ ഒരു സ്വഭാവമേയുള്ളു; പരിശുദ്ധാത്മാവു പിതാവിൽനിന്നു മാത്രമാണ് പുറപ്പെടുന്നതു്; പുളിച്ച അപ്പം ഉപയോഗിച്ചെങ്കിലേ കുർബാന സാധുവാകുകയുള്ളു; എന്നിത്തരത്തിലായിരുന്നു അദ്ദേഹത്തിന്റെ ഉപദേശങ്ങൾ. ഇവ മലങ്കരയിൽ അതേവരെ കേട്ടിട്ടില്ലാത്ത പുതിയ ഉപദേശങ്ങളായിരുന്നു. ഈ പുത്തൻസിദ്ധാന്തങ്ങൾ സ്വീകരിച്ചവർ പുത്തൻകൂറുകാർ എന്നും, പഴയ വിശ്വാസത്തിൽതന്നെ ഉറച്ചുനിന്നവർ പഴയ കൂറുകാർ എന്നും പരസ്പരം അറിയപ്പെട്ടു. അർക്കദിയാക്കോന്റെ കക്ഷിയിൽ നിന്നവരെല്ലാം യാക്കോബായവിശ്വാസം സ്വീകരിച്ചതുകൊണ്ടു് യാക്കോബായക്കാരെ പൊതുവേ പുത്തൻകൂറുകാർ എന്നു പറഞ്ഞുപോന്നു. ഇതൊരു പരിഹാസപ്പേരല്ല; ഒരു ചരിത്രവസ്തുതയെ കാണിക്കുന്ന പരമാർത്ഥംമാത്രമാണ്.

യാക്കോബായസഭയിൽനിന്നും പിൽക്കാലത്തു ഒരു ഭാഗക്കാർ പിരിഞ്ഞുപോയപ്പോൾ അവരെ നവീകരണക്കാർ എന്നു യാക്കോബായക്കാർതന്നെ പറഞ്ഞിരുന്നല്ലോ. തങ്ങൾ നവീകരണക്കാരല്ല മാർത്തോമ്മാക്കാരാണ്, എന്നു് അങ്ങനെ വേർപെട്ടുപോയവർ ഇന്നു വാദിക്കുന്നുണ്ടെങ്കിലും, അവരുടേതു യാക്കോബായസഭ നവീകരിച്ചുണ്ടായതാണെന്നുള്ള ചരിത്രവസ്തുത അവശേഷിക്കുന്നു. പാത്രിയർക്കീസുബാവായെ അനുകൂലിക്കാതെ മെത്രാനെ പിൻചെന്നവരെ മെത്രാൻകക്ഷിക്കാർ എന്നാണല്ലോ പറഞ്ഞുവരുന്നതു്. പഴയ വിശ്വാസം ഉപേക്ഷിച്ചു പുതിയ വിശ്വാസം സ്വീകരിച്ചതുകൊണ്ടു് കേരളത്തിലെ യാക്കോബായക്കാർക്കു പുത്തൻകൂർ എന്ന പേരു നടപ്പായി.

കൂനൻകുരിശുസത്യം കഴിഞ്ഞു് 32 വർഷങ്ങൾ കഴിഞ്ഞാണ് യാക്കോബായക്കാർ പള്ളികളിൽനിന്നു കൊത്തുരൂപങ്ങൾ മാറ്റിയതു്. രൂപങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും പഴയ യാക്കോബായപ്പള്ളികളിൽ കാണും. ഇന്നു യാക്കോബായക്കാർ ഉപയോഗിക്കുന്ന അന്ത്യോക്യൻസുറിയാനി 1846-ൽ മാർ കൂറിലോസിന്റെ കാലത്താണ് ഇവിടെ നടപ്പായതു്. കൂനൻകുരിശുസത്യത്തിനു ശേഷവും 181 വർഷത്തോളം യാക്കോബായക്കാർ കൽദായസുറിയാനിതന്നെയാണ് ഉപയോഗിച്ചിരുന്നതു്. വൃദ്ധരായ യാക്കോബായവൈദികരുടെ കൈവശം കൽദായസുറിയാനിയിലുള്ള ശുശ്രൂഷാക്രമപുസ്തകങ്ങൾ ഇന്നും കാണും. പഴയ വിശ്വാസത്തിൽനിന്നും പിരിഞ്ഞുപോയതിന്റെ അവശിഷ്ടങ്ങൾ ഇന്നും മാഞ്ഞുപോകാതിരിക്കുമ്പോൾ, "പുത്തൻകൂറുകാർ" ആരെന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ട ആവശ്യമില്ലല്ലോ.

64. ചോ: ദൈവം എന്തിനു ചീത്ത മനുഷ്യരെ സൃഷ്ടിക്കുന്നു? അല്ലെങ്കിൽ എന്തിനു്, നരകത്തിൽ നിപതിക്കുവാൻ തക്കവിധത്തിൽ, മനുഷ്യരെ തിന്മയിൽ വീഴുവാൻ അനുവദിക്കുന്നു?

സി. എ. ഡി. തൃശ്ശൂർ

ഉ: ദൈവം ഒരു മനുഷ്യനേയും ചീത്തയായ നിലയിൽ സൃഷ്ടിക്കുന്നില്ല. അതുപോലെതന്നെ ഒരു മനുഷ്യനേയും തിന്മയിലേക്കു നയിക്കുന്നുമില്ല. എല്ലാ മനുഷ്യരേയും ഒന്നുപോലെതന്നെയാണ് അവിടുന്നു സൃഷ്ടിക്കുന്നതു്. നന്നാകുന്നതോ ചീത്തയാകുന്നതോ മനുഷ്യൻ സ്വന്ത ഇച്ഛാശക്തികൊണ്ടു് വരുത്തിക്കൂട്ടുന്ന അനുഭവമാകുന്നു. 19-ാം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ലോകത്തിലെ തിന്മകൾക്കുത്തരവാദി ദൈവം അല്ല.

ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ അവിടുന്നു സൃഷ്ടിച്ചതെല്ലാം നന്നായിരുന്നു. വേദപുസ്തകം പറയുന്നതു നോക്കുക: "......അതതുതരത്തിൽ ഭൂമിയിലെ ജീവിയേയും അതതുതരത്തിൽ നാട്ടുമൃഗത്തേയും, അതതുതരങ്ങളിൽ ഭൂമിയിലെ സകല ഇഴജന്തുക്കളേയും ദൈവം ഉണ്ടാക്കി. നല്ലതെന്നു ദൈവം കാണുകയും ചെയ്തു." (സൃഷ്ടി I. 25) ഇച്ഛാസ്വാതന്ത്ര്യത്തോടു കൂടി മനുഷ്യനെ ദൈവം സൃഷ്ടിച്ചതിനുശേഷമാണ് ലോകത്തിൽ തിന്മ കടന്നുകൂടിയതു്. അതുകൊണ്ടാണ് സുന്ദരമായ ഈ ലോകത്തിൽ മനുഷ്യന്റെ പാപംമൂലം തിന്മ ആദ്യമായി കടന്നുകൂടിയെന്നു നാം പറയുന്നതു്. മനുഷ്യനെ ഇന്നു ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്ന ഏതു തിന്മയും, മനുഷ്യൻ ഇച്ഛാസ്വാതന്ത്ര്യം ദുരുപയോഗിച്ചതിന്റെ ഫലമാണെന്നു കാണാവുന്നതാണ്. മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യം എടുത്തുകളഞ്ഞുകൊണ്ടു് ദൈവത്തിനു ഇതു തടയാമായിരുന്നു. പക്ഷെ മനുഷ്യനു സംസിദ്ധമായിരിക്കുന്ന ഈ അമൂല്യദാനം എടുത്തുകളയുവാൻ ദൈവം തിരുമനസ്സായില്ല. അങ്ങനെ ദൈവം തിന്മയെ അനുവദിക്കുന്നു; പക്ഷെ അതും തന്റെ മഹോന്നതലക്ഷ്യത്തിനു അനുരൂപമായ വിധത്തിൽമാത്രം.

തിന്മ തന്നേയും മനുഷ്യനു തന്റെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്. ചിത്രത്തിലെ പ്രകാശമാനമായ ഭാഗം നമ്മുടെ നേത്രങ്ങളിൽ കൂടുതൽ പതിയുന്നതു ഇരുണ്ടഭാഗത്തിന്റെ സാന്നിദ്ധ്യംകൊണ്ടാണല്ലോ. താഴ്വര ഇല്ലാതിരുന്നെങ്കിൽ പർവ്വതം ഇത്ര ഉയന്നതായി നമുക്കു തോന്നുകയില്ലായിരുന്നു. തിന്മയില്ലായിരുന്നുവെങ്കിൽ നന്മ ഇത്ര അഭികാമ്യമായി നമുക്കു അനുഭവപ്പെടുകയില്ലായിരുന്നു. ജന്മപാപം ഉണ്ടായിരുന്നില്ലെങ്കിൽ ദൈവം മനുഷ്യനായി, നമ്മുടെ ഉദ്ധാരകനായി, അവതരിക്കുകയില്ലായിരുന്നു. മനുഷ്യസ്വഭാവത്തിന്റെ സൗന്ദര്യവികസനത്തിനും തിന്മ സഹായിക്കുന്നുണ്ടു്. തിന്മകളില്ലായിരുന്നുവെങ്കിൽ, ദൈവം വളരെയധികം പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്ന പരോപകാരപ്രവൃത്തികൾ ചെയ്യുവാൻ നമുക്കെങ്ങനെ അവസരം ലഭിക്കുമായിരുന്നു?

നാം നന്മ അനുഭവിക്കണമെന്നുള്ളതാണ് ദൈവത്തിന്റെ ഇഷ്ടം. അതിലേക്കു നമ്മുടെ പഥത്തിൽ വന്നുചേരുന്ന എല്ലാ തിന്മകളേയുംനാം യുക്തിപൂർവ്വമായ മാർഗ്ഗങ്ങൾഉപയോഗിച്ചു് ഇല്ലാതാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം പാപത്തെ പരിവർജ്ജിക്കുകയും, പ്രലോഭനങ്ങളെ കീഴടക്കുകയും ചെയ്യണമെന്നു് അവിടുന്നു അഭിലഷിക്കുന്നു. ഇതിലേക്കുവേണ്ട സഹായം ആവശ്യപ്പെടുന്നവർക്കു്, പ്രാർത്ഥിക്കുന്നവർക്കു്, അതു് അവിടുന്നു ഉദാരമായി നൽകുന്നു. "പിശാചിന്റെ കണികകളോടു് എതിർത്തുനില്ക്കുവാൻ നിങ്ങൾക്കു കഴിയേണ്ടതിനു ദൈവത്തിന്റെ ആയുധമെല്ലാം നിങ്ങൾ ധരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുദ്ധം ശരീരത്തോടും രക്തത്തോടുമല്ല, പിന്നെയോ പ്രഭുത്വങ്ങളോടും അധികാരികളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും ആകാശത്തിൻകീഴിലുള്ള ദുരാത്മാക്കളോടുമാകുന്നു" (എഫേ: VI, 11—12)

തിന്മകളെ സഹിച്ചു് അനേകർ വിശുദ്ധരായിത്തീർന്നിട്ടുണ്ടു്. പഴയനിയമത്തിലെ ഏലിയാസ് പ്രവാചകൻ ഇതിനൊരുദാഹരണമാണ്. ക്രിസ്ത്യാനികളെ ദ്രോഹിച്ചുകൊണ്ടിരുന്ന സാവുൾ ഡമാസ്കസ് പട്ടണവാതിൽക്കൽവച്ചു കുതിരപ്പുറത്തുനിന്നു നിലംപതിച്ചു. ആ ആഘാതം ഏറ്റില്ലായിരുന്നുവെങ്കിൽ സാവുൾ വിശുദ്ധ പൗലോസ് ആകുകയില്ലായിരുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻപോയ സാവുൾ പിന്നീടു് എഴുതുകയാണ്: "മരണത്തിനാകട്ടെ, ആയുസ്സിനാകട്ടെ, മാലാഖമാർക്കാകട്ടെ, അധികാരങ്ങൾക്കാകട്ടെ, ശക്തികൾക്കാകട്ടെ, ഇപ്പോഴുള്ളവയ്ക്കാകട്ടെ, ഉണ്ടാകുവാനിരിക്കുന്നവയ്ക്കാകട്ടെ, ഉയരത്തിനാകട്ടെ, ആഴത്തിനാകട്ടെ, മറ്റു് ഏതെങ്കിലും സൃഷ്ടിക്കുപോലുമാകട്ടെ, നമ്മുടെ കർത്താവീശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്നു് എന്നെ വേർതിരിക്കുവാൻ സാധിക്കുകയില്ല എന്നു എനിക്കു നിശ്ചയമുണ്ടു്." (റോമാ VIII, 38-39) എല്ലാ മനുഷ്യർക്കും, അവർ തങ്ങളുടെ ഇച്ഛാശക്തിയെ ശരിക്കു വിനിയോഗിച്ചാൽ, ഇങ്ങനെ ഏറ്റുപറയുവാൻ സാധിക്കും.

65. ചോ: ശത്രുവിനോടു ക്ഷമിക്കാതെ ഒരു ക്രിസ്ത്യാനി കുമ്പസാരിച്ചാൽ ആ കുമ്പസാരം ഫലവത്താകുമോ?

ടി. എം. ജെ. കാളകെട്ടി

ഉ: ഇല്ല. കുമ്പസാരം ഫലവത്താകണമെങ്കിൽ, പാപങ്ങളെപ്പറ്റി ശരിയായ മനസ്താപം ഉണ്ടായിരിക്കണം. തന്റെ പാപങ്ങളെപ്പറ്റി ശരിയായി മനസ്തപിക്കുന്ന ഒരു പാപി, തന്നെപ്പോലെതന്നെ ബലഹീനനായ തന്റെ ശത്രുവിന്റെ തെറ്റിനെ എങ്ങനെ ക്ഷമിക്കാതിരിക്കും? നാം നിത്യവും പ്രാർത്ഥിക്കുന്നതുതന്നെ "ഞങ്ങളോടു തെറ്റുചെയ്തവരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമെ" എന്നാണല്ലോ. മലയിലെ പ്രസംഗത്തിൽ ഈ പ്രാർത്ഥന പഠിപ്പിച്ചശേഷം ക്രിസ്തുനാഥൻ തുടർന്നുപറയുന്നു: "മനുഷ്യരോടു അവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. എന്നാൽ മനുഷ്യരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, നിങ്ങളുടെ പിതാവു നിങ്ങളുടെ തെറ്റുകൾ നിങ്ങളോടും ക്ഷമിക്കുകയില്ല." (മത്തായി VI, 14—15)

വീണ്ടും അവിടുന്നു പറയുന്നു: "ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവനെ നിങ്ങൾ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നിങ്ങൾ നന്മചെയ്യുവിൻ. നിങ്ങളെ ബലത്താൽ കൊണ്ടുപോകുകയും നിങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ." "നീ ബലിപീഠത്തിങ്കൽ നിന്റെ വഴിപാടു കൊണ്ടുവരികയും, നിന്റെ സഹോദരൻ നിന്നോടു എന്തെങ്കിലും വിരോധം വച്ചുകൊണ്ടിരിക്കുന്നെന്നു അവിടെവച്ചു നീ ഓക്കുകയും ചെയ്താൽ, നിന്റെ വഴിപാടു് അവിടെ ബലിപീഠത്തിന്മേൽ വച്ചുകൊണ്ടു് നീ ചെന്നു് ഒന്നാമതായി നിന്റെ സഹോദരനോടു സമാധാനപ്പെടുക. പിന്നെ വന്നു നിന്റെ വഴിപാടു സമർപ്പിക്കുക......" (മത്തായി V, 44, 23—24)

—o—

## സംയുക്തരജതജൂബിലിയാഘോഷം



1931 ഡിസമ്പറിൽ പുത്തമ്പള്ളി സെമ്മിനാരിയിൽവച്ചു നവപൂജയർപ്പിച്ചവരും മൈസൂർ, സേലം, തൃശ്ശൂർ, വരാപ്പുഴ, എറണാകുളം, പാലാ, ചങ്ങനാശ്ശേരി എന്നീ രൂപതകളിൽ പെട്ടവരുമായ പതിനേഴു വൈദികന്മാർ ഒന്നുചേർന്നു് തങ്ങളുടെ പൗരോഹിത്യത്തിന്റെ രജതജൂബിലി കഴിഞ്ഞ ഡിസമ്പർ 27, 28 എന്നീ തീയതികളിൽ ചങ്ങനാശ്ശേരി പെറ്റിസെമ്മിനാരിയിൽവച്ചു് അനാഡംബരമായി കൊണ്ടാടിയിരിക്കുന്നു. 27-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജൂബിലേറിയന്മാരുടെ റെക്ടറായിരുന്ന വെരി റവ. ഫാദർ അവുറേലിയൻ ഒ. സി. ഡി. അവർകളുടെ സന്ദേശം വായിക്കപ്പെട്ടു. വെരി റവ. ഫാദർ പോൾ വടക്കഞ്ചേരി, റവ. ഫാദർ ജോസഫ് കരിയത്തറ എം. എ., റവ. ഫാദർ ജോർജ് അക്കര എന്നിവർ പ്രസംഗിച്ചു. വിവിധ ഇടവകകളിലായി ജൂബിലേറിയന്മാർ ചെയ്തിട്ടുള്ള സേവനങ്ങളെ അദ്ധ്യക്ഷൻ തിരുമേനി അനുസ്മരിക്കുകയും, സന്ദർഭോചിതമായ ഉപദേശങ്ങൾ നൽകുകയും ചെയ്തു. ജൂബിലിസ്മാരകമായി ഒരു വൈദികവിദ്യാർത്ഥിയുടെ പഠനച്ചെലവിന്നു ആണ്ടുതോറും പലിശ ഉപയോഗിക്കത്തക്കവിധം ആയിരം രൂപാ പാറേനാരുപത സെമ്മിനാരിറെക്ടറെ ഏല്പിച്ചിരിക്കുന്നു.

# "ടൈബറിലേക്ക് എറിയുവിൻ"

## ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് തിരുമനസ്സിലെ ജീവിതത്തിലേക്കൊരെത്തിനോട്ടം

(ജി. പി.)

ഒൻപതാം പീയൂസ് പാപ്പായുടെ ശവക്കല്ലറ തുറന്നതായും തിരുമേനിയുടെ ശരീരം അഴിയാതെ കാണപ്പെട്ടതായും പത്രങ്ങളിൽനിന്നും എല്ലാവരും വായിച്ചറിഞ്ഞിരിക്കുമല്ലോ. ഇത്തരുണത്തിൽ തിരുമേനിയുടെ ജീവിതത്തേയും അവിടത്തെ കബറടക്കത്തേയും പററിയുള്ള ഒരനുസ്മരണം അസ്ഥാനത്താകയില്ലെന്നു കരുതുന്നു.

പാപ്പാമാരിൽ ഇദ്ദേഹമാണ് ഏററവും കൂടുതൽ നാൾ സഭയെ ഭരിച്ചിട്ടുള്ളത്. ഇദ്ദേഹത്തിൻെറ സഭാഭരണകാലഘട്ടം സംഭവബഹുലമായ ഒന്നായിരുന്നു. തിരുമനസ്സുകൊണ്ടാണ് പരിശുദ്ധ മറിയത്തിൻെറ അമലോത്ഭവവും, പാപ്പായുടെ അപ്രമാദിത്വവും വിശ്വാസസത്യങ്ങളായി അദ്ധ്യവസാനം ചെയ്തത്. ഇദ്ദേഹത്തിൻെറ കാലത്താണ് പാപ്പാമാരുടെ ലൗകികാധികാരം നഷ്ടമായതും.

1846-ലാണ് അവിടുന്നു പാപ്പാസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതു. 1848-ൽ ഉണ്ടായ ആഭ്യന്തര വിപ്ലവത്തിൻെറ ഫലമായി ബവേറിയൻ സ്ഥാനപതിയുടെ സഹായത്തോടുകൂടി ഗയേററായിലേക്ക് ഒളിച്ചോടുവാൻ അദ്ദേഹം നിർബന്ധിതനായി. ഫ്രഞ്ച് ചക്രവർത്തിയായിരുന്ന നെപ്പോളിയൻ മൂന്നാമൻെറ സഹായത്തോടെ രാജ്യം തിരിച്ചെടുക്കുന്നതിനു സാധിച്ചു എങ്കിലും 1870-ൽ നടന്ന പീസ്മോണ്ട് വിപ്ലവത്തിൻെറ ഫലമായി വീണ്ടും പേപ്പൽ സംസ്ഥാനങ്ങൾ നഷ്ടമായി.

ഒടുവിൽ റോമ മാത്രം ശേഷിച്ചു. റോമാ ആക്രമിക്കാൻ ഒരുമ്പെട്ട വിപ്ലവകാരികളെ പേപ്പൽപടയാളികൾ തടഞ്ഞുനിറുത്തി. ഭയങ്കരമായ ഒരു യുദ്ധം ഉണ്ടാകുമെന്ന നിലയായപ്പോൾ റോമൻ നഗരവാതിൽ തുറക്കുവാൻ തിരുമനസ്സുകൊണ്ടു ഉത്തരവായി. അങ്ങനെ അവസാനം റോമ്മായും നഷ്ടപ്പെട്ടു.

പേപ്പൽ സംസ്ഥാനങ്ങൾ വിട്ടുകൊടുത്തുകൊണ്ടുള്ള ഉടമ്പടിയിൽ ഒപ്പുവയ്ക്കുവാൻ വിപ്ലവകാരികൾ 9-ാം പീയൂസിനെ നിർബന്ധിച്ചു നോക്കി. ഫലമില്ലെന്നു കണ്ടപ്പോൾ ഒരു കുതന്ത്രം പ്രയോഗിച്ച് അവർ അവിടത്തെ കുടുക്കിലാക്കാൻ ശ്രമിച്ചു. മാർപ്പാപ്പാ എന്നു റോമൻ തെരുവുകളിൽ പ്രത്യക്ഷനാകുന്നുവോ അന്നു ഉടമ്പടി വ്യവസ്ഥകൾക്കു ഒപ്പുവച്ചതായി ജനങ്ങൾ കരുതുമെന്നു അവർ പെരുമ്പറയടിച്ചു. പേപ്പൽ സംസ്ഥാനങ്ങൾ വിട്ടുകൊടുക്കുവാൻ സന്നദ്ധനല്ലാതിരുന്നതിനാൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തടവു തന്നെ സ്വീകരിച്ചു. ഇങ്ങനെ തിരുമേനിയുടെ ജീവിതാവസാനകാലം സ്വയം സ്വീകരിച്ച തടവുശിക്ഷ അനുഭവിക്കേണ്ടതായും വന്നു.

തിരുമേനിയുടെ മരണകാലത്തു പാപ്പാസ്ഥാനത്തോടുള്ള വിദ്വേഷം അതിൻെറ പരമകാഷ്ഠയിൽ എത്തിയിരുന്നു. പത്രങ്ങളിലും ക്ലബ്ബുകളിലും എന്നുവേണ്ടാ നാലുപേർ കൂടുന്നിടത്തെല്ലാം, ഇദ്ദേഹമായിരിക്കും അവസാനത്തെ പാപ്പാ; പാപ്പായുടെ ആദ്ധ്യാത്മികാധികാരംപോലും ഇതോടെ നഷ്ടമാവും എന്നിങ്ങനെയുള്ള കിംവദന്തികൾ മുഴങ്ങിക്കേൾക്കുവാൻ തുടങ്ങി. 9-ാം പീയൂസിൻെറ മരണത്തോടെ ഇററാലിയൻഗവർമ്മെൻറു ഇടപെട്ട് വീണ്ടുമൊരു കൊൺക്ലേവ് കൂടുന്നതിനെ നിരോധിക്കുമെന്നും എല്ലാ യൂറോപ്യൻരാജ്യങ്ങളും ഇററാലിയൻഗവർമ്മെൻറിൻെറ ഈ നയത്തിനു പിൻതുണനൽകുമെന്നുമായിരുന്നു പൊതുവെയുണ്ടായിരുന്ന സംസാരം.

ഏർണസ്റ്റ് റെനാൻെറ അഭിപ്രായത്തിൽ ഇതുതന്നെ കാര്യാധികമായിരുന്നു. "അതൊന്നും വേണ്ടെന്നേ; ഈ പാപ്പാസ്ഥാനം താനെ അവസാനിച്ചുകൊള്ളും" എന്നായിരുന്നു റെനാൻെറ ദീർഘദർശനം.

എന്നാൽ വീണ്ടും കൊൺക്ലേവുകൂടി. ജിയോവാന്നി പേച്ചി ലെയോ പതിമൂന്നാമൻ എന്ന പേരിൽ സ്ഥാനാരോഹണം ചെയ്യുകയുംചെയ്തു. 1878-ൽ കാമ്പോ ഡി ഫിയോറി മൈതാനത്തുവച്ച് പീയൂസ് 9-ാമൻെറ മരണത്തിനു ശേഷം പതിനേഴുദിവസം കഴിഞ്ഞു്, ലെയോ പതിമൂന്നാമൻ തിരഞ്ഞെടുക്കപ്പെട്ടതിൻെറ നാലാം ദിവസം, ഒരു പ്രസംഗകൻ പറയുകയാണു്, "ചീഞ്ഞഴുകിക്കൊണ്ടിരിക്കുന്ന പാപ്പാസ്ഥാനത്തിൻെറ മേൽ ഞാനിങ്ങനെ തുപ്പും "ഫൂ".

9-ാം പീയൂസ് തിരുമനസ്സുകൊണ്ടു് തൻെറ അന്ത്യവിശ്രമസ്ഥാനം വി: ലോറൻസിൻെറ കപ്പേളയിലായിരിക്കണമെന്നു് നിശ്ചയിച്ചിട്ടുണ്ടായിരുന്നു. കർദ്ദിനാളന്മാർക്ക് ഈ ചടങ്ങു ഉടൻതന്നെ നടത്തണമെന്നുണ്ടായിരുന്നു. എന്നാൽ പാപ്പായുടെ ശവകുടീരം തയാറാകുവാൻ സമയമെടുക്കും. കൂടാതെ ഇററലിയിലെ വിപ്ലവസംഘങ്ങളുടെ ശത്രുതാമനോഭാവവും ഇതിനൊരു വിലങ്ങുതടിയായി. അങ്ങനെ മൂന്നുവർഷം കടന്നുപോയി.

പ്രാഥമികസജ്ജീകരണങ്ങളെല്ലാം ചെയ്തുകഴിഞ്ഞപ്പോൾ ജൂലൈ 13-ാം തീയതിക്കും 14-ാം തീയതിക്കും മദ്ധ്യേയുള്ള രാത്രിയിൽ ശവശരീരം മാററംചെയ്യണമെന്നു് കർദ്ദിനാൾസംഘം നിശ്ചയിച്ചു. സഭാധികാരികൾ സിവിലധികാരികളും രാഷ്ട്രീയാധികാരികളുമായി ആലോചിച്ചു് ശവസംസ്കാരം ഏററവും ഗോപ്യമായി നടത്തുവാൻ തീരുമാനിച്ചു. അതിനു പററിയ സമയം പാതിരാത്രിതന്നെ എന്നവർ കരുതി. എതിർകക്ഷികളുടെ എതിർപ്പു ഉണ്ടായേക്കുമെന്ന സംശയമാണു് സംഗതികൾ ഇത്ര രഹസ്യമായി നടത്തുവാൻ അധികാരികളെ പ്രേരിപ്പിച്ചതു്.

എത്ര ശ്രമിച്ചാലും ഒരു പാപ്പായുടെ ശവസംസ്കാരം നിശ്ശബ്ദം ചെയ്യാൻ സാദ്ധ്യമല്ലല്ലോ. ജൂലൈ പതിമൂന്നാം തീയതി രാത്രി ഒരു വലിയ ജനക്കൂട്ടം സെൻറ് പീറേറഴ്സ് സ്ക്വയറിൽ തടിച്ചുകൂടി. രാത്രി മണി 12 അടിച്ചതോടെ വിലാപയാത്ര ആരംഭിച്ചു. ശവശരീരം വച്ചിട്ടുള്ള രഥം ആദ്യം പ്രത്യക്ഷപ്പെട്ടു. അതിനു പിന്നിലായി രണ്ടു കോച്ചുകളും വി. പത്രോസിൻെറ ബസ്ലിക്കായിലെ വൈദികഗണവും വത്തിക്കാൻ അരമനയിലെ ഉദ്യോഗസ്ഥന്മാരും രഥത്തെ അനുഗമിച്ചിരുന്നു. പ്രദക്ഷിണസമയമോ സ്വഭാവമോ വച്ചുനോക്കിയാൽ അതൊരു വെല്ലുവിളിയായി കണക്കാക്കാൻ നിവൃത്തിയില്ല. സാഹചര്യങ്ങൾ അതിനിടയാക്കി എന്നുമാത്രം.

എന്നാൽ അധികം താമസിയാതെ പ്രദക്ഷിണം അവജ്ഞയുടേയും ബലപ്രയോഗത്തിൻെറയും ഒരു രംഗമായി മാറുന്ന ലക്ഷണങ്ങൾ കാണപ്പെട്ടുതുടങ്ങി. പ്രദക്ഷിണം സെൻറ് പീറേറഴ്സ് സ്ക്വയറിൽനിന്നും കാസ്റ്റൽ സാൻറാഞ്ചെലാവിലേക്കു നയിക്കുന്ന ബോർഗോ ഡി സാൻറാസ്പിരിത്തോ എന്ന വഴിയിൽ പ്രവേശിച്ചതോടെ കൂക്കുവിളികളും ശാപവർഷങ്ങളും ഹുർക്കാരവും ഉയർന്നുതുടങ്ങി. കാസ്റ്റൽ ഡി സാൻറാഞ്ചെലായിൽവച്ച് ആയുധധാരികളായ ഒരുകൂട്ടം ആളുകൾ ഒരാക്രമണംതന്നെ നടത്തി. ശബ്ദകോലാഹലങ്ങൾക്കിടയിൽ ഇങ്ങനെ വിളിച്ചുപറയുന്നതു കേൾക്കാമായിരുന്നു: "ആ വയസ്സൻകഴുതയെ ടൈബർനദിയിലെക്കെറിയുക" വാസ്തവത്തിൽ അവരുടെ ഉദ്ദേശം അതായിരുന്നുവെന്നതിനു സംശയമില്ല. പേപ്പൽ അകമ്പടിക്കാർ കോപാവിഷ്ടരായ ആ ജനക്കൂട്ടത്തോടു് ഏററുമുട്ടി. പേപ്പൽ അകമ്പടിക്കാരിൽ പലർക്കും ഗുരുതരമായ മുറിവേറെങ്കിലും ആക്രമണ സംരംഭം പരാജയമടഞ്ഞു.


ഈ സംഭവം മററുരാജ്യങ്ങളിൽ ഉണ്ടാക്കുവാനിരുന്ന പ്രത്യാഘാതങ്ങളെ സമർത്ഥന്മാരായ ഇററാലിയൻമന്ത്രിമാർ നോക്കിക്കണ്ടു അവർ തുടന്നു പട്ടാളത്തെ വിളിച്ചുവെങ്കിലും അതു വളരെ വൈകിപ്പോയി. ഇററലിയിലെ വിദേശകാര്യമന്ത്രിയായിരുന്ന മൻസിനി ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറു വാർത്തകൾ പുറത്തുവിടുന്നതിനെ കർശനമായി നിരോധിച്ചതിനാൽ പിറേറദിവസത്തെ പത്രങ്ങളിൽ ആക്രമണത്തെപ്പററിയുള്ള റിപ്പോർട്ട് പ്രത്യക്ഷപ്പെട്ടില്ല. അതേസമയം ഇതു കത്തോലിക്കർ കുത്തിപ്പൊക്കിയ ഒരു വിപ്ലവമായിരുന്നെന്നു് മററു രാജ്യങ്ങളെ അറിയിക്കുവാൻ അതതുരാജ്യങ്ങളിലെ ഇററാലിയൻ അംബാസിഡർമാരെ ചുമതലപ്പെടുത്തുകയുംചെയ്തു. പ്രധാനമന്ത്രിയായ ഡിപ്രെട്ടിസ് ഈ കശപിശകൾ ഏതാതെററിദ്ധാരണയുടെ ഫലമാണെന്നു് സെനററിൽ പ്രഖ്യാപിക്കുകയും ചെയ്തു.

ഒരുകണക്കിനു് ഈ കശപിശകൾ വത്തിക്കാനു് അനുകൂലമായിട്ടാണു് പരിണമിച്ചതു്. പാപ്പായുടെ കാരാഗൃഹവാസം മാന്യന്മാരുടെ മനസ്സിൽ അവജ്ഞയെ ജനിപ്പിക്കുവാൻ പോരുന്ന ഒരു പ്രഹസനമായിട്ടാണു് പലരും കരുതിയിരുന്നതു്. എന്നാൽ ഇതോടെ കാററു് മാറിവീണു. പ്രോട്ടസ്റ്റൻറു് പത്രങ്ങൾപോലും പാപ്പായുടെ നിലപാടിനെ പ്രശംസിക്കുവാൻതുടങ്ങി. "സ്വയരക്ഷയെ സംബന്ധിച്ച ന്യായങ്ങളാൽ താൻ വത്തിക്കാനു് പുറത്തുപോകുന്നതല്ല എന്നു് ലെയോ പറയുന്നുവെങ്കിൽ അതു തികച്ചും ന്യായമാണു്" എന്നാണു് തീവ്രപ്രോട്ടസ്റ്റൻറുവാദിയായ ബർലിനർ ടജെബ്ലാററു് എന്ന പത്രം എഴുതിയ മുഖപ്രസംഗത്തിൽ പറഞ്ഞിരുന്നതു്.

ഇപ്രകാരം ജനങ്ങളാൽ വെറുക്കപ്പെട്ടിരുന്ന ഇദ്ദേഹത്തിൻെറ ശരീരമാണു് എഴുപത്തെട്ടു കൊല്ലങ്ങൾക്കുശേഷം ഇന്നും അക്ഷയമായി സ്ഥിതിചെയ്യുന്നതു്. ഇദ്ദേഹത്തിൻെറ പ്രതിമകൾ അൾത്താരകളിൽ സ്ഥലംപിടിക്കുമെന്നും ഭാഗ്യസ്മരണാർഹനായ ഈ പൂജ്യതാതൻെറ ശരീരം ടൈബർനദിയിൽ എറിയുവാൻ കോപ്പുകൂട്ടിയവരുടെ പിൻഗാമികളാൽ ഒരുനാൾ ഇദ്ദേഹം വണങ്ങപ്പെടുമെന്നും നമുക്കു പ്രത്യാശിക്കുന്നതോടൊപ്പം ഈ മഹാത്മാവിൻെറ പുണ്യപദപ്രാപ്തിക്കായി പ്രാർത്ഥിക്കുകയുംചെയ്യാം.

# കപ്പേള വെഞ്ചരിപ്പ്

## മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചു



എറണാകുളം മെത്രാപ്പോലീത്തൻപള്ളി വകയായി പച്ചാളത്തു ശിവരാമമേനോൻറോഡിനു വടക്കെ അററത്തു പണിതീർത്തിട്ടുള്ള വിശുദ്ധ പത്താംപീയൂസിൻെറ നാമധേയത്തിലുള്ള കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം എറണാകുളം മെത്രാപ്പോലീത്താ, മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി. പി. എ. തിരുമനസ്സുകൊണ്ടു് ജനുവരി 19-ാം നു- ശനിയാഴ്ച നിർവ്വഹിച്ചിരിക്കുന്നു. ആശീർവ്വാദകർമ്മത്തിനായി ആഗതനായ അഭിവന്ദ്യ തിരുമേനിയെ റെയിൽവെ ക്രോസിങ്ങ് കവലയിൽ കെട്ടിയലങ്കരിച്ചിരുന്ന പന്തലിൽവച്ചു് വികാരി വെ. റവ. ഫാദർ കുര്യാക്കോസ് ചിറമ്മൽ ഹാരമണിയിച്ചു സ്വീകരിച്ചു. ഇൗന്നു പ്രസ്തുത വാർഡിലെ മുനിസിപ്പൽകൗൺസിലർ മി. ജോസഫും തിരുമേനിയെ ഹാരമണിയിക്കയുണ്ടായി. അവിടെനിന്നും തിരുമേനിയെ ആഘോഷമായി കപ്പേളയിലേക്കു് എതിരേററു. കപ്പേളയുടെ കവാടത്തിൽവച്ചു് തിരുമേനിയെ മെത്രാപ്പോലീത്തൻപള്ളി വികാരി സീലി സമർപ്പിച്ചു സ്വീകരിച്ചു. അനന്തരം മെത്രാപ്പോലീത്താ തിരുമേനി കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വികാരിജനറൽ റൈററു് റവ. മോൺ. ജോർജ്ജ് വല്ലൂരാമ്പത്തു്, വെരി റവ. മോൺ. വറുഗീസ് പുതുശേരി എന്നിവരും മററു പല വൈദികരും ഒരു വലിയ ജനക്കൂട്ടവും ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. ആശീർവ്വാദകർമ്മത്തിനുശേഷം ലദീഞ്ഞും ഉണ്ടായിരുന്നു. ഞായറാഴ്ച രാവിലെ 8 മണിക്കു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കപ്പേളയിൽവച്ചു് ആഘോഷമായ ദിവ്യബലി അർപ്പിച്ചു.

## ശ്രീ അന്ത്രപ്പേരുടെ ചരമവാർഷികം

പരേതനായ ഷെവ. എ. സി എം. അന്ത്രപ്പേരുടെ പ്രഥമചരമവാർഷികം ജനുവരി 14-ാം തീയതി മട്ടാഞ്ചേരിയിലും അന്ത്രപ്പേർ ഗാർഡൻസിലും വെച്ചു് ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. അന്നു വെളുപ്പിനു 3 മണിമുതൽ പരേതനുവേണ്ടി മട്ടത്തുപള്ളിയിൽവെച്ചു് അനേകം ദിവ്യപൂജകൾ നടത്തപ്പെട്ടു. 8-15നു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പൊന്തിഫിക്കൽ റാസയും, 9-30നു തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു അന്ത്യോക്യൻ റീത്തിൽ മൂന്നിന്മേൽ കുർബാനയും അർപ്പിച്ചു. 11-3 നു് എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പരേതൻെറ കുഴിമാടത്തിങ്കൽ ഒരു മാർബിൾശിലാസ്ഥാപിക്കുകയുണ്ടായി. അനന്തരം മൂന്നു റീത്തുകളിലും ഒപ്പീസു നടത്തപ്പെട്ടു. കോട്ടയം മെത്രാൻ തിരുമേനി പരേതനെ അനുസ്മരിച്ചു് ഒരു പ്രസംഗംചെയ്തു. ഉച്ചയ്ക്കു വൈദികമേലദ്ധ്യക്ഷന്മാർക്കു പള്ളിമേടയിൽവെച്ചും, മോൺസിഞ്ഞോർമാരടക്കം നൂറോളം വൈദികർക്കും ആയിരത്തിൽപരം അതിഥികൾക്കും അന്ത്രപ്പേർ ഗാർഡൻസിൽ വെച്ചും വിഭവസമൃദ്ധമായ സദ്യ നൽകപ്പെട്ടു. റസ്റ്റ്ഹൗസ് കോമ്പൗണ്ടിൽവെച്ചു ആയിരക്കണക്കിനു സാധുക്കൾക്കു മൃഷ്ടാന്നഭോജനവും വസ്ത്രങ്ങളും ദാനം ചെയ്തു. വൈകുന്നേരം വീട്ടിൽവെച്ചു നടത്തപ്പെട്ട മന്ത്രാകർമ്മത്തിനു മുൻപു തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനി ഷെവ. അന്ത്രപ്പേരെ അനുസ്മരിച്ചു് ഒരു പ്രസംഗം ചെയ്തു.

## ചരമവാർത്തകൾ

**പനങ്കര:** സ്ഥലത്തെ ഒരു പുരാതന കുടുംബാംഗവും നെട്ടംതടത്തിൽ ശ്രീ പൈലി മത്തായിയുടെ പുത്രനും, പൈങ്ങോട്ടൂർ പഞ്ചായത്തുമെംബർ ശ്രീ എൻ. എം. വറുഗീസിൻെറ സഹോദരനുമായ ശ്രീ എൻ. എം. മത്തായി 10-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

**പോണേൽ:** തോപ്പിൽ തറവാട്ടിലെ കാരണവതിയും പരേതനായ മാത്യു ചാക്കോ അവർകളുടെ മാതാവുമായ മറിയം ജനുവരി 14-ാംനു- 79-ാമത്തെ വയസ്സിൽ നിര്യാതയായി. ഇടപ്പള്ളി ഫൊറോനാപ്പള്ളി വികാരി റവ. ഫാദർ ജോസഫ് പാനികുളം പരേതയുടെ ഭവനത്തിൽവച്ചു നടത്തിയ ഒപ്പീസിനെത്തുടന്നു് റവ. ഫാദർ പോൾ വാളേപ്പിള്ളിയുടെ കാർമ്മികത്വത്തിലും മററു പല ബ: വൈദികരുടെ സഹകാർമ്മികത്വത്തിലും അന്നു വൈകുന്നേരം മൃതദേഹം സംസ്കരിക്കപ്പെട്ടു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JANUARY 23 || No. 23.


## മതബോധനവും രാജാജിയും

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയ്ക്കു രാജ്യത്തിന്റെ ബഹുമുഖമായ പുരോഗതിയെ ലക്ഷ്യംവെച്ചുകൊണ്ടുള്ള അനേകം നിർദ്ദേശങ്ങളും ശുപാർശകളും പ്രബോധനങ്ങളും ഇടതടവില്ലാതെ ഉണ്ടായിട്ടുണ്ട്. എന്നാൽ ആഗ്രാ സർവ്വകലാശാലയിൽ ശ്രീ സി. രാജഗോപാലാചാരി ചെയ്ത കൺവൊക്കേഷൻപ്രസംഗത്തോളം യാഥാർത്ഥ്യസ്പർശിയും ശ്രദ്ധേയവും അടിയന്തിരവുമായ ഒരു ഉദ്ബോധനം വേറെ ഉണ്ടെന്നു തോന്നുന്നില്ല. വിദഗ്ധനായ ഒരു ഭിഷഗ്വരനെപ്പോലെ ഇൻഡ്യയെ ഇന്നു ഗ്രസിച്ചിരിക്കുന്ന രോഗങ്ങൾ ശരിക്കു മനസ്സിലാക്കി അവയ്ക്കു ശരിയായ പ്രതിവിധി അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു. ഗവർമെൻറുകളും നിയമസഭകളും ദൈവത്തെ വിസ്മരിച്ചു പ്രവർത്തിക്കുന്നുവെന്നതാണ് ഇന്നത്തെ വിപത്തുകളുടെ കാരണമായി അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. രാജ്യത്തിന്റെ ഭദ്രതയും പുരോഗതിയും അതിലെ ജനങ്ങളുടെ സ്വഭാവഗുണത്തെ ആശ്രയിച്ചിരിക്കുന്നു. ശാരീരികമായ ശക്തിയെക്കാളും ബുദ്ധിശക്തിയെക്കാളും പ്രധാനമായിട്ടുള്ളതു സ്വഭാവഗുണമാണ്. "സിവിൽ, പട്ടാളവകുപ്പുകൾ ഭരിച്ചുകൊണ്ടുപോകുവാനും, ആഭ്യന്തരസമാധാനവും ക്രമവും പാലിക്കുവാനും, ബാഹ്യാക്രമണങ്ങളിൽനിന്നു രാജ്യത്തെ രക്ഷിക്കുവാനും വേണ്ടത്ര ബുദ്ധിശക്തിയും ശരീരാരോഗ്യവുമുള്ള ആളുകൾ ഉണ്ടായിരിക്കണം; എന്നാൽ രാജ്യത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനുംവേണ്ടി പരസ്പരം സഹകരിച്ചുകൊണ്ട് ദിവസേന പ്രവർത്തിക്കേണ്ടിവരുന്ന ജനസാമാന്യത്തെ സംബന്ധിച്ചിടത്തോളം സ്വഭാവഗുണമാണ് ഏററവും ആവശ്യമായ ആയുധം" എന്നദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആളുകൾ വാക്കു പാലിക്കുകയും, പരസ്പരബാദ്ധ്യതകൾ നിറവേററുകയും വ്യക്തിപരമായ ലാഭത്തേക്കാൾ ആദ്ധ്യാത്മികമൂല്യങ്ങളെ മാനിക്കുകയും ചെയ്യാത്ത കാലത്തോളം സമുദായത്തിനു പുരോഗമിക്കുക സാദ്ധ്യമല്ല. പക്ഷെ പാണ്ഡിത്യംകൊണ്ടോ, അക്ഷരാഭ്യാസമുള്ളവരുടെ ശതമാനത്തോതു വർദ്ധിച്ചുകൊണ്ടോമാത്രം സ്വഭാവഗുണമോ പുരോഗതിയോ ഉണ്ടാകുന്നതല്ലായെന്നു രാജാജി പ്രസ്താവിക്കുകയും ഇൻഡ്യയുടെ ഇന്നത്തെ പ്രവണതയെ അതിനുദാഹരിക്കുകയും ചെയ്യുന്നു. ഇന്നു "സാധാരണയിൽ അല്പം കവിഞ്ഞ തരത്തിൽ ബുദ്ധിയോ പഠിപ്പോ ഉള്ളവരെല്ലാം പണത്തിന്റെ പിന്നാലെ വേട്ടയാടിപ്പോവുകയാണെന്നും, അതിലേക്കു എന്തും ചെയ്യുവാൻ സന്നദ്ധരായിരിക്കുകയാണെന്നും രാജ്യത്തിന്റെ ഈ ഗതി കാണുമ്പോൾ ഭാവിയെപ്പററി ഉൽക്കണ്ഠപ്പെട്ടേ വഴിയുള്ളുവെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം തുടർന്നു പ്രസ്താവിക്കുകയാണ്: "പുരോഗതിയേയും ക്ഷേമത്തേയും ഉന്നംവച്ചുകൊണ്ടുള്ള നമ്മുടെ ദേശീയപദ്ധതികൾ വിജയിക്കണമെങ്കിൽ അഭ്യസ്തവിദ്യർക്കു കർത്തവ്യബോധം ഇന്നത്തേക്കാൾ വർദ്ധിച്ചേ മതിയാവൂ. ഭൗമികവും സ്വാർത്ഥപരവുമായ മൂല്യങ്ങളേക്കാൾ യഥാർത്ഥമൂല്യങ്ങളെപ്പററിയുള്ള ബോധമാണ് രാഷ്ട്രത്തിന്റെ സ്ഥിതി ഭേദപ്പെടുത്താനാവശ്യമായ അടിസ്ഥാനോപാധി. ഈ ആശയം ഒരു ജീവന്മരണകാര്യമെന്ന ഗൗരവബോധത്തോടുകൂടി അംഗീകരിക്കുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസനയം പുനസ്സംഘടിപ്പിക്കുന്നതിന് അതു അടിസ്ഥാനമായിത്തീരണം. അതു ചെയ്യാത്തപക്ഷം രാഷ്ട്രത്തെ ബാധിക്കുന്ന ഒരു പ്രധാനസത്യത്തെ അറിഞ്ഞുകൊണ്ട് നാം സ്വീകരിക്കാതിരിക്കുകയാവും. എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലും മതമാണ് യഥാർത്ഥമൂല്യങ്ങളെപ്പററിയുള്ള ബോധം വളർത്തിക്കൊണ്ടുവന്നിട്ടുള്ളത്. പലതരത്തിലുള്ള പ്രലോഭനങ്ങളിൽനിന്നു മനുഷ്യരെ രക്ഷപെടുത്തിയിട്ടുള്ളതും നല്ല കാര്യങ്ങൾക്കുവേണ്ടി ജീവിക്കാനും പ്രവർത്തിക്കാനും മരിക്കാനും വേണ്ട ധൈര്യം അവർക്കു നൽകിയിട്ടുള്ളതും മതമാണ്. എല്ലാ സംസ്കാരവും മതത്തിലാണ് വേരൂന്നിനില്ക്കുന്നത്. വിദ്യാലയങ്ങളിൽ മതപഠനം നിരോധിക്കുകയാണെങ്കിൽ സ്വഭാവസംസ്കരണത്തിനു കാലാന്തരങ്ങളിലൂടെ ഫലപ്രദമായി പ്രവർത്തിച്ചുപോന്നിട്ടുള്ള ഒരു നല്ലകാര്യം നാം നിരാകരിക്കുകയാവും." പക്ഷെ ആ നല്ല കാര്യത്തെ നിരാകരിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള ഒരു പ്രവണതയാണ് നിർഭാഗ്യവശാൽ രാഷ്ട്രനേതാക്കന്മാരിലും വിദ്യാഭ്യാസധുരന്ധരന്മാരിലും നാം ഇന്നു കാണുന്നത്. വിദ്യാലയങ്ങളിൽ മതപഠനം നൽകുന്നതിനു പ്രായോഗികങ്ങളായ ചില വിഷമതകൾ ഉണ്ടായിരിക്കാം. ആ വിഷമതകളെ തരണംചെയ്യുവാൻ ശ്രമിക്കുന്നതിനുപകരം കേവലം നിഷേധാത്മകമായ ഒരു നയം സ്വീകരിക്കുവാനാണ് ചുമതലപ്പെട്ടവർ വെമ്പൽകൊള്ളുന്നത്. അങ്ങനെ മതം അന്ധവിശ്വാസമാണെന്നുള്ള ഒരു അബദ്ധധാരണ കുട്ടികളിൽ വളർത്തുന്നതിനും തദ്വാരാ അവരുടെ അനുദിനജീവിതത്തിൽനിന്നുപോലും മതത്തെ ബഹിഷ്കരിക്കുന്നതിനും ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം സഹായിക്കുന്നു. വളർന്നുവരുന്ന കുട്ടികളുടെ മുൻപിൽ ധാർമ്മികമായി കേവലം ഒരു ശൂന്യത ഈവിധത്തിൽ സൃഷ്ടിക്കുന്നതുകൊണ്ട് അതു് ഒടുവിൽ അച്ചടക്കമില്ലായ്മയുടേയും വഷളത്തത്തിന്റേയും രൂപത്തിൽ ഒരു രോഗമായി വളർന്നുവരുന്നു. രാജാജി ന്യായപൂർവ്വം അവകാശപ്പെടുന്നതുപോലെ, "ഒരു പരാശക്തിയെ ധ്യാനിക്കുകയും ആരാധിക്കുകയുംചെയ്ത് അതിൽനിന്നു ഒരു ശക്തി നമ്മുടേയും മററു വലിയ രാഷ്ട്രങ്ങളുടേയും പൂർവ്വികന്മാർ നേടിയിട്ടില്ലേ? എന്തു വ്യാജമായ അഭിലാഷങ്ങളേയും ദുർബലവികാരങ്ങളേയും ചെറുത്തുനിന്ന് ഉയർന്ന സ്വഭാവഗുണം നിലനിർത്താനുള്ള ശക്തി ആ ആരാധനയിൽനിന്നു നമുക്കു കിട്ടിയിട്ടുണ്ട്." പക്ഷെ ഇന്നു ഭാരതത്തിൽ മതത്തിന്റെ സ്ഥാനം വീരാരാധന കൈയടക്കിയിരിക്കുന്നതുപോലെ തോന്നുന്നു. ആദരണീയരായ ഈ വീരപുരുഷന്മാരുടെ കാലം കടന്നുപോകുന്നതോടുകൂടി അനുഭവപ്പെടുന്ന ശൂന്യത ഭയങ്കരവും സമ്പൂർണ്ണവുമായിരിക്കും. വളർന്നുവരുന്ന തലമുറയെ ഇങ്ങനെയൊരു വിപത്തു ഗ്രസിക്കാതിരിക്കണമെങ്കിൽ, വിദ്യാലയങ്ങളിൽ മതം പഠിപ്പിക്കുകതന്നെ വേണമെന്നു രാജാജി ഉറപ്പിച്ചുപറയുന്നു. "ഇഷ്ടമുള്ളവർക്കു ഇഷ്ടംപോലെ മതകാര്യങ്ങൾ അനുഷ്ഠിക്കാൻ സ്വാതന്ത്ര്യം നൽകിയതുകൊണ്ടു തൃപ്തിപ്പെടാതിരിക്കുക. ഓരോ കുട്ടിക്കും അവനവന്റെ മാതാപിതാക്കളനുവർത്തിക്കുന്ന മതം പഠിക്കാനും ആ മതവിശ്വാസത്തിലൂടെ വളർന്നുവരാനും വേണ്ട സൗകര്യങ്ങൾ നൽകുക. ഇതു ഇളംപ്രായത്തിൽതന്നെ കുട്ടികളുടെ മനസ്സിൽ പതിയണം" എന്നാണു അദ്ദേഹം ഉദ്ബോധിപ്പിക്കുന്നത്. ഇപ്രകാരം ചെയ്യുന്നതായാൽ ആദ്ധ്യാത്മികമൂല്യങ്ങളെയും കർത്തവ്യബോധത്തെയും മനസ്സിലാക്കുകയെന്ന വിദ്യാഭ്യാസത്തിന്റെ ഏററവും പ്രധാനമായ ഉദ്ദേശ്യം നിറവേററാൻ സാധിക്കുന്നതാണ്. "ചീത്ത വിചാരങ്ങളെയും ചീത്ത പ്രവൃത്തികളേയുംകുറിച്ചു കുട്ടികൾക്കു സ്വാഭാവികമായിത്തന്നെ അറപ്പുതോന്നാറാവണം; വൃത്തികെട്ട ഭക്ഷണത്തെപ്പോലെ വൃത്തികെട്ട കാര്യങ്ങളും അവർ പരിവർജ്ജിക്കണം. ഇന്നു മതത്തിന്റെ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. പണത്തിനും ഭൗതികമായ കാര്യങ്ങൾക്കും നാം നൽകുന്ന വില മതത്തിന്റെ ആ ശൂന്യസ്ഥാനം കൈയേറും. അതൊടുവിൽ നമ്മെ നാശത്തിലേക്കു നയിക്കും. 40 കോടി ജനങ്ങൾ ഭൗതികമൂല്യങ്ങളല്ലാതെ മറെറാന്നും അവരെ വഴികാട്ടാനില്ലാതെ മുന്നോട്ടുപോകുന്ന ആ ഗതി, അതാണെന്നെ ഭയപ്പെടുത്തുന്നത്" എന്ന് രാജാജി തുടർന്നു പറയുന്നുണ്ട്. ഭൗതികവസ്തുക്കൾക്കുവേണ്ടിയുള്ള ദാഹം തീർക്കുവാനുള്ള വെമ്പലിന് അനുസരിച്ച് ആദ്ധ്യാത്മികശക്തിയും വളരുന്നില്ലെങ്കിൽ എല്ലാ ക്ഷേമപദ്ധതികളുടെയും അടിത്തറ പുഴങ്ങിമറിഞ്ഞുപോകുമെന്നുള്ള അദ്ദേഹത്തിന്റെ ഉദ്ബോധനം അവഗണിക്കത്തക്കതല്ല. എന്നാൽ മതത്തെ മാററിനിത്തിക്കൊണ്ടു ക്ഷേമപദ്ധതികൾ കെട്ടിപ്പടുക്കാമോയെന്നതാണ് നമ്മുടെ ചില നേതാക്കന്മാരുടെ മനോഭാവമെന്നു തോന്നിപ്പോകുന്നു. പരിഷ്കൃത ജനസമുദായങ്ങൾ തങ്ങളുടെ സംസ്കാരത്തിനു കടപ്പെട്ടിരിക്കുന്നതു മതത്തോടാണെന്നുള്ളത് ഒരു അനിഷേദ്ധ്യവസ്തുതയാണ്. ഭാരതത്തിന്റെ നിലയും ഇതിൽനിന്നു ഭിന്നമല്ല. ആർഷസംസ്കാരത്തിൽ അഭിമാനംകൊള്ളുന്നവർപോലും മതത്തെപ്പററി ബഹുമാനമില്ലാത്തവരായിത്തീരുന്നതു വിചിത്രമായ ഒരു വിരോധാഭാസമായിരിക്കുന്നു. ദൈവത്തെ നിരാകരിച്ചു കേവലം ഭൗതികമായ പ്രബോധനങ്ങളെയും നിർജ്ജീവമായ നീതിവാക്യങ്ങളെയും മാത്രം അവലംബമാക്കി, ജീവിക്കാമെന്ന് വിശ്വസിക്കുന്നതു കേവലം മൗഢ്യമായിരിക്കുന്നെന്നാണ് ഇന്നു സ്വാതന്ത്ര്യത്തിനും സമത്വത്തിനുംവേണ്ടി സമരം നടത്തുന്ന പൂർവ്വയൂറോപ്യൻ രാഷ്ട്രങ്ങളുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. രാജാജി തന്റെ പ്രസംഗം ഉപസംഹരിച്ചിരിക്കുന്നതിങ്ങനെയാണ്: "ഇക്കാലത്തു നമുക്കു പററിയ അബദ്ധത്തിന്റെ ആദിയും അന്തവും നാം ദൈവത്തെ വിസ്മരിച്ചുകളഞ്ഞുവെന്നുള്ളതാണ്. മതബോധനം വിദ്യാലയജീവിതത്തിലെ അപരിത്യാജ്യഘടകമാണ്". അങ്ങനെ നമ്മുടെ ബാലികാബാലന്മാർ സ്വഭാവസംശുദ്ധിയുള്ള സ്ത്രീപുരുഷന്മാരടങ്ങിയ ഒരു പ്രബലസമുദായമായിത്തീരുന്നതും, തദ്വാരാ ഉൽക്കർഷ സമാധാനസമൃദ്ധികൾക്കുവേണ്ടിയുള്ള നമ്മുടെ സാർവ്വദേശീയപദ്ധതികൾ ബലിഷ്ഠവും സുസ്ഥിരവുമായ ഒരു അടിസ്ഥാനത്തിൽ സംവിധാനം ചെയ്യുന്നതിനു നാം പ്രാപ്തരാകുന്നതുമാണ്." നമ്മുടെ രാജ്യത്തിലെ ഏററവും പക്വമതിയായ രാജ്യതന്ത്രജ്ഞനെന്ന പ്രശസ്തിക്കർഹനായ രാജാജിയുടെ കാലോചിതമായ ഈ ഉദ്ബോധനം രാഷ്ട്രനേതാക്കന്മാരുടെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

—o—

### പ്രസാധകക്കുറിപ്പുകൾ

## ക്ലബ്ബുകളും സാമൂഹ്യ സ്ഥാപനങ്ങളും

ശരിയായ രീതിയിൽ നടത്തപ്പെടുന്ന യുവജനക്ലബ്ബുകളുടെയും അതുപോലെയുള്ള മററു സാമൂഹ്യസ്ഥാപനങ്ങളുടെയും പ്രയോജനത്തെ സ്വാഗതം ചെയ്യവേതന്നെ അവമൂലം അത്യാവശ്യകടമകളിൽ നിന്നു തദംഗങ്ങൾ ഒഴിഞ്ഞുമാറുവാൻ ഇടവരുന്നതു ഖേദകരമായിരിക്കുമെന്നു ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തത്തംപള്ളി സി. വൈ. എം. എ. വാർഷികത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഭൗതികപുരോഗതിയിൽ അധിഷ്ഠിതമായ സാമൂഹ്യജീവിതരീതികൾമൂലം, കുടുംബങ്ങളിൽ കൂട്ടായ ജീവിതവും പ്രാർത്ഥനയും കുറവായതാണു യൂറോപ്യൻ രാജ്യങ്ങളിലെ ധാർമ്മികാധഃപതനത്തിനും കുടുംബശിഥിലീകരണത്തിനും മുഖ്യനിദാന"മെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. "പ്രാർത്ഥനയുടെ സമയത്തു കുടുംബത്തിലില്ലാത്ത പിതാവിനോ മാതാവിനോ അവരുടെ കുഞ്ഞുങ്ങൾക്കു ശരിയായ മാതൃക നൽകുന്നതിനോ, ക്രിസ്തീയ ചൈതന്യം അവരിൽ പകരുന്നതിനോ സാധിക്കുന്നതല്ല. മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള പരിപാവനമായ ബന്ധത്തെ താറുമാറാക്കാതെ, ദൈവത്തിൽനിന്നും അവർക്കു ലഭിച്ചിട്ടുള്ള കടമകളെ മററാക്കും കൈമാററം ചെയ്യാതെ, മാതാപിതാക്കൾ അവരുടെ ആനന്ദവും ആശ്വാസവും തങ്ങളുടെ കുടുംബങ്ങളിൽ തന്നെ കണ്ടെത്തുകയെന്നതാണു സമുദായസുസ്ഥിതിയുടെ ആണിക്കല്ല്. ഈ കർത്തവ്യനിർവഹണത്തിനു വിഘാതമായ രീതിയിലുള്ള ക്ലബ്ബുകളുടെയും മററും പ്രവർത്തനം ഒരിക്കലും ആശാസ്യമല്ലാ" എന്നുള്ള തിരുമനസ്സിലെ ഉദ്ബോധനം പ്രത്യേകം ശ്രദ്ധേയമാണ്. സംഘടിച്ചു പ്രവർത്തിക്കുവാനും സംഘടിച്ച് ആനന്ദിക്കുവാനുമുള്ള സന്ദർഭങ്ങളെ കത്തോലിക്കാസഭ ഒരിക്കലും തടയാറില്ല. എന്നാൽ അങ്ങനെയുള്ള സംരംഭങ്ങൾ മൗലികലക്ഷ്യങ്ങൾക്കു വിഘാതമായ തരത്തിലാകരുതെന്നുള്ളതിൽ സഭ എപ്പോഴും നിഷ്കർഷിക്കാറുണ്ട്. കത്തോലിക്കായുവാക്കൾ കഴിയുന്നതും കത്തോലിക്കാ സംഘടനകളിലും, കത്തോലിക്കാ ആദർശങ്ങൾക്കു വിരുദ്ധമല്ലാത്ത സംഘടനകളിലും മാത്രമേ ഭാഗഭാക്കാകാവൂ എന്നു നിഷ്കർഷിക്കപ്പെടുന്നതിന്റെ ഒരു പ്രധാന കാരണം, പ്രവർത്തനത്തിന്റെ ആവേശത്തിൽ അവർ തങ്ങളുടെ മൗലിക ചുമതലകൾ വിസ്മരിച്ചുപോകുവാൻ ഇടവരരുതെന്നു കരുതിയാണ്".

## മന്ത്രി അഭിനന്ദിക്കുന്നു

ആന്ധ്രപ്രദേശ് മെഡിക്കൽ മന്ത്രി നവാബ് മെഹ്ദി നവാസ് യാർജംഗ് ബഹദൂർ ഈയിടെ ഗുണ്ടൂർ സെൻറ് ജോസഫ്സ് ആശുപത്രി സന്ദർശിച്ച അവസരത്തിൽ, ആതുരസംരക്ഷണത്തിൽ അവിടത്തെ കന്യാസ്ത്രീകൾ ചെയ്യുന്ന സേവനത്തെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി: "മദർ, സിസ്റ്റർ—ആ നാമങ്ങൾ എത്രയോ ശ്രവണസുഖദമായിരിക്കുന്നു. ഇവിടെ നിങ്ങൾ അതിനെ അന്വർത്ഥമാക്കിത്തന്നെ ജീവിതം നയിക്കുന്നു. ഇവിടെ നിങ്ങളുടെ പരിചരണത്തിനായി വരുന്ന ഏവരെയും നിങ്ങൾ സ്വന്തം സഹോദരനെയോ സഹോദരിയെയോ പോലെ പരിഗണിക്കുന്നു. വിദേശമിഷനറിമാരെ വിദേശികളായി കണക്കാക്കിയിരുന്ന കാലം എന്നേ കഴിഞ്ഞുപോയിരിക്കുന്നു. ഇന്ത്യയുടെ അഭിവൃദ്ധിക്കുവേണ്ടി അവർ നൽകിയിരിക്കുന്ന സംഭാവനയിൽ എനിക്കെപ്പോഴും അത്യധികം ബഹുമാനമാണുള്ളത്. പൊതുജനങ്ങൾക്കു വേണ്ടി നിങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത് അത്യുത്തമവും അതിമഹത്തുമായ ഒരു സേവനമാണ്. അതിനു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. കഴിഞ്ഞകാലങ്ങളിലെപ്പോലെ നിങ്ങൾ നിങ്ങളുടെ സേവനം തുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു." നിയോഗിക്കമ്മിററി റിപ്പോർട്ടിന്റെ മലീമസമായ അന്തരീക്ഷത്തിൽ അല്പം ആശ്വാസത്തിനു വക നൽകുന്നതാണ് മന്ത്രിയുടെ ഈ അഭിനന്ദനമെന്നതിനു തർക്കമില്ല. ക്രൈസ്തവമിഷ്യനറിമാർ നടത്തുന്ന മഹത്തായ സാമൂഹ്യസേവനങ്ങളെ ഉത്തരവാദിത്വബോധമുള്ള ആർക്കും അഭിനന്ദിക്കാതെ തരമില്ല.

## അടുത്തയാഴ്ചയിൽ

ജാനുവരി

24 വ്യാ: വി. തിമോത്തയോസ്

25 വെ: വി. പൗലോസിന്റെ മനസ്സുതിരിവ്

26 ശ: വി. പൊലിക്കാർപ്പോസ്

27 ഞാ: ദനഹ 3-ാം ഞായർ തിരുക്കുടുംബം

28 തി: വി. അഗ്നസ്

29 ചൊ: വി. ഫ്രാൻസിസ് ദെസാലസ്

30 ബു: വി. മത്തീന

## സെക്യൂ. കൗൺസിൽ പ്രസിഡണ്ട്

ഐക്യരാഷ്ട്രസെക്യൂരിററി കൗൺസിൽ പ്രസിഡണ്ടും ജനറൽ അസംബ്ളി പൊളിററിക്കൽ കമ്മിററി ചെയർമനുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഡോക്ടർ വിക്ടറർ ആൻഡ്രസ് ബെലോൻഡെ, പെറുവിൽനിന്നുള്ള പ്രതിനിധിസംഘത്തിന്റെ നേതാവും, ലിമായിലെ കത്തോലിക്കാ സർവ്വകലാശാലയുടെ മുൻറെക്ടറുമാണ്. ചരിത്രകാരൻ, രാജ്യതന്ത്രജ്ഞൻ, എന്നീ നിലകളിൽ പ്രഖ്യാതനായ ഇദ്ദേഹത്തിന്റെ മുദ്രാവാക്യം "ദൈവത്തോടു പ്രാർത്ഥിക്കുക; മനുഷ്യരോടുകൂടി ചിരിക്കുക" എന്നതാണ്. വിശുദ്ധ അമ്മ ത്രേസ്യായുടെയും കുരിശിന്റെ വിശുദ്ധ യോഹന്നാന്റെയും കൃതികളിൽനിന്ന് ഒരു ഭാഗം വായിക്കുക ഉറക്കത്തിനു മുൻപു അദ്ദേഹത്തിന്റെ ഒരു പരിപാടിയാകുന്നു. അനേകം ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. ഫ്രഞ്ച് വിൻസെൻഷ്യൻ വൈദികരുടെ കീഴിൽ സിദ്ധിച്ച ശിക്ഷണമാണു തനിക്കനുഭവപ്പെട്ടിട്ടുള്ള ഏററവും വലിയ സ്വാധീനശക്തിയെന്ന് അദ്ദേഹം അഭിമാനിക്കുന്നു.

# വിവിധവൃത്താന്തങ്ങൾ

## സഭയും രാഷ്ട്രവും തമ്മിൽ

പോളണ്ടിൽ ഈയിടെ നിയമിതമായ സഭയും രാഷ്ട്രവും ഉൾപ്പെട്ട സംയുക്തകമ്മീഷൻ സ്റ്റേറ്റ് വിദ്യാലയങ്ങളിൽ മതപാഠം നടപ്പാക്കുന്നതിനും, വൈദികസ്ഥാനങ്ങളിലേക്കുള്ള നിയമനങ്ങളെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ റദ്ദാക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണല്ലോ. മററു പ്രശ്നങ്ങളും അവരുടെ പര്യാലോചനയിലിരിക്കുകയാണ്. അവയിൽ പ്രധാനമായവ സഭാസംഘങ്ങളുടെകാര്യവും കാരിത്താസ് തുടങ്ങിയുള്ള കത്തോലിക്കാ സംഘടനകളുടെ കാര്യവുമാണ്. അതുപോലെതന്നെ കത്തോലിക്കാ വിദ്യാലയങ്ങളും സെമ്മിനാരികളും. ഇവയെല്ലാംതന്നെ ഗവമ്മെൻറ് ആശുപത്രികളോ, സൈനികവിദ്യാലയങ്ങളോ ആക്കിയിരിക്കുകയാണ്. കത്തോലിക്കർ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുകയില്ലായെന്നു് ഉറപ്പുനൽകുന്നപക്ഷം ഇവയുടെ കാര്യത്തിലും അനുകൂലമായ തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

## മേപ്പൽ സന്ദർശനം

1957-ൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ആദ്യമായി സന്ദർശനമനുവദിച്ചതു റോമായിലെ മേയർ സിഞ്ഞോർ തുപ്പിനിക്കും നഗരസഭാംഗങ്ങൾക്കുമായിരുന്നു. മേയറുമായി തിരുമേനി റോമയിലെ വാഹനഗതാഗതത്തെപ്പററിയും സാമൂഹ്യക്ഷേമപ്രശ്നങ്ങളെപ്പററിയും ചർച്ചനടത്തുകയുണ്ടായി സാധുക്കളുടെ കുടിപാർപ്പിനുവേണ്ടി ഗവർമെൻറും നഗരസഭയും ആരംഭിച്ചിരിക്കുന്ന ഭവനനിർമ്മാണപദ്ധതികളുടെ വിശദാംശങ്ങളെപ്പററിതിരുമേനിപലതും ചോദിച്ചു മനസ്സിലാക്കി. നവവത്സരദിനമായ അന്നുതന്നെ സെൻറ് പീറേറഴ്സ അങ്കണത്തിൽ തടിച്ചുകൂടിയിരുന്ന 20,000 ത്തിൽപ്പരമാളുകളെ തിരുമേനി പതിവുപോലെ ആശീർവ്വദിക്കുകയുണ്ടായി.

## കള്ളത്തെളിവായിരുന്നെന്നു്

മെത്രാന്മാർക്കും വൈദികർക്കും എതിരായി ഹാജരാക്കപ്പെട്ടിട്ടുള്ള "തെളിവുകൾ" എല്ലാം കള്ളമായി നിർമ്മിച്ചവയായിരുന്നുവെന്നു ഇരുമ്പുമറയ്ക്കു പിന്നിലുള്ള കമ്മ്യൂണിസ്റ്റുകാർ ഒരിക്കൽക്കൂടി സമ്മതിച്ചിരിക്കുന്നു! ഇപ്പോൾ പോളണ്ടിൽനിന്നാണ് അതുണ്ടായിരിക്കുന്നതു്. 1953-ൽ വിസ്തരിച്ചു ശിക്ഷിക്കപ്പെട്ട കീൽസിലെ കാസ്മാരെക്ക് മെത്രാനും മൂന്നു വൈദികരും ഒരു കന്യാസ്ത്രീയും നിരപരാധികളാണെന്നു് ഇപ്പോൾ സമ്മതിക്കപ്പെട്ടിരിക്കുന്നു. സ്റ്റേററിനെതിരായി ചാരവൃത്തി നടത്തിയെന്നായിരുന്നു അവരുടെമേൽ ആരോപിതമായ കുററം. കേസുവിസ്താരത്തിൽ മെത്രാൻ ഈ കുററങ്ങളൊക്കെ സമ്മതിച്ചു; അഥവാ അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിച്ചു. മെത്രാനു 12 വർഷവും, വൈദികർക്കു 10 വർഷംവീതവും കന്യാസ്ത്രീക്കു 5 വർഷവും ജയിൽശിക്ഷ വിധിക്കുകയുംചെയ്തു. ഇപ്പോൾ വാർസോയിലുള്ള പോളണ്ടിൻെറ സുപ്രീം മിലിട്ടറി കോടതി ആ ശിക്ഷകൾ അസ്ഥിരപ്പെടുത്തിയിരിക്കുന്നു. മെത്രാൻേറയും മററും മേൽ കൊണ്ടുവരപ്പെട്ട ചാർജ്ജുകൾ കൃത്രിമമായ ചില തെളിവുകളെ അടിസ്ഥാനമാക്കിയായിരുന്നെന്നും പ്രതികൾ തീർത്തും നിരപരാധികളാണെന്നു അന്വേഷണം തെളിയിച്ചിരിക്കുന്നുവെന്നും കോടതി പ്രസ്താവിച്ചു.

## എങ്ങനെ സമ്മതിച്ചു?

മെത്രാൻ തീർത്തും നിരപരാധിയാണെന്നുള്ള ഈ പ്രഖ്യാപനത്തെത്തുടന്നു്, അദ്ദേഹത്തെ തൻെറ ഭദ്രാസനത്തിൽ പുനപ്രതിഷ്ഠിക്കുന്നതാണെന്നു് വാർസോ റേഡിയോയുടെ ഒരു പ്രഖ്യാപനത്തിൽനിന്നു വ്യക്തമാകുന്നു. എന്നാൽ വ്യക്തമാകാത്ത ഒന്നുണ്ടു്. നിരപരാധിയായ അദ്ദേഹം താൻ കുററം ചെയ്തുവെന്നു് എങ്ങനെ സമ്മതിച്ചു! കേസു് വിസ്താരത്തിനുമുൻപു് കുററം സമ്മതിപ്പിക്കുന്നതിനു കമ്മ്യൂണിസ്റ്റുകാർക്കു പതിവുള്ള അടവുകളെല്ലാം അദ്ദേഹത്തിൻെറമേലും പ്രയോഗിച്ചുവെന്നാണ് ഇതു വ്യക്തമാക്കുന്നതു് മിലിട്ടറികോടതിതന്നെ ഈ വസ്തുത സമ്മതിച്ചിരിക്കുന്നു. "നൈയ്യാമികസിദ്ധാന്തങ്ങൾക്കു വിരുദ്ധമായവിധം നടത്തപ്പെട്ട" ചോദ്യംചെയ്യലിൻെറ ഫലമായി പ്രതികൾ സമ്മതിച്ച ഏററുപറച്ചിലിനെക്കൂടി ആധാരമാക്കിയായിരുന്നു ശിക്ഷയെന്നാണ് കോടതി പറയുന്നതു്. സോവ്യററു്നിയന്ത്രണത്തിലുള്ള കമ്മ്യൂണിസം അധികാരത്തിൽ വന്നാലുള്ള വിപത്തുകൾക്കു ഒന്നാംതരം ഒരുദാഹരണമായിരുന്നു ആ ശിക്ഷ.

## പോളിഷ്തിരഞ്ഞെടുപ്പ്

ആസന്നമായ പോളണ്ടിലെ തിരഞ്ഞെടുപ്പ് അവിടത്തെ കത്തോലിക്കരുടെ ഐക്യത്തെ ഛിന്നഭിന്നമാക്കുമോയെന്നു സംശയിക്കത്തക്ക ഒരു നിലയിലായിരിക്കുന്നു. കമ്മ്യൂണിസ്റ്റുകളല്ലാത്ത പാർട്ടികൾക്കു സ്ഥാനാർത്ഥികളെ നിത്തുവാൻ ഇപ്പോഴും പോളണ്ടിൽ അനുവാദമില്ല. പാർലമെൻറിലെ 459 സീററുകളിലേക്ക് 720 പേർ സ്ഥാനാത്ഥികളായുണ്ടു് ഇവരിൽ 18 പേർമാത്രമാണ് കത്തോലിക്കാസംഘടനകളുടെ പ്രതിനിധികളായുള്ളതു്. ബാക്കിയുള്ളവരെല്ലാം കമ്മ്യൂണിസ്റ്റുകളാണ്. തന്മൂലം തിരഞ്ഞെടുപ്പിനെ ബോയിക്കോട്ടുചെയ്യണമെന്നാണ് വിദ്യാത്ഥികളടക്കമുള്ള ചെറുപ്പക്കാരുടെ വാദം. പ്രായംചെന്നവരാകട്ടെ ഉള്ളതിൽ ഭേദമായതിനു വോട്ടുചെയ്യാമെന്ന പക്ഷക്കാരാണ്. കാരണം ഭരണകൂടത്തോടു വിയോജിച്ചുനിന്നാൽ കൂടുതൽ വിപത്തിനു കാരണമായെങ്കിലോ യെന്നു അവർ ഭയപ്പെടുന്നു. പോളിഷ്കർദ്ദിനാൾ ഈ ഒടുവിൽ പറഞ്ഞ അഭിപ്രായക്കാരുടെ പക്ഷത്താണു്.

## ഇൻഡ്യാ വാർത്തകൾ

പശ്ചിമബംഗാൾ ഒഴികെയുള്ള ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അടുത്ത പൊതുതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശപത്രികകൾ സമർപ്പിക്കേണ്ട അവസാനതീയതി ജനുവരി 29 ആണ്. ഫെബ്രുവരി 1-ാംനു സൂക്ഷ്മപരിശോധന നടത്തും. സ്ഥാനാത്ഥിത്വം പിൻവലിക്കാനുള്ള അവസാനതീയതി ഫെബ്രുവരി 4 ആണ്.

—കോൺഗ്രസ്പാർട്ടിയുടെ അഖിലേന്ത്യാ തിരഞ്ഞെടുപ്പുപ്രചരണോൽഘാടനം ജനുവരി 29-ാം തീയതി ബോംബെയിൽവെച്ചു നെഹ്റു നിർവ്വഹിക്കുന്നതാണ്.

—ഒറീസായിൽ മഹാനദിയിൽ നിർമ്മിച്ചിരിക്കുന്ന ഹിരാക്കുഡ് അണക്കെട്ട പ്രധാനമന്ത്രി നെഹ്റു ഉദ്ഘാടനംചെയ്തിരിക്കുന്നു. 16 നാഴിക നീളമുള്ള ഈ അണക്കെട്ട ലോകത്തിലേക്കും നീളമേറിയതാണ്.

—നാഷനൽ ബുക്കു ട്രസ്റ്റിൻെറ ചെയർമനായി ഡോക്ടർ ജോൺ മത്തായിയെ നിയമിച്ചിരിക്കുന്നു.

—ജനുവരി 26-ാംനു ന്യൂഡൽഹിയിൽ നടക്കുന്ന റിപ്പബ്ളിക്ക് ദിനാഘോഷങ്ങളിൽ ബ്രിട്ടൻെറ സായുധസേനയിലെ നാലു കേഡററുകൾ പങ്കുകൊള്ളുന്നതാണ്.

—അതിശൈത്യംമൂലം അൽമോറാ ഡിസ്ട്രിക്ടിൽ 3 പേർ മൃതിയടഞ്ഞിരിക്കുന്നു.

—എലിമെൻററിസ്കൂൾ അദ്ധ്യാപകന്മാർക്കു ദേശീയാടിസ്ഥാനത്തിൽ ഒരു മിനിമം ശമ്പളനിരക്കു നിശ്ചയിക്കുന്നകാര്യം കേന്ദ്രഗവമ്മെൻറിൻെറ ആലോചനയിലിരിക്കുന്നു.

—1956-ലെ ഇൻഡ്യൻ ബാങ്കിങ്ങു കമ്പനീസ് ഭേദഗതിനിയമം ജനുവരി 14-ാംതീയതി പ്രാബല്യത്തിൽ വന്നിരിക്കുന്നു.

—ഇൻഡ്യൻ വന്യമൃഗസംരക്ഷണബോർഡിൻെറ എക്സിക്യൂട്ടീവ കമ്മിററി ഈ ദിവസങ്ങളിൽ പെരിയാർ വന്യമൃഗസങ്കേതത്തിൽവെച്ചു നടന്നിരിക്കുന്നു

—കേന്ദ്രനാളികേരക്കമ്മിററിയുടെ അടുത്ത യോഗം ഫെബ്രുവരി 4 മുതൽ 6 വരെ തീയതികളിൽ ബാങ്കളൂർവച്ചു നടക്കുന്നതാണ്.

—സിറിയൻ പ്രസിഡൻറു് മി കവാട്ട്ലി സന്ദർശനാർത്ഥം ഇൻഡ്യയിലെത്തിയിരിക്കുന്നു.

—ചിന്തിക്കാനുള്ള എല്ലാ കഴിവും ഇററ്യൻ കമ്മ്യൂണിസ്റ്റുകൾക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്നും, 100 വർഷങ്ങൾക്കു മുൻപു യൂറോപ്പിൽ മുളയെടുത്ത ആശയങ്ങളെ അവരിന്നും കണ്ണടച്ചു പിൻതുടരുകയാണെന്നും പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചിരിക്കുന്നു.

## കേരളവാർത്തകൾ

കൊച്ചിയും മധുരയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റെയിൽവേലൈനിനു സർവ്വേ നടത്തുന്നതിനെപ്പററി കേന്ദ്രഗവമ്മെൻറ് ആലോചിച്ചുവരുന്നതായറിയുന്നു.

—തൃശ്ശൂർ സ്ഥാപിച്ചിരിക്കുന്ന റേഡിയോ ട്രാൻസ്മിററർ സ്റ്റേഷൻ കേരളഗവർണർ ഉൽഘാടനം ചെയ്തിരിക്കുന്നു.

—തിരഞ്ഞെടുപ്പു സംബന്ധിച്ചു് ഒരു ധാരണയിലെത്തുവാൻ മുസ്ലീം ലീഗും കോൺഗ്രസ്സും തമ്മിൽ നടന്ന കൂടിയാലോചനകൾ പരാജയപ്പെട്ടിരിക്കുന്നു. മുസ്ലീംലീഗും, പി എസ് പി യും, കെ പി പി യും തമ്മിലാണു ഒരു ധാരണ ഉണ്ടായിരിക്കുന്നതു്. കമ്മ്യൂണിസ്റ്റ് പാർട്ടിയും ആർ എസ് പി യും തമ്മിൽ തെററിപ്പിരിഞ്ഞിരിക്കുന്നു.

—ലേബർ കമ്മീഷണർ മി. ജി. കുഞ്ഞുകൃഷ്ണപിള്ളയെ സംസ്ഥാന മൊട്ടുക്കു അധികാരവ്യാപ്തിയോടുകൂടി സ്റ്റേററു എംപ്ലോയീസ്പ്രോവിഡൻറു ഫണ്ടു ഇൻസ്പെക്ടരായി നിയമിച്ചിരിക്കുന്നു.

—കോഴിക്കോട്ട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ ഓരോ ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ ആരംഭിക്കുന്നതിനു ഗവമ്മെൻറുത്തരവായിരിക്കുന്നു തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ ഇപ്പോൾ പ്രവത്തനം നടത്തിക്കൊണ്ടിരിക്കുന്ന അഡീഷണൽ ഇൻഡസ്ട്രിയൽ ട്രൈബൂണലുകൾ അവയുടെ മുൻപാകെ ഇപ്പോൾ നിലവിലിരിക്കുന്ന കേസുകൾ തീരുന്നതോടെ പ്രവത്തനമവസാനിക്കുന്നതാണ്.

—ചെമ്മീൻ ശേഖരിക്കുന്നതിനും പ്രിസർവ് ചെയ്യുന്നതിനും വിദേശങ്ങളിലേക്കു കയററിഅയക്കുന്നതിനുമുള്ള സൗകര്യങ്ങളോടുകൂടിയ ഒരു കേന്ദ്രം ടാററാ ഗ്രൂപ്പിൻെറ ആഭിമുഖ്യത്തിൽ എറണാകുളത്തു സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—അഖിലേന്ത്യാ കൈത്തൊഴിൽ ബോർഡിൻെറ ആഭിമുഖ്യത്തിൽ 13 കൈത്തൊഴിലുകളിൽ 860 പേർക്കു പരിശീലനം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

—കേരളത്തിലെ പ്രൈമറിസ്കൂളുകളിൽ നിലവിലിരിക്കുന്ന ഷിഫ്ററുസമ്പ്രദായം നിറുത്തുന്നതിനും അദ്ധ്യാപകശമ്പളം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകണമെന്നു സംസ്ഥാനഗവമ്മെൻറു കേന്ദ്രഗവമ്മെൻറിനോടു് ആവശ്യപ്പെട്ടിരിക്കുന്നു.

—ചാലക്കുടി സി. വൈ. എം. എ., സെൻറ് വിൻസെൻറ് ഡി പോൾ, സെൻറ് മേരീസ് സൊഡാലിററി, സത്യാരാധനസംഘം എന്നിവയുടെ സംയുക്തവാർഷികസമ്മേളനം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു.

—ഹൈക്കോടതികൾക്കു് ഡിവിഷൻബെഞ്ചുകൾ അനുവദിക്കുന്ന കാര്യത്തിൽ ഒരു ഐകരൂപ്യമുണ്ടാക്കണമെന്നു കേരളഗവർമെൻറ് കേന്ദ്രഗവമ്മെൻറിനോടു് ആവശ്യപ്പെട്ടിരിക്കുന്നു.

—ഇൻഡ്യാ പെപ്പർ ആൻഡ് സ്പൈസസ് ട്രേഡ് അസോസിയേഷൻേറയും കുരുമുളകു് സാട്ടാക്കച്ചവടത്തിൻേറയും ഉദ്ഘാടനം മട്ടാഞ്ചേരിയിൽവച്ചു് ഇൻഡ്യാഗവർമെൻറിൻെറ ഫോർവേഡ് മാക്കററ് കമ്മീഷൻ ചെയർമൻ ശ്രീ ഡബ്ളിയു. ആർ. നാതു നിർവ്വഹിച്ചിരിക്കുന്നു.

—കടിൽവ്യവസായ വകുപ്പിൽ 125-225 ക. ഗ്രേഡിൽ 25 എക്സ്റ്റൻഷൻ ഓഫീസർമാരെക്കൂടി നിയമിക്കുന്നതിനു ഗവർമ്മെൻറു് അനുവദിച്ചിരിക്കുന്നു.

ആദ്ധ്യാത്മികവീഥി

## ദൈവമാതൃഭക്തി

ദൈവത്തിൻെറ വത്സലമക്കളേ,

കുർബാന നമ്മുടെ ജീവിതത്തിൻെറ കേന്ദ്രമാക്കേണ്ടതാണെന്നു വേദശാസ്ത്രജ്ഞന്മാരെല്ലാവരും പഠിപ്പിക്കുന്നുണ്ടു്. അതെങ്ങനെയാണ് ചെയ്യേണ്ടതെന്നും പരിത്യാഗത്തിനു അതിലുള്ള സ്ഥാനമെന്താണെന്നും പ്രതിനിമിഷം അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ സംബന്ധിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്നും മററും കഴിഞ്ഞ ഏതാനും ലക്കങ്ങളിലായി പറയുകയുണ്ടായല്ലോ.

ഇനി ദൈവമാതൃഭക്തിയെക്കുറിച്ചു് ചിലതെല്ലാം പറയാം. ഇപ്പോൾ കേരളം സന്ദർശിച്ചുകൊണ്ടിരിക്കുന്ന അഖിലഭാരത സൊഡാലിററി ഡയറക്ടർ റവ. ഫാദർ മുത്തുമാല എസ്. ജെ. യുടെ പ്രസംഗം കേൾക്കാൻ സൗകര്യപ്പെടാത്തവരെ പ്രധാനമായി ഉദ്ദേശിച്ചാണ് ഇതെഴുതുന്നതു്.

സൊഡാലിററി അംഗങ്ങൾ മാത്രമല്ല സകല ക്രിസ്ത്യാനികളും പരിശുദ്ധ കന്യകാമറിയത്തിൻെറ മക്കളാണു്. മിശിഹാ തലയായിട്ടുള്ള മൗതികശരീരത്തിൻെറ അവയവങ്ങളാണല്ലോ നാമെല്ലാവരും. തലയുടെ അമ്മതന്നെയാണ് അവയവങ്ങളുടെയും അമ്മ. പ്രകൃതിയിൽ തലയ്ക്കു ഒരമ്മയും അവയവങ്ങൾക്കു മറെറാരമ്മയും എന്ന രീതി ഒരിക്കലും ഒരിടത്തും നാം കണ്ടിട്ടില്ല.

കുരിശിൻ ചുവട്ടിൽ വച്ചു "ഇതാ നിൻെറ മകൻ" എന്നു വി. യോഹന്നാനെ കാണിച്ചുകൊണ്ടു സ്വമാതാവിനോടും "ഇതാ നിൻെറ അമ്മ" എന്നു വി യോഹന്നാനോടും ദിവ്യരക്ഷകൻ അരുളിച്ചെയ്തപ്പോൾ മേൽപ്പറഞ്ഞ വസ്തുത പരസ്യമായി പ്രഖ്യാപനം ചെയ്യുക മാത്രമാണു ചെയ്തതെന്നു പല വേദശാസ്ത്രജ്ഞന്മാരും പഠിപ്പിക്കുന്നു.

മറിയത്തിൻെറ മക്കൾ എന്ന നിലയിൽ നാം എങ്ങനെയാണ വർത്തിക്കേണ്ടതെന്നു അടുത്തതായി നോക്കാം. അവിടത്തെ സ്തുതിക്കായി നാം സാധാരണ ചെയ്തുവരാറുള്ള ഭക്താഭ്യാസങ്ങൾ തുടന്നുകൊണ്ടുപോകുന്നതിനു പുറമെ താഴെ പറയുന്ന നാലു സംഗതികളിൽ കൂടി പ്രത്യേകമായി ശ്രദ്ധിക്കാം.

1. എല്ലാ സംശയങ്ങളിലും മാതാവിനോടു ആലോചന ചോദിക്കണം.

2. എല്ലാ ദുഃഖസങ്കടങ്ങളിലും അവിടുത്തെപ്പക്കൽ അഭയം തേടണം.


3. മറിയം ഒരു രാജ്ഞിയാകയാൽ അവളുടെ മക്കളായ നാമെല്ലാവരും രാജകുമാരന്മാരും രാജകുമാരികളും ആണെന്നുള്ള ബോദ്ധ്യത്തോടുകൂടി വത്തിക്കണം.

4. നല്ല മക്കളെപ്പോലെ മാതാവിൻെറ സങ്കടങ്ങളിൽ അവളെ ആശ്വസിപ്പിക്കുകയും എപ്പോഴും അവൾക്കു പ്രസാദജനകമായവ ചെയ്യുകയും വേണം.

ദിവ്യബലി നമ്മുടെ ജീവിതത്തിൻെറ കേന്ദ്രമാക്കുന്നതിനു രാവിലെ അരമുക്കാൽ മണിക്കൂർ പള്ളിയിൽ ചെലവഴിക്കുന്നതുകൊണ്ടു മാത്രം മതിയാകുകയില്ല. ദിവസത്തിലെ ഇരുപത്തിനാലു മണിക്കൂറും പരിത്യാഗപരമായ ഒരു ജീവിതം നയിക്കുന്നതിനു ശ്രമിക്കേണ്ടതാണെന്നു പറയുകയുണ്ടായല്ലോ. അതുപോലെതന്നെ മാതാവിനോടുള്ള ഭക്തി ഉത്തരീയം ധരിക്കുന്നതുകൊണ്ടോ പ്രതിദിനം ഒരു ജപമാല ചൊല്ലുന്നതുകൊണ്ടോ മാത്രം പ്രദശിപ്പിക്കുക സാദ്ധ്യമല്ല.

മേൽപ്പറഞ്ഞ നാലു മാർഗ്ഗങ്ങളിൽക്കൂടി എല്ലാ സമയവും നാം ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതു വേണ്ടവണ്ണം ചെയ്യുന്നതിനു ഓരോ മാർഗ്ഗത്തെക്കുറിച്ചും കുറേക്കൂടി വിശദമായി അടുത്ത ഏതാനും ലക്കങ്ങളിൽ പറയാം.

എന്നു് പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്



## ക്രിസ്തുനഗറിലെ ക്രിസ്തുമസ് ആഘോഷം

ഹൈന്ദവകേന്ദ്രമായ കാശിയിൽ നവമായി മുളച്ചുവരുന്ന ക്രിസ്തുനഗരത്തിൽ ഇൻഡ്യൻ മിഷനറിസഭയുടെ ആഭിമുഖ്യത്തിൽ, ആഘോഷിക്കപ്പെടുന്ന രണ്ടു മഹാമഹങ്ങളാണു് പിറവിത്തിരുനാളും ഉയിർപ്പുതിരുനാളും. ഈ വർഷവും പതിവുപോലെ ക്രിസ്തുമസ്സ് വളരെ മെച്ചമായി കൊണ്ടാടി. നോയമ്പിന്റെ ഒന്നാം ഞായറാഴ്ച ക്രിസ്തുവിന്റെ ആഗമനത്തിനായി ഒരുങ്ങുവാൻ സഭാംഗങ്ങളെ സുപ്പീരിയർ ജനറൽ ആഹ്വാനം ചെയ്തു. ഡിസംബർ 8-ാംനു- തുടങ്ങി എട്ടുദിവസത്തേക്കു് ഒരു ധ്യാനം നടത്തി എല്ലാവരും ക്രിസ്തുമസ്സിനു ഒരുങ്ങി. വൈദികർ സഭയുടെ വക "മാതൃധാം" ആശ്രമത്തിലാണു് ധ്യാനം നടത്തിയതു്. ധ്യാനത്തിനുശേഷം ക്രിസ്തുമസ്സിനു വേണ്ട ബാഹ്യഒരുക്കങ്ങൾ സമാരംഭിച്ചു. ചാപ്പലും മിഷ്യൻഭവനവും വളരെ കമനീയമായി അലങ്കരിക്കപ്പെട്ടു. ഇവയ്ക്കു മകുടമെന്നോണം മനോഹരമായ ഒരു കാലിത്തൊഴുത്തും നിർമ്മിക്കപ്പെട്ടു. ക്രിസ്തുമസ്സിന്റെ തലേദിവസം സഭാംഗങ്ങൾ ഒരിക്കൽക്കൂടി ഒച്ചപ്പാടുകളിൽനിന്നകന്നു്, ബാഹ്യചിന്തകൾ വെടിഞ്ഞു്, ദൈവപുത്രന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ചുള്ള മഹാരഹസ്യങ്ങളെപ്പററി ധ്യാനത്തിൽ വ്യാപൃതരായി.

അങ്ങനെ പ്രതീക്ഷിതമായ ക്രിസ്തുമസ്സ് രാത്രിയും വന്നുചേർന്നു. ചുററുപാടുമുള്ള നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ക്രിസ്തുനഗരത്തിലെ "ഗ്രാമഫോൺ" ക്രിസ്തുമസ്സ്ഗാനം ഉച്ചത്തിൽ പാടി. എല്ലാവരും ഉണർന്നു ക്രിസ്തുമസ്സ് ആഘോഷത്തിനു തയ്യാറായി. അല്പം അകലെ കാശീനഗരവും അവിടെ സ്ഥിതിചെയ്യുന്ന നൂറുനൂറു ക്ഷേത്രങ്ങളും അന്ധകാരത്തിൽ സ്ഥിതിചെയ്യുമ്പോൾ, ക്രിസ്തുനഗരവും അവിടത്തെ ചെറുചാപ്പലും പ്രഭാപടലത്താൽ പ്രശോഭിതമായി കാണപ്പെട്ടു. മൂന്നുനിലയുള്ള മിഷൻ ഭവനത്തിന്റെ മുകൾത്തട്ടിൽ ചെറുവിളക്കുകൾ നിരനിരയായി തെളിഞ്ഞുമിന്നി. ചുററുപാടുമുള്ള ഗ്രാമങ്ങളിലുള്ള ക്രൈസ്തവേതരർ കൂരിരുളിൽ കൂർക്കംവലിച്ചുറങ്ങുമ്പോൾ ക്രിസ്തുനഗരവാസികൾ—ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നു മഹാമിഷനറിയായ ഈശോയോടുള്ള സ്നേഹത്താൽ പ്രചോദിതരായി ഇവിടെ വന്നുചേർന്നു ഭാരതത്തിന്റെയും പരിസരപ്രദേശങ്ങളുടെയും മാനസാന്തരത്തിനായി പൊരുതുവാൻ പരിശീലനം നടത്തിവരുന്ന കൊച്ചു മിഷനറിമാർ— ദൈവസ്നേഹസ്തുതിപാടുവാൻ കൊച്ചുചാപ്പലിൽ വന്നുചേർന്നു. ബനാറിസ് ഹിന്ദു യൂണിവേഴ്സിററിയിൽനിന്നും 9 വിദ്യാർത്ഥികളും ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കുകൊള്ളുവാൻ വന്നുചേർന്നിരുന്നു.


ഒന്നാമത്തെ ക്രിസ്തുമസ്സ് രാത്രിയിൽ മാലാഖമാർ പാടിയ "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്ക സമാധാനം" എന്ന ക്രിസ്തുനഗരത്തിലെ ചാപ്പലിൽനിന്നുയർന്ന മംഗളഗീതത്താൽ അന്തരീക്ഷം മുഖരിതമായി. ആ ചെറുചാപ്പലിൽ സന്നിഹിതരായിരുന്ന കൊച്ചുപ്രേഷിതരുടെ ചിന്ത ഇങ്ങനെയായിരുന്നു: "എന്നു് ഈ കാശിയിലെ മൃകലക്ഷങ്ങളുടെ ഹൃദയത്തിൽ ഈശോ ജനിക്കും? എന്നു് ഈ കാശിനഗരത്തിലെ മുഴുവൻ ജനതയും ക്രിസ്തുവിന്റെ ജന്മദിനത്തിൽ മംഗളങ്ങൾ പാടുവാനായി ഉണരും? പക്ഷെ ക്രിസ്തുവിനെപ്പററി അറിയാതെ അവർ എങ്ങനെ ക്രിസ്തുവിന്റെ ജന്മദിനം ആഘോഷിക്കവാൻ ഉണരും?" കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും പഠനം നടത്തുന്ന യുവാക്കളെ ഈശോയെപ്പററി ഈ ജനതയോടു പറയുന്നതിനായി ഈ കാശിയിലേക്കു വരുവാൻ ആഹ്വാനം ചെയ്യുന്നതിനു് കേരളത്തിലേക്കു ഓടിയെത്തുവാൻ ആ കൊച്ചുപ്രേഷിതരുടെ ഹൃദയം വെമ്പൽകൊണ്ടു.

കാശിനഗരത്തിലെ ജനതതിയെ പ്രതിനിധീകരിച്ചുകൊണ്ടു് ക്രിസ്തുനഗരവാസികൾ ഉണ്ണിയീശോയെ ആരാധിച്ചു. കാനോനികനമസ്കാരങ്ങൾ 12 വൈദികരും മററു സഹോദരന്മാരും കൂടി ആഘോഷമായി പാടി ഉണ്ണിയീശോയെ സ്തുതിച്ചു. പാതിരാക്കു ആഘോഷമായ പാട്ടുകുർബാന ഉണ്ടായിരുന്നു. കാലത്തു് 7 മണിക്കും പത്തുമണിക്കും ആഘോഷമായ ഓരോ പാട്ടുകുർബാന ഉണ്ടായിരുന്നു. തദനന്തരം എല്ലാവരും ഉണ്ണിയീശോയുടെ പാദം മുത്തി അനുഗ്രഹങ്ങൾ യാചിച്ചു. അങ്ങനെ ക്രിസ്തുമസ്സ്ദിനം, ദൈവസ്തുതികൾ ക്രിസ്തുനഗറിൽനിന്നും ഇടവിടാതെ സ്വർഗ്ഗത്തിലേക്കു ഉയർന്നു. ഈ പ്രാർത്ഥനകളെല്ലാം ഈ സഭയുടെ സഹായകർക്കുവേണ്ടിക്കൂടെയാണു് സമർപ്പിക്കപ്പെട്ടതു്.

ഉച്ചയ്ക്കു ഒരു മണിക്കു നടത്തപ്പെട്ട വിഭവസമൃദ്ധമായ സദ്യ ബനാറിസ് ഹിന്ദു യൂണിവേഴ്സിററിയിൽനിന്നു വന്ന വിദ്യാർത്ഥികളുടെയും മററു അതിഥികളുടെയും സാന്നിദ്ധ്യത്താൽ വളരെ ആനന്ദകരമായിരുന്നു. രാത്രി എട്ടുമണി മുതൽ ഒരു മണിവരെ വളരെ വിനോദകരമായ ഒരു "ക്രിസ്തുമസ് ട്രീ" നടത്തി. വിവിധ വിനോദപ്രകടനങ്ങളാലും ക്രിസ്തുമസ്സ് ഗാനങ്ങളാലും ആ രാത്രി ആനന്ദകരമായി കഴിച്ചുകൂട്ടി. ക്രിസ്തുമസ്സ് തുടങ്ങി പൂജരാജാക്കളുടെ തിരുനാൾവരെ എല്ലാ ദിവസവും കാലത്തും ഉച്ചയ്ക്കും വൈകിട്ടും സഭാംഗങ്ങൾ എല്ലാവരും പുൽക്കൂട്ടിലെ ഉണ്ണിയെ സന്ദർശിച്ചു് ക്രിസ്തുമസ്സ് ഗാനങ്ങൾ പാടിസ്തുതിച്ചുകൊണ്ടിരുന്നു.

അങ്ങനെ പതിവുപോലെ ഇക്കൊല്ലവും ക്രിസ്തുനഗരത്തിൽ പിറവിത്തിരുനാൾ ആഘോഷമായി കൊണ്ടാടി. കാലങ്ങൾ മുന്നോട്ടു നീങ്ങുന്തോറും കൂടുതൽ കൂടുതൽ ആളുകളുടെ ഹൃദയങ്ങളിൽ രക്ഷകനായ ഈശോ ജനിക്കണമെങ്കിൽ, ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും പ്രചോദിതരായി പ്രേഷിതചൈതന്യം തുളുമ്പുന്ന കത്തോലിക്കാകേരളത്തിന്റെ വീരസന്താനങ്ങൾ മിഷൻരംഗങ്ങളിലേക്കു് ഓടിയെത്തണം. അതേ ഈ കാശിനഗരത്തിൽനിന്നും ഞങ്ങൾ അയക്കുന്ന ക്രിസ്തുമസ്സ് സന്ദേശം ഇതാണു്: "വിളവധികം വേലക്കാരോ ചുരുക്കം. വിളവിന്റെ നാഥനോടു കൂടുതൽ വേലക്കാർക്കായി പ്രാർത്ഥിക്കുവിൻ. പൂജരാജാക്കന്മാരെ അനുകരിച്ചു് പണവും പ്രാർത്ഥനയും പ്രയത്നവും മഹാമിഷനറിയായ ഈശോയുടെ തൃച്ചേവടികളിൽ കാഴ്ചയണയ്ക്കുവിൻ."

## മദ്രാസ് ഗവർണ്ണറുടെ ചാപ്ലെയിൻ



വെ. റവ. ഫാ. ജോർജ്ജ് മേനാച്ചേരി

ധർമ്മഗിരി സ്ഥാപനങ്ങളുടെ ഡയറക്ടറായ വെരി റവ. ഫാദർ ജോർജ്ജ് മേനാച്ചേരി ബി. എ എൽ. ടി. അവർകളെ മദ്രാസ് ഗവർണ്ണറുടെ ചാപ്ലെയിനായി നിയമിച്ചതനുസരിച്ചു് അദ്ദേഹം ജനുവരി 15-ാംതീയതി മദ്രാസിലെത്തി ചാർജ്ജെടുത്തിരിക്കുന്നു. അദ്ദേഹം സെയ്ന്റ്ജോർജ്ജ് കോട്ടയിൽ ലിററിൽ മൗണ്ടിലാണു് താമസിക്കുന്നതു്.

## ഇടവകവാർത്തകൾ

**തൈക്കൂടം:** സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി സെൻറു് റാഫേൽസ് കോൺഫറൻസിന്റെ 5-ാംവാർഷികവും തൈക്കൂടം മരിയസഖ്യത്തിന്റെ 16-ാം വാർഷികവും ജനുവരി 13-ാംനു- ഞായറാഴ്ച രാവിലെ നടന്ന ആഘോഷമായ ദിവ്യബലി, കൂട്ടമായ ദിവ്യകാരുണ്യസ്വീകരണം, പരിശുദ്ധ കർബാനയുടെ ആശീർവ്വാദം മുതലായവയോടുകൂടി സമാരംഭിച്ചു് ഉച്ച കഴിഞ്ഞു് ഷെവ: സി കെ മററം അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പള്ളിയങ്കണത്തിൽ കൂടിയ വമ്പിച്ച പൊതുസമ്മേളനത്തോടുകൂടി സമംഗളം സമാപിച്ചിരിക്കുന്നു. ബ: ഡയറക്ടർ റവ ഫാദർ ജോസഫ് പനക്കൽ സദസ്സിനു് സ്വാഗതം ആശംസിച്ചു കുമാരി അനത്താസിയ പി അബ്രാഹം, ശ്രീ കെ എക്സ് ജോൺ ബി എ ഓണേഴ്സ് എന്നിവർ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി. ഇടയ്ക്കിടയ്ക്കു് ചെറുബാലികമാരുടെ നൃത്തവും, "ബൈജു" കലാസമിതിയുടെ വിവിധസംഗീത പരിപാടികളും, "തങ്കമ്മയുടെ മാനസാന്തരം", "ഉള്ളതു പറഞ്ഞാൽ" എന്ന പ്രഹസനങ്ങളുമുണ്ടായിരുന്നു.

വരാപ്പുഴ അതിരൂപത സെൻറു വിൻസെൻറു് ഡി പോൾ സംഘം സെൻട്രൽകൗൺസിൽ പ്രസിഡണ്ടു് ശ്രീ ടി ആർ അബ്രാഹം ബി എ എൽ ടി അവർകൾ സെൻറു് വിൻസെൻറു് ഡി പോൾ സംഘാംഗങ്ങളെ ഉദ്ദേശിച്ചു് ഒരു പഠനക്ലാസ്സു നടത്തുകയുണ്ടായി എന്നതും പ്രത്യേകം പ്രസ്താവ്യമാണു്.

**പുന്നവേലി:** സ്ഥലം ചെറുപുഷ്പദേവാലയത്തിലെ പ്രധാനതിരുനാൾ ജനുവരി 4, 5, 6 എന്നീ തീയതികളിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ടി തീയതികളിൽ റവ ഫാദേഴ്സ് ഫിലിപ്പു് ഇരട്ടമാക്കൽ ബി എ എൽ ടി, എബ്രഹാം നെടുന്തകിടി ബി എ ബി ടി എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. തിരുനാളിനോടനുബന്ധിച്ചു സ്ഥലം യങ്ങ്മെൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ "കള്ളസന്യാസി" എന്ന നാടകം അഭിനയിക്കപ്പെട്ടു.

**തിടനാട്ടു്:** ഈ പള്ളിയിൽ ആണ്ടുതോറും ആഘോഷിച്ചുവരുന്ന വി. യൗസേപ്പു പിതാവിന്റെ ദർശനത്തിരുനാൾ ഇക്കൊല്ലംമുതൽ തിരുനാൾദിനമായ ജനുവരി 23-ാം തീയതി ഞായറാഴ്ചയല്ലാതെ വരുന്ന കൊല്ലങ്ങളിൽ പ്രസ്തുത തീയതികഴിഞ്ഞു വരുന്ന ഞായറാഴ്ച നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

**വെട്ടിയാർ:** സ്ഥലം സിറിയൻ കത്തോലിക്കാപള്ളി ഇടവകയിലെ ലീജിയൻ ഓഫ് മേരിയുടെ വാർഷികം വെരി റവ ഫാദർ കോശി ഒ ഐ സി അവർകളുടെ അദ്ധ്യക്ഷതയിൽ സാഡംബരം നടത്തപ്പെട്ടു. ബ്രദേഴ്സ് എം ഉമ്മൻ, എം കെ മാത്തുണ്ണി, പി ജി എം ദാസ് എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ കാണികളെ ആഹ്ലാദിപ്പിച്ചു. കററാനം ക്യൂറിയായിൽ ഉൾപ്പെട്ട എല്ലാ പ്രസിദിയങ്ങളിൽനിന്നും അംഗങ്ങൾ സന്നിഹിതരായിരുന്നു. ഇടവകജനങ്ങളുടെ വകയായി വിഭവസമൃദ്ധമായ ഒരു സദ്യ നടത്തപ്പെട്ടുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

**മുരിങ്ങൂർ:** വി. സെബസ്ത്യാനോസ് സഹദായുടെ നാമധേയത്തിൽ പണിയുന്ന പള്ളിയുടെ ശിലാസ്ഥാപനം എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ജനുവരി 13-ാം തീയതി നിർവ്വഹിച്ചിരിക്കുന്നു.

**പൊന്നമ്പു്:** അകത്തോലിക്കരുടെ കേന്ദ്രമായ ഈ സ്ഥലത്തു പുതുതായി തുടങ്ങിയിരിക്കുന്ന മിഷന്റെ ആവശ്യത്തിലേക്കു് അതിമനോഹരമായ ഒരു സ്ഥലം തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമനസ്സുകൊണ്ടു് വാങ്ങിച്ചിരിക്കുന്നു.

**മററത്തിപ്പാറ:** "ഗാഗുൽത്ത" പള്ളിയിടവക ആമക്കാട്ടു് വക്കി മറിയം മകൻ തോമസും കയ്യൂർപള്ളി ഇടവക പുതുപ്പറമ്പിൽ മത്തായി അന്ന മകൾ അന്നയും തമ്മിലുള്ള വിവാഹം ജനുവരി 14-ാം തീയതി തിങ്കളാഴ്ച ഗാഗുൽത്താ പള്ളിയിൽവച്ചു നടന്നിരിക്കുന്നു. റവ ഫാദർ ജോർജ് നിലപ്പനയിൽ അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**ചേർത്തല:** മുട്ടത്തുപള്ളി ഇടവക ചെറുവള്ളിക്കാട്ടു് കൊച്ചുവക്കി അവർകളുടെ പുത്രനും സ്ഥലത്തെ ഇംഗ്ലീഷ്മരുന്നുഷോപ്പിന്റെ ഉടമസ്ഥനുമായ ശ്രീ സി വി ജോസഫും കുറവിലങ്ങാട്ടു് പനങ്കുഴയ്ക്കൽ ശ്രീ ജോസഫിന്റെ പുത്രി ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം ജനുവരി 7-ാംനു- മുട്ടത്തുപള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**വല്ലം:** ഈ ഇടവകാതിർത്തിയിലുള്ള ആയത്തുപടിയിൽ സ്ഥാപിതമായിരിക്കുന്ന യുവജനകലാസമിതിയുടെ ഉൽഘാടനം ജനു: 3-ാംനു- ഞായറാഴ്ച റവ ഫാദർ ഐസക്കു് അറക്കപ്പറമ്പിൽ അവർകൾ നിർവ്വഹിച്ചു. തദവസരത്തിൽ മെ: എ ഡി വർഗ്ഗീസ്, പി ഒ വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം സമിതിയംഗങ്ങൾ "വേലക്കാരൻ" എന്ന ഗദ്യനാടകം വളരെ തന്മയത്വത്തോടെ അഭിനയിച്ചു.


**ഓറിയൻറൽ ഇൻഷ്വറൻസ് & ബാങ്കിംഗ് യൂണിയൻ Ltd.,**

സ്ഥാപിതം 1933 A. D. H. O. തൃശ്ശിവപേരൂർ. Phone: No. 79.

ബ്രാഞ്ചു്: കണ്ടശ്ശാങ്കടവു്, കാട്ടൂർ, തൃപ്പൂണിത്തുറ.

കേരള ഗവമ്മേണ്ടു ഓർഡർ L. Dis. No. Ins 3-118/4/56 പ്രകാരം തുടങ്ങുന്ന

★ **പുതിയ മാസക്കുറി** ★

1957 മാർച്ചുമാസം 7-ാംനു- ആദ്യനറുക്കെടുപ്പു്.

നറുക്കിനു് 100 ക. നറുക്കു് 111. സല 11100 ക.

പ്രോസ്പെക്ടസിനും, അപേക്ഷാഫോറത്തിനും ആവശ്യപ്പെടുക.

Chev. Joseph Pettah M. A. (Hons) K. S. G. G., ചെയർമാൻ.

Dr. M. P. Francis, Mg: ഡയറക്ടർ.




# മുഖപ്രസംഗത്തിലെ പ്രമാദങ്ങൾ

(ജേക്കബ്ബ് എൻ. വി.)

"അപ്രമാദിത്വമുള്ള പ്രമാദങ്ങൾ" എന്ന ശീർഷകത്തിൽ 1956 സെപ്റ്റംബർ 30-ാംനു- "ചർച്ച് വീക്കിലി" മുഖപ്രസംഗത്തിൽ, പല പ്രസ്താവനകളും തെററിദ്ധരിച്ചു ചെയ്യുകാണുന്നു. കത്തോലിക്കാ സഭയ്ക്കെതിരായി ചർച്ചുവീക്കിലി വായനക്കാരിലും സഭയെപ്പററി അന്വേഷിച്ചുകൊണ്ടിരിക്കുന്നവരിലും പ്രസ്തുത പ്രസ്താവനകൾ ജനിപ്പിച്ചിട്ടുള്ള തെററിദ്ധാരണകൾ നീക്കുന്നതിനുവേണ്ടി ഈ ലേഖനം ചർച്ചുവീക്കിലിയിൽ പ്രസിദ്ധംചെയ്യണമെന്നു് ആദ്യമായി അഭ്യർത്ഥിച്ചുകൊള്ളുന്നു. "വലിയ വേദോപദേശം" ബ: ഫാദർ മൈക്കൾ നീലവരേത്തു് തർജ്ജമചെയ്യതും എറണാകുളം കൈത്തൊഴിൽ പാഠശാല അച്ചുക്കൂടത്തിൽ 1910-ൽ അച്ചടിച്ചതുമാണു്.

## ദണ്ഡവിമോചനം

കത്തോലിക്കാസഭയിലെ വലിയ വേദോപദേശം പറയുന്നു:(ചോദ്യം 803) "നാല്പതോ നൂറോ ദിവസത്തെ അഥവാ ഏഴുകൊല്ലത്തെ ദണ്ഡവിമോചനമെന്നും മററും പറയുന്നതിൻെറ സാരം, ആദ്യകാലത്തു് തിരുസഭയിൽ നിയമിക്കപ്പെട്ടിരുന്ന പ്രായശ്ചിത്തങ്ങൾ കൊത്തവണ്ണം നാല്പതോ നൂറോ ദിവസം അഥവാ ഏഴുകൊല്ലം പ്രായശ്ചിത്തംചെയ്യ ലഭിച്ചാൽ എത്രത്തോളം കാലത്തിനടുത്ത ശിക്ഷയുടെ മോചനം ലഭിക്കുമോ അത്രയും എന്നാണു്."

ഇവിടെ ദിവസക്കണക്കു് പറയുന്നതു്, മരണാനന്തരം ശുദ്ധീകരസ്ഥലത്തുള്ളതിനെ കണക്കാക്കിയല്ല. പിന്നെയോ ഈ ലോകത്തിലുള്ള സമയത്തെപ്പററിയാകുന്നുവെന്നു് എത്രയും വ്യക്തമാണു്. സത്യം ഇങ്ങനെയിരിക്കെ ചർച്ചുവീക്കിലി പറയുന്നു:- "മരണാനന്തരമുള്ള അവസ്ഥയിൽ ലോകത്തിലേതുപോലെ ദിവസങ്ങളും മാസങ്ങളും ഉള്ളതായി കണക്കാക്കുന്നതു് പ്രത്യക്ഷത്തിൽത്തന്നെ അർത്ഥശൂന്യമാണു്. സമയക്ലിപ്തങ്ങൾ ഈ ലോകത്തിനു മാത്രമുള്ളതാണു്."

ചർച്ചുവീക്കിലി ഇവിടെ പറയുന്നതു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതിനു് വിരുദ്ധമായിട്ടല്ലേ?

യാക്കോബായസഭയിൽ കുമ്പസാരപ്രായശ്ചിത്തങ്ങൾ (ഔഷധികൾ) ആയി മൗദ്യോആസോതക്സായിൽ പല കഠിനപാപങ്ങൾക്കും ഏഴുകൊല്ലത്തെ ഉപവാസം കിഴക്കിൻെറ വിശുദ്ധ പിതാക്കന്മാർ നിശ്ചയിച്ചിട്ടുണ്ടു്. ഈ ദിവസക്ലിപ്തം കിഴക്കിൻെറ പിതാക്കന്മാർ ചെയ്തിരിക്കുന്നതുപോലെയല്ലയോ കത്തോലിക്കാസഭയിലെ വേദോപദേശത്തിലും പറഞ്ഞിരിക്കുന്നതു്? അല്ലാതെ മരണാനന്തരദിവസങ്ങളാണെന്നു എവിടെ പറയുന്നു?

## സ്വരൂപവണക്കം

വലിയ വേദോപദേശം ഇതേപ്പററി എന്തു പറയുന്നുവെന്നു് നോക്കാം:- (ചോദ്യം 358; 369; 371) "ഈശോമിശിഹായുടെയും പുണ്യവാന്മാരുടേയും പ്രതിമകൾക്കു് നാം നൽകുന്ന ബഹുമാനം, അവയാൽ പ്രതിരൂപിക്കപ്പെടുന്നതാരോ അവക്കാണു് നൽകപ്പെടുന്നതു്. നാം ദൈവത്തിനു നൽകുന്ന വന്ദനവും പുണ്യവാന്മാർക്കു നൽകുന്ന വന്ദനവും തമ്മിൽ വ്യത്യാസമുണ്ടു്. നാം ദൈവത്തെ തൻെറ അറുതിയില്ലാത്ത മാഹാത്മ്യം നിമിത്തം ആരാധിക്കുന്നു; പുണ്യവാന്മാരെയാകട്ടെ നാം ആരാധിക്കുന്നില്ല; നാം അവരെ ദൈവത്തിൻെറ സ്നേഹിതന്മാരും അവിടത്തെ പക്കൽ നമ്മുടെ മദ്ധ്യസ്ഥന്മാരുമായി ബഹുമാനിച്ചു വന്ദിക്കുകയേ ചെയ്യുന്നുള്ളു. വിഗ്രഹാരാധന എന്നാൽ ദൈവത്തിനുമാത്രം ചെയ്യേണ്ടതായ പരമാരാധനയെ വല്ല സൃഷ്ടിക്കും ഉദാഹരണമായി വല്ല രൂപത്തിനോ, പ്രതിമയ്ക്കോ, മനുഷ്യനോ നൽകപ്പെടുന്നതാണു്."

ഇങ്ങനെ വ്യക്തമായി കത്തോലിക്കാസഭ പഠിപ്പിക്കുമ്പോൾ മുഖപ്രസംഗത്തിലെ പ്രസ്താവന പരിതാപകരമായിരിക്കുന്നു. ചർച്ചുവീക്കിലി പറയുന്നു:- "പരിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും പ്രാർത്ഥനയിലും വിശ്വസിക്കുന്നതും ഫാത്തിമായിലെ പ്രതിമ വിമാനമാർഗ്ഗം പ്രദർശനത്തിനു കൊണ്ടുനടക്കുന്നതും തമ്മിൽ വളരെ ദൂരമുണ്ടു്.


"രക്ഷാമാർഗ്ഗം"

ചികിത്സിച്ചു് ചികിത്സിച്ചു് നിരാശരായി തീർന്നിട്ടുള്ളവർക്കു രക്ഷാമാർഗ്ഗം കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന

സാക്ഷാൽ "കാളൻ"

സ്ഥാപനത്തിലേക്കുള്ള രോഗവിവരക്കത്തുകളും മററും അയക്കേണ്ട വിലാസം:

കാളൻ,
നെല്ലായി (S. India)


റോമാസഭയുടെ താത്വികമായ സാധൂകരണങ്ങൾ അന്ധവിശ്വാസങ്ങളെ ഉൾക്കൊള്ളുന്നില്ലെന്നു് പറഞ്ഞേക്കാം. ഹിന്ദുക്കളുടെ വിഗ്രഹാരാധനയെക്കുറിച്ചും ഇതു പറയാവുന്നതായിരിക്കും."

വിഗ്രഹാരാധന എന്തെന്നും സ്വരൂപങ്ങൾക്കു കൊടുക്കുന്ന വണക്കം എങ്ങനെയുള്ളതെന്നും വേദോപദേശത്തിലെ വാക്യങ്ങൾ സ്പഷ്ടമായി പറഞ്ഞിരിക്കെ റോമാസഭയിൽ വിഗ്രഹാരാധന ഉണ്ടെന്നു് വായനക്കാർക്കു ധാരണ ഉണ്ടാകത്തക്കവിധത്തിലാണു് മുഖപ്രസംഗത്തിൽ ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്.

കത്തോലിക്കാസഭയുടെ താത്വികമായ ഈ സാധൂകരണങ്ങൾ അന്ധവിശ്വാസങ്ങളെ നീക്കുന്നില്ലെന്നുള്ള ആക്ഷേപം യാക്കോബായസഭയിലെ ചില പള്ളിപ്രദക്ഷിണങ്ങളിൽ ചിലയിടത്തു് വിശുദ്ധന്മാരുടെ പടങ്ങൾ മുതലായവ എഴുന്നള്ളിക്കുന്നതിനെപ്പററിയും, കബറുകൾ ഉണ്ടാക്കി പടംവെച്ചു് പടത്തിനു മാലയിട്ടു് ധൂപംവയ്ക്കുന്നതിനെപ്പററിയും പറഞ്ഞുകൂടയോ? വിമാനത്തിൽ രൂപം കൊണ്ടുവരുന്നതും തെരുവീഥിയിൽ പടം മുതലായവ എഴുന്നള്ളിക്കുന്നതും തമ്മിൽ തത്വത്തിൽ എന്തു വ്യത്യാസമാണുള്ളതു്?

## അപ്രമാദിത്വം

"കർത്താവിൻെറ എല്ലാ ശിഷ്യന്മാർക്കും അപ്രമാദിത്വം ഉണ്ടായിരുന്നതായി റോമാസഭ പറയുന്നു. അങ്ങനെയാണെങ്കിൽ റോമാസഭയുടെ തലവനു മാത്രമല്ല അപ്രമാദിത്വമുള്ളതു്" എന്ന മുഖപ്രസംഗത്തിലെ പ്രസ്താവനയും തെററിദ്ധാരണാജനകമാണു്.

അപ്പസ്തോലന്മാരുടെ അപ്രമാദിത്വത്തെപ്പററി കത്തോലിക്കാസഭ പറയുന്നതിപ്രകാരമാണു്:-

1) അപ്പസ്തോലന്മാരോരോരുത്തർക്കുംവ്യക്തിപരമായി(Personal) അപ്രമാദിത്വമുണ്ടായിരുന്നു. എന്നാൽ വ്യക്തിപരമായ ആ അപ്രമാദിത്വം പിന്തുടർച്ചാവകാശമായി മെത്രാന്മാർക്കു് ഓരോരുത്തർക്കും ലഭിക്കുന്നില്ല.

2) അപ്പസ്തോലസംഘത്തിനു്, പത്രോസിൻെറ അദ്ധ്യക്ഷതയിൽ അപ്രമാദിത്വം ഔദ്യോഗികമായിട്ടുണ്ടായിരുന്നു. ഈ അപ്രമാദിത്വം പത്രോസിൻെറ പിൻഗാമികളായ റോമാമാർപ്പാപ്പാമാരുടേയോ അവരുടെ പ്രതിനിധികളുടേയോ അദ്ധ്യക്ഷതയിൽ നടക്കുന്നതും അല്ലെങ്കിൽ അംഗീകരണം പിന്നീടെങ്കിലും സിദ്ധിച്ചിട്ടുള്ളതുമായ മെത്രാന്മാരുടെ ആകമാനസൂനഹദോസുകൾക്കുമുണ്ടു്.

3) പത്രോസ്ശ്ലീഹാക്കു് പരമാധികാരി എന്ന പ്രത്യേകസ്ഥാനം (ഉദ്യോഗം—office) മൂലം ഉണ്ടായിരുന്ന ഔദ്യോഗിക അപ്രമാദിത്വം ഇന്നും റോമാ മാർപ്പാപ്പാമാർക്കു് പത്രോസിൻെറ പിൻഗാമികൾ എന്ന നിലയിൽ ഔദ്യോഗികമായിട്ടുണ്ടു്.

ചർച്ചുവീക്കിലിയുടെ മുഖപ്രസംഗം പറയുന്നതു്, "അങ്ങനെയാണെങ്കിൽ റോമാസഭയുടെ തലവനു മാത്രമല്ല അപ്രമാദിത്വമുള്ളതു്" എന്നത്രെ. ഏതു അപ്രമാദിത്വം?


2-ാം അക്കത്തിൽ പറയുന്നതാണെങ്കിൽ അതു് റോമാസഭയുടെ തലവനു മാത്രമുള്ളതാണെന്നു് ആ സഭ പറയുന്നില്ല. 3-ാം അക്കത്തിൽ പറയുന്നതാണെങ്കിൽ അതു തലവനുമാത്രമുള്ളതാണെന്നു് സഭ പറയുന്നു.

കത്തോലിക്കാസഭയുടെ ഈ നില മുഴുവൻ മനസ്സിലാക്കുവാൻ കഴിയാതെ തെററിദ്ധരിക്കുവാൻ ഇടവരത്തക്കവണ്ണമല്ലയോ മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്?


"മാർപ്പാപ്പാക്കു തെററു പ്രഖ്യാപിക്കുവാൻ ദൈവം അനുവദിക്കുകയില്ലെന്നു് പറയുന്നതിൻെറ അർത്ഥം സകല മനുഷ്യർക്കും ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യം (Free will) സഭാതലവനിൽനിന്നും എടുത്തുകളഞ്ഞുവെന്നാണു്" എന്നു മുഖപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു ശരിയാണെങ്കിൽ, ആകമാനസൂനഹദോസിനു് തെററുപ്രഖ്യാപിക്കുവാൻ ദൈവം അനുവദിക്കുകയില്ലെന്നു് യാക്കോബായസഭ വിശ്വസിക്കുന്നതിൻെറ അർത്ഥവും ശ്ലീഹന്മാർക്കു് ഓരോരുത്തർക്കും അപ്രമാദിത്വം ഉണ്ടായിരുന്നുവെന്നു് യാക്കോബായസഭ പറയുന്നതിൻെറ അർത്ഥവും, വേദപുസ്തകം എഴുതിയ മനുഷ്യഗ്രന്ഥകാരന്മാർക്കു് ദൈവം നിവേശനംകൊടുത്തു എന്നു യാക്കോബായസഭ പറയുന്നതിൻെറ അർത്ഥവും അവരുടെയെല്ലാം സ്വാതന്ത്ര്യം ദൈവം എടുത്തുകളഞ്ഞു എന്നാണെന്നു വരുന്നില്ലേ? മുഖപ്രസംഗകർത്താവു് ഇതു സമ്മതിക്കുവാൻ തയ്യാറുണ്ടോ?

"1870-ൽ പ്രഖ്യാപിക്കപ്പെട്ട മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ അക്കാലത്തു് അനേകം കത്തോലിക്കാ പണ്ഡിതന്മാർ എതിർത്തിരുന്നു. ആ സഭയുടെ ഒരു വിഭാഗം പാപ്പായുടെ ആധിപത്യത്തിൽനിന്നും വേർപെടുന്നതിനിടയായി" എന്നു് മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. ഈ സംഭവങ്ങൾനിമിത്തം അപ്രമാദിത്വപ്രഖ്യാപനത്തിൽ പ്രമാദമുണ്ടെന്നാണോ വാദം? 431-ൽ എഫേസൂസു് സൂനഹദോസിൽവച്ചു് ക്രിസ്തുവിൽ ഒരാൾമാത്രമേയുള്ളു എന്ന വിശ്വാസസത്യം പ്രഖ്യാപിക്കപ്പെട്ടു. നെസ്തോറിയസും കൂട്ടരും അക്കാലത്തു് അതിനെ എതിർത്തു. നെസ്തോറിയന്മാർ അന്നത്തെ സഭയുടെ ആധിപത്യത്തിൽനിന്നും വേർപെടുന്നതിനും ,, ഇടയായി. മാർപ്പാപ്പായുടെ കല്പനപ്രകാരവും അദ്ധ്യക്ഷതയിലും 1870-ൽ സമ്മേളിച്ച ആകമാനസൂനഹദോസിൻെറ പ്രഖ്യാപനം എതിർത്തവരുണ്ടായിരുന്നതുകൊണ്ടും അവർ സഭയിൽനിന്നു് പിരിഞ്ഞുപോയതുകൊണ്ടും പ്രമാദമുള്ളതാണെങ്കിൽ, 431-ൽ മാർപ്പാപ്പായുടെ കല്പനപ്രകാരവും അവിടുത്തെ പ്രതിനിധിയായ മാർ കൂറില്ലോസിൻെറ അദ്ധ്യക്ഷതയിലും സമ്മേളിച്ച എഫേസൂസു് സൂനഹദോസിലെ പ്രഖ്യാപനവും അതിനെ എതിർത്തവരുണ്ടായിരുന്നതുകൊണ്ടും

## ഐക്യരാഷ്ട്രസേന—ഈജിപ്തിൽ




ഐക്യരാഷ്ട്രപോലീസുസേനയിൽപെട്ട ഡാനിഷ് ഭടന്മാർ സൂയസ്കനാൽ പ്രദേശത്തു്—ബ്രിട്ടീഷ്ഭടന്മാർ യാത്രപറയുന്നു



ഐക്യരാഷ്ട്രനിരീക്ഷകന്മാർ ബ്രിട്ടീഷ്-ഈജിപ്ഷ്യൻ താവളങ്ങളുടെ ഇടയ്ക്കു്



ഐക്യരാഷ്ട്രപോലീസുസേന—നോർവേ, കൊളംബിയാ, സ്വീഡൻ, യൂഗോസ്ലാവിയാ, ഡെൻമാർക്കു്, ഇന്ത്യാ എന്നീ രാജ്യങ്ങളിൽനിന്നുള്ള ഭടന്മാർ.



ഐക്യരാഷ്ട്രജനറൽ അസംബ്ളിയുടെ പ്രസംഗപീഠത്തിലേക്കു പ്രസംഗിക്കാൻ മി. ഡള്ളസ് നടന്നടുക്കുന്നു.

# പൊതുജനാഭിപ്രായരൂപവൽക്കരണം

## കത്തോലിക്കാ പത്രമാസികകളുടെ കടമയെപ്പററി മാർപ്പാപ്പാ തിരുമേനി

(അബൂന്തിയോസ്)

3-ാമത്തെ സാർവദേശീയ കത്തോലിക്കാ പ്രസ് കോൺഗ്രസ്സ് നിത്യനഗരമായ റോമിൽ 1950 ഫെബ്രുവരി 16-19 തീയതികളിൽ സമ്മേളിച്ചു. തദവസരത്തിൽ 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കോൺഗ്രസ്സിലേക്കു് ഒരു സന്ദേശമയച്ചു. പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്ന കാര്യത്തിൽ കത്തോലിക്കാ പ്രസ്സിനുള്ള—കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കുള്ള—കടമയും പ്രാധാന്യവുമായിരുന്നു അതിലെ ഉള്ളടക്കം. ലോകമെങ്ങുമുള്ള കത്തോലിക്കാ പ്രസ്സുകളുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രതിനിധികളായ 300-ൽ പരം പേരടങ്ങിയ കോൺഗ്രസ്സംഗങ്ങൾക്കു നൽകിയ ഈ സന്ദേശം ആധുനിക കത്തോലിക്കാ മുദ്രണപ്രേഷിതത്വത്തിന്റെ രത്നച്ചുരുക്കമാണെന്നു പറയാം. തിരുമേനി ഈ സന്ദേശദ്വാരാ ആവിഷ്കരിച്ചിരിക്കുന്ന തത്വങ്ങളെ യാതൊരു കത്തോലിക്കനും നിഷേധിക്കാവുന്നതോ നിസ്സാരമാക്കാവുന്നതോ അല്ല.

പൊതുതിരഞ്ഞെടുപ്പു്, പഞ്ചായത്തു് തിരഞ്ഞെടുപ്പു്, മുനിസിപ്പൽ തിരഞ്ഞെടുപ്പു്, നവംനവങ്ങളായ പ്രസ്ഥാനങ്ങൾ, പാർട്ടികൾ, സംഘടനകൾ, സിനിമാകൾ, നാടകങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായ അനേകമനേകം കാര്യങ്ങളെ സംബന്ധിച്ചു് പൊതുജനങ്ങൾ ദേശകാലസാഹചര്യങ്ങൾക്കനുസൃതമായി നിർണ്ണയം ചെയ്യേണ്ടിവരുന്ന അവസരങ്ങളുണ്ടു്; അഭിപ്രായം രൂപവൽക്കരിക്കേണ്ടിവരുന്ന അവസരങ്ങളുണ്ടു്. ഏതാദൃശാവസരങ്ങളിൽ കത്തോലിക്കാ പത്രമാസികകൾക്കു് പൊതുജനാഭിപ്രായരൂപവൽക്കരണത്തിൽ ചെലുത്താവുന്ന സ്വാധീനശക്തി എന്താണെന്നും, എങ്ങിനെയാണെന്നുമുള്ള മാർപ്പാപ്പാ തിരുമേനിയുടെ ആശയം ചുരുക്കിപ്പറയാം:

സാമാന്യജനങ്ങൾക്കു് വ്യാപകവീക്ഷണമില്ല; സൂക്ഷ്മനിർണ്ണയം ചെയ്‌വാൻ അവർ പ്രാപ്തരുമല്ല. നുണ, മുൻവിധി, സ്വാർത്ഥത, കക്ഷിമത്സരം, വിരോധം, ചൂഷണം, പക്ഷപാതം, ഭൗതികലക്ഷ്യം എന്നിങ്ങനെ ഇക്കാലത്തു വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന തിന്മകളും അവയെ സാധൂകരിക്കാൻ ഓരോരുത്തർ ചെയ്യുന്ന ദുഷ്പ്രചാരണവുംമൂലം പൊതുജനങ്ങൾക്കു് ഒരഭിപ്രായം സുരക്ഷിതമാംവിധം രൂപവൽക്കരിക്കാൻ സാധിക്കാതെ വരുന്നു. ദുഷ്പ്രചാരണംമൂലം ഇങ്ങിനെ അന്തരീക്ഷം ദുഷിച്ചുവശാകുമ്പോൾ, വിഷവാതകത്താലെന്നവണ്ണം പൊതുജനങ്ങൾ ശ്വാസംമുട്ടി പ്രജ്ഞാഹീനരായിത്തീരുന്നു. നീതിക്കും, ധർമ്മത്തിനും, വിശിഷ്യ പൊതുനന്മയ്ക്കും വേണ്ടി സ്വന്തം ധനവും രക്തവും കഴിവുകളും ഉദാരമായി വിനിയോഗിക്കേണ്ട അവസരം വരുമ്പോൾ അതു് മനുഷ്യോചിതമാംവിധം ഫലപ്രദമായി വിനിയോഗിപ്പാൻ സാധിക്കുന്നില്ലെങ്കിൽ എത്ര ശോചനീയ ദുരവസ്ഥയാണതു്!.

ദൈവികനിയമങ്ങളോടും തിരുസഭാ നിയമങ്ങളോടും സ്നേഹാദരങ്ങളും, പ്രാപ്തിയും, സംസ്കാരവും, ദൈവശാസ്ത്രപരവും ധർമ്മശാസ്ത്രപരവുമായ ജ്ഞാനവും, പ്രസംഗ ലേഖന ചാതുര്യവും സർവ്വോപരി അടിയുറച്ച സൽസ്വഭാവവും ഉള്ള പത്രപ്രവർത്തകന്മാരും പൊതുജനനേതാക്കളുമാണു് പൊതുജനാഭിപ്രായം രൂപവൽക്കരിക്കേണ്ടതെന്നത്രേ പരിശുദ്ധ പിതാവു പറയുന്നതു്. ഉത്തരവാദിത്വബോധമുള്ള ഓരോ സമൂഹത്തിന്റെയും സംഘടനയുടെയും അനിഷേധ്യാവകാശമാണീ അഭിപ്രായമെന്നും ഇതു് ഗുണകരമായ സ്വതന്ത്രചിന്തയുടെ പ്രകാശനമാണെന്നും, ഇതിന്റെ അഭാവം സാമൂഹ്യജീവിതത്തെ ഗുരുതരരോഗം ബാധിച്ചിരിക്കുന്നുവെന്നതിന്റെ അടയാളമാണെന്നും തിരുമേനി പ്രസ്താവിക്കുന്നു. Public opinion is the natural echo, the common resonance, more or less spontaneous, of facts and events in the minds and Judgments of the membees of a normal society who are conscious of their personal and social responsibility'—ഇതാണു് തിരുമേനി "പൊതുജനാഭിപ്രായ"ത്തിനു നൽകുന്ന നിർവചനം.

സർവ്വാധിപത്യരാഷ്ട്രങ്ങളിൽ സ്വേച്ഛാധിപതികളുടെയും ഏകകക്ഷിഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ ഏകകക്ഷിയുടെയും ഒരൊററ സ്വരമേ കേൾക്കാനുള്ളു. പൗരന്മാരുടെ മനുഷ്യസഹജമായ സ്വാതന്ത്ര്യസ്വരം പുറപ്പെടുവിക്കാൻ അനുവദിക്കയില്ല. എന്നാൽ, ഈ ദുസ്ഥിതിയെക്കാൾ ഒട്ടും കുറയാത്ത, ഒരുവേള കൂടുതൽ വിനാശകരമായ, ദുസ്ഥിതിയാണു് മേല്പറഞ്ഞ സർവ്വാധിപത്യരാഷ്ട്രങ്ങളിലേ അഭിപ്രായപ്രകടനനിരോധംകൊണ്ടുണ്ടാകുന്നതിനേക്കാൾ, ഒരു രാജ്യത്തിലേ അഥവാ സമുദായത്തിലേ ആളുകളുടെ അനാസ്ഥകൊണ്ടുണ്ടാകുന്നതെന്നു് തിരുമേനി പറയുന്നു. ആധുനികസാഹചര്യങ്ങൾ ഈ അനാസ്ഥയെ വർദ്ധിപ്പിക്കാൻ പോരുന്നതാണെന്നും, ചില രാക്ഷസീയസംഘടനകൾ ജനങ്ങളെ ഭയാനകമാംവിധം പിടിച്ചൊതുക്കി പൊതുജനാഭിപ്രായത്തെ ഒരുതരം അന്ധമായ ആജ്ഞാനുവർത്തിത്വമാക്കി കരുപ്പിടിപ്പിക്കുന്നുവെന്നും തിരുമേനി വിലപിക്കുന്നു. വാസ്തവത്തിൽ ഈ വിഷയത്തിൽ പൊതുജനനേതാക്കന്മാരായി മുന്നോട്ടുവരേണ്ടവരിൽ ചിലർക്കു സന്മനസ്സില്ല; ചിലർക്കു അവശ്യാവശ്യഗുണങ്ങളില്ല; അവശ്യഗുണങ്ങളുള്ളവർക്കാകട്ടെ അധികാരമോ സാമ്പത്തികകഴിവുകളോ ഇല്ല; മററു ചിലർക്കാകട്ടെ ഇതരന്മാരിൽ നിന്നുള്ള ഭീഷണി, അവരുടെ അപ്രീതി മുതലായ പ്രതിബന്ധങ്ങളും.

ഈദൃശവിഷമസന്ധികളിൽ പൊതുജനാഭിപ്രായരൂപവൽക്കരണാർത്ഥം മുന്നോട്ടുവരേണ്ടതു് കത്തോലിക്കാ പത്രമാസികകളത്രേ. കത്തോലിക്കാ പത്രമാസികകൾ പൊതുജനാഭിപ്രായം രൂപവൽക്കരിക്കണമെന്നു പറയുമ്പോൾ ഒരു പത്രാധിപരോ അദ്ദേഹത്തിന്റെ സഹപ്രവർത്തകരോ സ്വമേധയാ രൂപവൽക്കരിക്കണമെന്നല്ല അർത്ഥം. തിരുസ്സഭയുടെ സുപ്രകാശിതതത്വങ്ങളും നിർദ്ദിഷ്ടമാനദണ്ഡങ്ങളുമനുസരിച്ചു് രാഷ്ട്രീയമോ, സാമൂഹ്യമോ ആയ കാര്യങ്ങളിൽ വിവേകപൂർവ്വമായ അഭിപ്രായം പറയാൻ പ്രാപ്തിയുള്ളവരോടു യഥാവസരം ആലോചിക്കണം. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച കാര്യങ്ങളിൽ ഈദൃശാലോചനയുടെ ആവശ്യം അത്രകണ്ടു് ഉണ്ടാകയില്ല. കാരണം, ഇവയ്ക്കു് സുനിശ്ചിതപ്രമാണങ്ങളുണ്ടു്; വിശ്വാസവും, സന്മാർഗ്ഗവും സംബന്ധിച്ച ഗ്രന്ഥങ്ങൾ വായിച്ചു് ഏറെക്കുറെ ഗ്രഹിക്കയും ചെയ്യാം. രാഷ്ട്രീയവും സാമൂഹ്യവുമായ കാര്യങ്ങളിൽ അപ്രമാദ്യമായ നിർണ്ണയം ചെയ്‌വാൻ ശക്യമല്ല. എന്നാൽ, അവരെല്ലാം ഭൂരിപക്ഷത്തിന്റെയോ ന്യൂനപക്ഷത്തിന്റെയോ ഗവണ്മെന്റിന്റെയോ ഒരു രാഷ്ട്രീയകക്ഷിയുടെയോ ഇഷ്ടംപോലെ നടത്തിക്കൊള്ളട്ടെ എന്നു വയ്ക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ, രാഷ്ട്രീയ സാമൂഹ്യകാര്യങ്ങളിലും വിശ്വാസസന്മാർഗ്ഗങ്ങൾ ബന്ധപ്പെട്ടുവരുന്നുണ്ടു്. ഏതാദൃശസാഹചര്യങ്ങളിൽ വിശ്വാസസന്മാർഗ്ഗങ്ങൾ സുരക്ഷിതമാക്കിക്കൊണ്ടു വേണം പൊതുനന്മയെ അഭിവൃദ്ധമാക്കുവാൻ.

പത്രപ്രവർത്തകന്മാർ അസത്യം പ്രചരിപ്പിക്കയോ, അനാശാസ്യമാംവിധം വികാരങ്ങളെ ഇളക്കിവിടുകയോ, ചെയ്യരുതെന്നും അതിൽ സഹായിക്കയോ സഹകരിക്കയോ ചെയ്യരുതെന്നുമാണു് പരിശുദ്ധ പിതാവിന്റെ ഒന്നാമത്തെ നിർദ്ദേശം. അപ്രകാരംതന്നെ പത്രപ്രവർത്തകന്മാർ ഉപജാപകമൗനവും (Conspiracy of silence) അവലംബിക്കരുതു്. കത്തോലിക്കാ പത്രമാസികകൾ ലേഖനങ്ങളും റിപ്പോർട്ടുകളും എഴുതുകയോ മററു ലേഖകന്മാരിൽനിന്നു് അയച്ചുകിട്ടുന്നവ പ്രസിദ്ധീകരിക്കയോ ചെയ്യുമ്പോൾ, വിശിഷ്യാ തിരഞ്ഞെടുപ്പിന്റെയും മററും അവസരങ്ങളിൽ വളരെ ജാഗരൂകരായിരിക്കണം. നിഷിദ്ധമായവ പ്രസിദ്ധീകരിക്കയോ, ഗുണകരമായവ നിഷേധിക്കയോ ചെയ്യരുതു്. എന്നാൽ അനഭിലഷണീയോദ്ദേശങ്ങൾ ഈ വിഷയത്തിൽ പത്രപ്രവർത്തകന്മാരെ ബാധിക്കാവുന്നതാണു്: ധനലാഭം, ഒരു കക്ഷിയുടെയോ വ്യക്തിയുടെയോ സംപ്രീതി, പത്രത്തിന്റെ പ്രചരണം, വരിക്കാരുടെ സംഖ്യാവർദ്ധനം, സ്വന്തം നാടു് വീടു് എന്നീ കാര്യങ്ങൾ. ഈദൃശമായ ഏതെങ്കിലും ദുരുദ്ദേശം ഒരു പത്രത്തിന്റെ പ്രവർത്തനത്തിൽ വന്നുകൂടിയാൽ ഇതിൽപരം അധഃപതനം അതിനു ഭവിക്കാനില്ല. പൊതുനന്മയെ നിർദ്ദയം ബലികഴിക്കുന്ന സാഹസകൃത്യമായിരിക്കും അതു്; പൊതുജനാഭിപ്രായത്തെ ശ്വാസം മുട്ടിക്കുന്ന അധർമ്മമായിരിക്കും.

പൊതുജനാഭിപ്രായരൂപവൽക്കരണം സംബന്ധിച്ചു് 12-ാം പീയൂസും തിരഞ്ഞെടുപ്പവസരങ്ങളിൽ ജനങ്ങളെ ഒരുക്കുവാൻ നിയോജക സംഘടനാരൂപവൽക്കരണം സംബന്ധിച്ചു് വി. പത്താം പീയൂസും ("സാമൂഹ്യപ്രവർത്തനം" 1905 ജൂൺ 11) ചെയ്തിട്ടുള്ള ഉദ്ബോധനങ്ങൾ, അത്യന്തം പ്രാധാന്യമർഹിക്കുന്ന ഈ പൊതുതിരഞ്ഞെടുപ്പിന്റെ അവസരത്തിൽ പൊതുജനനേതാക്കന്മാരും പത്രപ്രവർത്തകന്മാരും വിശേഷവിധം പഠിച്ചു് പ്രായോഗികമാക്കേണ്ടതാകുന്നു.

—o—

അവർ സഭയിൽനിന്നു പിരിഞ്ഞുപോയതുകൊണ്ടും പ്രമാദമുള്ളതാണെന്നു് സമ്മതിക്കേണ്ടയോ? യാക്കോബായസഭ അങ്ങനെ സമ്മതിക്കാൻ തയ്യാറുണ്ടോ? എഫേസൂസിലെ ആ പ്രഖ്യാപനം അവർ ഇപ്പോഴും സ്വീകരിക്കുന്നില്ലയോ?

കത്തോലിക്കാ രാജ്യങ്ങളിലേയും മററും ധാർമ്മികമായ അധഃപതനത്തെക്കുറിച്ചും, മാർപ്പാപ്പായുടെ അന്തർദ്ദേശീയപ്രവർത്തനങ്ങളെക്കുറിച്ചും മററും മുഖപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു് വിമർശനാർഹങ്ങളെങ്കിലും തൽക്കാലം വിട്ടുകളയുന്നു.

വേദോപദേശപുസ്തകത്തിൽപ്പോലും കൊടുത്തിട്ടുള്ള കാര്യങ്ങളും, ഇന്നാട്ടിൽ നടക്കുന്ന കാര്യങ്ങളും സംബന്ധിച്ചു് വാസ്തവവിരുദ്ധങ്ങളും, തെററിദ്ധാരണാജനകങ്ങളും ആയ പ്രസ്താവങ്ങൾ ചെയ്തിട്ടുള്ള എഴുത്തുകാരന്റെ പ്രസ്തുത പ്രസ്താവനകളെ അഗണ്യമാക്കുകയല്ലേ വേണ്ടൂ?

"വിശ്വാസപ്രമാണത്തിൽ നാം ഏററുപറയുന്ന ഏകസഭ, ലോകത്തിൽ ഇന്നു് യാഥാർത്ഥ്യമായിത്തീരുന്നതിനു... ......" എന്നു മുഖപ്രസംഗത്തിന്റെ ആദ്യം പറഞ്ഞിട്ടുണ്ടു്. "യാഥാർത്ഥ്യമായിത്തീരുന്നതിനു്" എന്നതിന്റെ അർത്ഥം ഏകസഭ ഇപ്പോൾ സ്ഥിതിചെയ്യുന്നില്ലെന്നാണല്ലോ. അങ്ങനെയെങ്കിൽ വിശ്വാസപ്രമാണത്തിൽ, ഏകസഭയെ യാക്കോബായക്കാർ ഏററുപറയുന്നതെന്തിനു്? ഇല്ലാത്തതു് ഉണ്ടെന്നു് ഏററുപറയുന്നതു സത്യവിരുദ്ധമല്ലേ? യുക്തിവിരുദ്ധമല്ലേ? അല്ലെങ്കിൽ ഏകസഭ ഉണ്ടെന്നു് സമ്മതിക്കണം.



ഭീമാകാരങ്ങളായ റഷ്യൻ ടാങ്കുകളുടെ മുൻപിൽ, നിരായുധരായ ഹംഗറിക്കാർ നിസ്സഹായരാണു്; എന്നാൽ സത്യം പുറത്തുപോകുന്നുവെന്നതു റഷ്യാക്കാരെ വളരെയധികം ക്ലേശിപ്പിക്കുന്നു. റഷ്യൻ ടാങ്കുകൾ ബുഡാപ്പെസ്റ്റു് തെരുവിൽ എത്തിയതിനുശേഷം, ഒരു പത്രലേഖകൻ ഫോട്ടോ എടുക്കാൻ ശ്രമിക്കുന്നതു കണ്ട റഷ്യൻസൈനികോദ്യോഗസ്ഥൻ കൈത്തോക്കെടുക്കാൻ കീശയിൽ കൈയിടുന്നതാണു ചിത്രം.

**സത്യദീപം വരിസംഖ്യ**

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യയ്ക്കു പുറമെ | " 8—12—0 |




Chakolas
SILK HOUSE
TRICHUR—ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

(തുടർച്ച)

"കണ്ണുതു പോയാലും കണ്ണാടി വെച്ചാലും
ഭർത്താവു ബി. എ. വേണം
പൊന്നപ്പച്ചാ! ഭർത്താവു ബി. എ. വേണേ"

എന്നൊരു നാടോടിപ്പാട്ടുണ്ടല്ലോ. ഭർത്താവായി തെരഞ്ഞെടുക്കപ്പെടുന്ന ആൾക്കു എന്തെല്ലാം ദൂഷ്യങ്ങളുണ്ടായാലും ബി. എ. ക്കാരൻ ആയിരിക്കണമെന്നുള്ള ഒരു പ്രധാനവ്യവസ്ഥയുണ്ടായിരിക്കണമെന്നു പെൺകുട്ടികൾക്കു നിർബന്ധമുള്ളതായിട്ടാണ് ഈ പാട്ടിൽ പറയുന്നതു്. എന്നാൽ ആരോടും ബന്ധം വേണ്ടെന്നും, സർവ്വസ്വതന്ത്രയാണെന്നും പറഞ്ഞുകൊണ്ടിരിക്കുന്ന ഓർത്തോഡോക്സ് സഭാകന്യക പ്രധാനപ്പെട്ട യാതൊരു വ്യവസ്ഥയുമില്ലാതെ പഴിയേപോകുന്ന ഏതു സഭക്കാരോടും—അവരുടെ വിശ്വാസവിഷയങ്ങൾക്കുനേരെ വിപരീതമായ സഭക്കാരോടുപോലും—ബന്ധത്തിൽ ഏർപ്പെടുവാൻ സന്നദ്ധത പ്രദർശിപ്പിക്കുന്നെങ്കിൽ ഈ സഭ ഇക്കാലത്തു എത്രമാത്രം അധഃപതിച്ചിട്ടുണ്ടെന്നു് ആർക്കാണ് മനസ്സിലാക്കാൻ സാധിക്കാത്തതു്?

1816-ൽ തുടങ്ങി കേരളത്തിലെ യാക്കോബായക്കാരുടെ ഇടയിൽ ജോലിചെയ്യാൻ തുടങ്ങിയ പ്രോട്ടസ്റ്റൻറുമിഷനറിമാർക്കു് ഓരോരോ ലൗകികകാര്യലാഭങ്ങളെ ഉദ്ദേശിച്ചു് യാക്കോബായ മെല്പട്ടക്കാർ പള്ളികളിലും കോട്ടയം പഴയസെമ്മിനാരിയിലും മററും യഥേഷ്ടം പ്രസംഗങ്ങൾ നടത്തുന്നതിനു് അനുവാദംനൽകി. തൽഫലമായി എന്തെല്ലാം നാശനഷ്ടങ്ങളും ദുഷ്ഫലങ്ങളുമാണു് യാക്കോബായ സഭക്കു ഉണ്ടായതെന്നു മലങ്കരയാക്കോബായ ചരിത്രകാരനായ മി. ഇ. എം. ഫിലിപ്പു് "മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ" എന്ന തൻെറ ഗ്രന്ഥത്തിൽ സരസമായി വിവരിക്കുന്നുണ്ടു്. (1929 ൽ അച്ചടിച്ച ഗ്രന്ഥം, പുറം 239—323) പ്രോട്ടസ്റ്റൻറു മിഷനറിമാർക്കു് യാക്കോബായക്കാരുടെ മതകർമ്മങ്ങൾ "മമ്മികൾ" (ഈജിപ്റ്റിലും മററും കേടുവരാതെ സൂക്ഷിച്ചുവച്ചിരിക്കുന്ന ശവങ്ങൾ) പോലെയാണെന്നും, യാക്കോബായക്കാരുടെ കുർബാന ഏററവും നികൃഷ്ടമായ ഒരു കോമാളിത്തരം (a most wretched piece of buffoonery) അഥവാ "കൂത്തുകളി"യാണെന്നും തോന്നിയിരുന്നു. കന്യാസ്ത്രീയമ്മ (പരിശുദ്ധ ദൈവമാതാവു്) പിന്നെ പൊറുവെന്നും, യാക്കോബായക്കാരുടെ കുർബാനതക്സായിൽ (പുസ്തകം) നിന്നു വിശുദ്ധന്മാരോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന, മരിച്ചവർക്കുവേണ്ടിയുള്ള അപേക്ഷ, കുർബാന ബലിയാണെന്നുള്ള വിശ്വാസം എന്നിങ്ങനെ അനേകം "ചപ്പുകുപ്പകളും കെടുമതികളും" നീക്കിക്കളയാനുണ്ടെന്നും മിഷനറിമാർ പ്രസംഗിച്ചിരുന്നെന്നു മി. ഫിലിപ്പു് രേഖപ്പെടുത്തുന്നു (ടി ഗ്രന്ഥം പുറം 247—255) ഇതിൻെറയെല്ലാം ഫലമായി 1837-ൽ ആയിരത്തോളം യാക്കോബായക്കാർ പ്രോട്ടസ്റ്റൻറുകാരായിത്തീർന്നു. 1876-ൽ മാർ മാത്യൂസ് അത്താനാസ്യോസിൻെറ നേതൃത്വത്തിൽ ഒരുലക്ഷത്തോളംപേർ പ്രോട്ടസ്റ്റൻറുമിഷനറിമാരുടെ നിർദ്ദേശമനുസരിച്ചു് "ചപ്പുകുപ്പകൾ"നീക്കി പരിഷ്കരിച്ച കുർബാനതക്സായുംകൊണ്ടു് നവീകരണ അഥവാ മാർത്തോമ്മാസഭ എന്ന പേരിൽ സ്വതന്ത്രകക്ഷിയായിത്തീർന്നു. "ചൂട്ടുവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കാണുമ്പോൾ അറയ്ക്കും" എന്നൊരു പഴമൊഴിയുണ്ടു്. പ്രോട്ടസ്റ്റൻറു് സഭയോടു കൂട്ടുപിടിച്ചതുനിമിത്തം പല ലൗകികകാര്യലാഭങ്ങൾ, പ്രത്യേകിച്ചു് ബ്രിട്ടീഷ് റസിഡൻറും തിരുവിതാംകൂർ ദിവാനുമായിരുന്ന മൺറോസായ്പിൻെറ കാലത്തുംമററും യാക്കോബായക്കാർക്കു ഉണ്ടായിട്ടുണ്ടെങ്കിലും വിശ്വാസസംബന്ധമായി യാക്കോബായസഭക്കു നേരിട്ടു വമ്പിച്ച ദുഷ്ഫലങ്ങൾ ഇന്നും ആ സഭ അനുഭവിച്ചുകൊണ്ടിരിക്കയാണു്. ഇതുപോലെ ലൗകികമായ ഓരോരോ കാര്യലാഭങ്ങൾ നോക്കി എത്യോപ്യൻസഭയോടും മററും ബന്ധംപിടിച്ചാൽ യാക്കോബായസഭക്കു നേരിടുന്ന വിശ്വാസപരവും ആദ്ധ്യാത്മികവുമായ അധഃപതനവും ദുഷ്ഫലങ്ങളും എന്തായിരിക്കുമെന്നുകൂടി ചിന്തിച്ചിട്ടായിരിക്കുമോ യാക്കോബായസഭയിലെ നേതാക്കന്മാർ ആ സഭയോടു യോജിക്കുവാൻ ശ്രമിക്കുന്നതു്? പണ്ഡിതാഗ്രേസരന്മാരായ ചിലരുടെ സാക്ഷ്യങ്ങൾ ഉദ്ധരിച്ചു് മുകളിൽ വിശദമാക്കിയതുപോലെ എത്യോപ്യൻസഭയിലെ പല അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും—യഹൂദന്മാരുടെയും മഹമ്മദീയരുടെയും പുറജാതികളുടെയും ചില നടപടികൾ, പരിച്ഛേദനം, ബഹുഭാര്യത്വം, ശാബതു ആചാരം, വി. കുർബാനയുടെ സമയത്തുള്ള നൃത്തം, പീലാത്തോസിനേയും മററും പുണ്യവാനായി കരുതുക, പിശാചുസേവ ആദിയായവ—സ്വീകരിച്ചു് യാക്കോബായസഭയിലെ മാമ്മോദീസായും പട്ടവുംപോലും അസാധുവാക്കിത്തീർക്കുക എന്നുള്ള ഭയങ്കരമായ ആപത്തിലല്ലേ ഈ സംബന്ധംമൂലം യാക്കോബായ സഹോദരങ്ങൾ നിപതിക്കുവാൻ പോകുന്നതു്? സമുദായക്കേസുമൂലം യാക്കോബായക്കാർ വളരെ വിഷമസ്ഥിതിയിലാണെങ്കിലും ഇത്രമാത്രം അധഃപതിച്ച ഒരു മാർഗ്ഗത്തെ സ്വയം രക്ഷയ്ക്കായി തെരഞ്ഞെടുക്കുകയോ? ഗതികെട്ടാൽ പുലി പുല്ലും തിന്നുകയോ?

വാസ്തവത്തിൽ യാക്കോബായസഭക്കു യോജിക്കാവുന്നതും, യോജിക്കേണ്ടതുമായ സഭ കത്തോലിക്കാസഭമാത്രമാണു്. 451-ൽ കല്ക്കദോനിയാസൂനഹദോസിൽവച്ചു ശപിക്കപ്പെട്ട ഏകസ്വഭാവവാദികളിൽനിന്നാണു് യാക്കോബായസഭ ഉത്ഭവിച്ചതെങ്കിലും മുകളിൽ പ്രസ്താവിച്ചതുപോലെ എവുത്തിക്കോസിൻെറ ഏകസ്വഭാവവാദത്തെ യാക്കോബായസഭയോ, അർമ്മേനിയൻസഭയോ സ്വീകരിക്കുന്നില്ല. യാക്കോബായക്കാരുടെ "ഏകസ്വഭാവം" എന്ന പദപ്രയോഗത്തിൽ അടങ്ങിയിരിക്കുന്ന ആശയം സാരാംശത്തിൽ കല്ക്കദോനിയാസൂനഹദോസിൻെറ "രണ്ടു സ്വഭാവം" എന്ന പദപ്രയോഗത്തിൽ അടങ്ങിയിരിക്കുന്ന ആശയംതന്നെയാണെന്നു ശരിയായി പഠനം ചെയ്താൽ ബോദ്ധ്യമാകുന്നതാണു്. യാക്കോബായസഭ അംഗീകരിക്കുന്ന പിതാക്കന്മാരും പൊതുസൂനഹദോസുകളും കാനോനാകളും (സഭാനിയമങ്ങളും) ഏററുപറയുന്നതിനു വിപരീതമായി യാതൊരു വിശ്വാസവും ശരിയായി പഠനംചെയ്യുന്ന യാക്കോബായക്കാർക്കു കത്തോലിക്കാസഭയിൽ കാണുവാൻ സാധിക്കയില്ല. റോമ്മാ മാർപ്പാപ്പാ എല്ലാ പാത്രിയർക്കീസുമാരുടേയും "റീശു്" അഥവാ തലവനാണെന്നും, വി. പത്രോസിനു മററു ശ്ലീഹന്മാരുടെമേൽ ഉണ്ടായിരുന്നതുപോലെ റോമ്മാമാർപ്പാപ്പാക്കു മററു പാത്രിയർക്കീസുമാരുടെമേൽ അധികാരമുണ്ടെന്നും, ഇതു് അപ്പസ്തോലികകാലംമുതലുള്ള വ്യവസ്ഥയാണെന്നും യാക്കോബായക്കാരുടെ പ്രമാണഗ്രന്ഥമായ ഹൂദായകാനോനും, നിഖ്യാസൂനഹദോസിൻേറതായി നെസ്തോറിയർ, യാക്കോബായ, ഗ്രീക്കു എന്നീ പൗരസ്ത്യസഭക്കാരെല്ലാം സ്വീകരിക്കുന്ന "അറബി കാനോനാകൾ" എന്ന സുപ്രസിദ്ധമായ കാനോനാകളും പ്രസ്പഷ്ടമായി ഏററുപറയുന്നു. മലങ്കരസഭയെ സംബന്ധിച്ചു പറയുകയാണെങ്കിൽതന്നേയും 1653-ൽ കൂനൻകുരിശുസത്യത്താൽ കത്തോലിക്കാസഭയോടു മത്സരിച്ചുനിന്ന ഒരു വിഭാഗക്കാർ 1665-ൽ വിദേശത്തുനിന്നു മാർ ഗ്രിഗോറിയോസ് വന്നപ്പോഴാണു് യാക്കോബായ വിശ്വാസം സ്വീകരിച്ചു് യാക്കോബായക്കാരാകുവാൻ ഇടയായതു്. ആകയാൽ വിദേശത്തേയും നമ്മുടെ നാട്ടിലേയും യാക്കോബായക്കാർ അവരുടെ മാതൃസഭയായ കത്തോലിക്കാസഭയോടു യോജിക്കയാണു വേണ്ടതു്. ഇതാണു യാക്കോബായസഭയെ കുഴപ്പങ്ങളിൽനിന്നു രക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം. ഇതൊഴിച്ചു് ഏതു മാർഗ്ഗം സ്വീകരിച്ചാലും യാക്കോബായസഭ ഇന്നത്തേക്കാൾ അധഃപതിക്കും, ഇനിയും പല വിഭാഗങ്ങളുണ്ടായി നശിക്കും. എത്യോപ്യൻബന്ധവും മററും ഇതിൻെറ ഒരു നാന്ദിയാണു്. ഇതു ദൈവനടത്തിപ്പായി വ്യാഖ്യാനിക്കുന്ന റവ. ഫാദർ ടി. വി. ജോണും മററും "സാത്താൻ പ്രകാശമുള്ള ഒരു മാലാഖായോടു സ്വയം സദൃശനാകുന്നതിൽ വിസ്മയിപ്പാനില്ല" (2 കൊറി. 11, 14) എന്നുള്ള വി. പൗലോസിൻെറ വാക്യം അനുസ്മരിക്കുന്നതു കൊള്ളാം.

"പാത്രിയർക്കാ-കാതോലിക്കാ ഭിന്നത അവസാനിപ്പിക്കുവാൻ ഇരുകക്ഷികളും എത്യോപ്യൻ ചക്രവത്തിയെ മദ്ധ്യസ്ഥനായി സ്വീകരിച്ചാൽ ആശയ്ക്കു വകയുണ്ടു്" എന്നു റവ. ഫാദർ ടി വി ജോൺ എഴുതിയതിനെ പിൻതാങ്ങിക്കൊണ്ടു് മനോരമ പറയുന്നതു് "റവ. ഫാദർ ടി. വി ജോൺ എം. എ., എൽ. ടി. യുടെ അഭിപ്രായം വിവിധകേന്ദ്രങ്ങളിൽ ഉണർവ്വു ഉണ്ടാക്കിയിട്ടുണ്ടെന്നു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്" എന്നത്രേ (മനോരമ, സെപ്റ്റംബർ 9). പണ്ടു ഗ്രീസിലെ പീററർ രാജകുമാരൻ വന്നപ്പോൾ യാക്കോബായക്കാർ സമാധാനസ്ഥാപനത്തിനായി അദ്ദേഹത്തേയും സമീപിച്ചതാണു്. അദ്ദേഹം പാത്രിയർക്കീസിനെ നേരിട്ടുകണ്ടു് എല്ലാം ശരിപ്പെടുത്താമെന്നു പറഞ്ഞുപോയിട്ടു വിവരമൊന്നും ഇതുവരെ അറിഞ്ഞിട്ടില്ല. പീററർ രാജകുമാരനെക്കാൾ സ്വാധീനം ഈ വിഷയത്തിൽ എത്യോപ്യൻചക്രവത്തിക്കുണ്ടായിരിക്കുമോ? യാക്കോബായസഭയിലെ രണ്ടു കക്ഷികളും തമ്മിൽ ഇതിനകം പതിനേഴുപ്രാവശ്യം ഗണ്യമായതോതിൽ സമാധാനപരിശ്രമങ്ങൾ നടത്തിയിട്ടുണ്ടു്. ഈ പതിനേഴു പരിശ്രമങ്ങളും ഏററം ആശാവഹമായവിധം പുരോഗമിച്ച ശേഷം ഒടുവിൽ പരാജയമടയുകയും, സമുദായക്കേസ്സു് തുടന്നു നടക്കുകയുമാണു ചെയ്തിട്ടുള്ളതു്. ഇരുകക്ഷികളിലുംപെട്ട നേതാക്കന്മാർ മാത്രമല്ല ഇതരമതസ്ഥരായ പ്രമുഖന്മാർപോലും ഈ വിഷയത്തിൽ യഥാശക്തി പരിശ്രമിച്ചിട്ടുണ്ടു്. ആംഗ്ലിക്കൻബിഷപ്പു ഡോക്ടർ ഗിൽ, തിരുവിതാംകൂർ ദിവാൻജിയായിരുന്ന രാജഗോപാലാചാരി, ഇൻഡ്യാവൈസ്രോയിയായിരുന്ന ഇർവിൻപ്രഭു, ബിഷപ്പു് ഗോർ, ആംഗ്ലേയസഭയുടെ അദ്ധ്യക്ഷനായ വെസ്റ്റ്കോർട്ടു്, കൽക്കട്ടാ ഹൈക്കോർട്ടു ജഡ്ജിയായിരുന്ന ചാറർജി, ഇൻഡ്യാ വൈസ്രോയിയായിരുന്ന ലിൻലിത്ത്ഗോപ്രഭു ആദിയായവർ ദീർഘകാലം ശ്രമിച്ചിട്ടും പരാജയമടഞ്ഞ സന്ധിപരിശ്രമം വെറും സന്ദർശകന്മാരായി വന്നു് ഓടിപ്പോകുന്ന പീററർ രാജകുമാരനും എത്യോപ്യൻ ചക്രവത്തിയും മററും ശ്രമിച്ചാൽ വിജയകരമാകുമോ? "കുടിച്ചു ചാകാൻ തുടങ്ങുന്നവനു വൈക്കോലും ആശ്രയം" എന്നു പറയുന്നതുപോലെ യാക്കോബായക്കാർ വൃഥാ ഇവരെയൊക്കെ ആശ്രയിക്കുന്നു എന്നല്ലാതെ കാര്യസിദ്ധിക്കായിട്ടു ആലോചനാപൂർവ്വമല്ലതന്നെ. ഇൻഡ്യക്കു സ്വാതന്ത്ര്യം സമ്പാദിച്ചുതന്ന ഉപവാസയജ്ഞമെന്ന നിശിതായുധം "പീസുപിള്ളകാർ" 1954-ൽ പ്രയോഗിച്ചുനോക്കിയിട്ടും നിർഭാഗ്യകരമായ പരാജയം സംഭവിച്ച സ്ഥിതിക്കു ഇനി പ്രയോഗിക്കുവാൻ വല്ല മാർഗ്ഗവും ശേഷിച്ചിട്ടുണ്ടായിരിക്കുമോ? (തുടരും)

---

(2-ാംപേജ് തുടർച്ച)

ട്ടില്ലാ എന്ന വിധത്തിൽ ചാഞ്ഞു് താണസ്വരത്തിൽ സംസാരിച്ചു തുടങ്ങി; "മറിയം, ഇങ്ങനെ ഒരവസരം ഭവതിയോടുകൂടി തനിയെ ഏതാനും നിമിഷം ഒരു മുറിയിൽ കഴിക്കുവാനുള്ള അവസരം. ഞാൻ ഒട്ടുനാളായി പ്രതീക്ഷിച്ചു കഴിയുകയായിരുന്നു. ധാരാളം കാര്യങ്ങൾ എനിക്കു് ഭവതിയോടു് പറയുവാനുണ്ടു്."

അയാളുടെ നോട്ടം അസുഖകരമായി മറിയക്കു തോന്നി അവൾ പീലാത്തോസിൻെറ സ്വരംകേട്ടു് ഞെട്ടി. ആദരസൂചകമായ അയാളുടെ ഭാവം മൂലം ഭീതയായി വക്താവിനെ വിസ്മയപൂർവ്വം സൂക്ഷിക്കുകയായിരുന്നു. മന്ദഹാസം അഭിനയിച്ചുകൊണ്ടു് മറിയ പറഞ്ഞു: "എന്നെ കാണുവാൻ പ്രയാസമില്ലല്ലോ."

"പ്രയാസമുണ്ടു്", മറിയം, എന്നെ സംബന്ധിച്ചിടത്തോളം പ്രയാസംതന്നെ. എനിക്കു് ബഥാനിയിലേക്കു സ്വാഗതംചെയ്യുവാൻ ധന്യ ചെയ്യുന്ന ഭവതിയുടെ നയനമോ? വന്നാൽതന്നെ ഭവതിയെ ഏകാകിനിയായി കണ്ടുകിട്ടുമെന്നെന്തു നിശ്ചയം? ഇനിയും, ജറുസലേമിൽ ഭവതിയുണ്ടായിരിക്കുമ്പോഴാകട്ടെ ആ നസ്രായൻെറ ശിഷ്യഗണത്തിൽ ഉൾപ്പെട്ടുമാത്രമേ കാണുവാൻ സാധിക്കുകയുള്ളു. എനിക്കു് പറയാനുള്ള കാര്യങ്ങൾ മററുള്ളവർ കേൾക്കെ പറയാവുന്നവയല്ലെന്നും ഭവതി മനസ്സിലാക്കണം. മറിയം, ഞാൻ ഭവതിയെ സ്നേഹിക്കുന്നുവെന്ന പരമാർത്ഥം അറിയുന്നില്ലേ?"

ആ കുമാരിയുടെ മുഖത്തു് വിസ്മയവും ആകുലത്വവും സ്ഫുരിച്ചു: "ഈ വാക്കുകൾ ഞാൻ കേൾക്കത്തക്കവയല്ല, ഞാൻ കേൾക്കുകയില്ല" മറിയം പിറുപിറുത്തു.

"എന്തുകൊണ്ടു്? പറയൂ, എന്തുകൊണ്ടു്? ഏതാനും മാസങ്ങൾക്കു മുമ്പു് ഇവിടെവന്നു് ഞങ്ങളെ കാണുന്നതിൽ ഭവതി ആഹ്ലാദിച്ചിരുന്നു. നിങ്ങൾ "സ്നേഹിതൻ" എന്നെന്നെ അഭിസംബോധന ചെയ്യുമ്പോൾ ... ങ്ങളിൽ തീക്ഷ്ണതരമായ വികാരം ഞാൻ കാണാതിരുന്നില്ല. ഇപ്പോൾ ഭവതിയുടെ ദൃഷ്ടി ഉത്സാഹരഹിതമാണു്. മറിയം ഭവതി പ്രേമത്തിനന്യയാണോ?" പീലാത്തോസ് സംഭാഷണം തുടന്നു.

"അങ്ങു് ധരിക്കുന്നവിധത്തിലുള്ള സ്നേഹമല്ല എൻേറതു്."

(തുടരും)

## കർദ്ദിനാൾ മിൻസെന്തി

ഹംഗേറിയൻ ഗവമ്മെൻറിനു കത്തോലിക്കാസഭയോടുള്ള മനോഭാവം എന്തുതന്നെയായിരുന്നാലും, കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ, അവിടുത്തെ ഭദ്രാസനത്തിൽ പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ ഏററവും പ്രതികൂലമായ ഒരു മനോഭാവമാണു് കാദർഗവമ്മെൻറിനുള്ളതെന്നറിയുന്നു. കർദ്ദിനാൾതിരുമേനി അമേരിക്കൻ എംബസിയിൽനിന്നു പുറത്തിറങ്ങുന്നപക്ഷം അവിടുത്തെ അറസ്റ്റുചെയ്യുന്നതിനും, ജയിലിലടയ്ക്കുന്നതിനും ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നതായി വിയെന്നായിൽനിന്നുള്ള റിപ്പോർട്ടുകൾ പ്രസ്താവിക്കുന്നു. കമ്മ്യൂണിസത്തോടു കർദ്ദിനാളിനുള്ള എതിർമനോഭാവത്തെ കാദർകക്ഷികൾ ഇപ്പോഴും ഭയപ്പെടുന്നതായി കാണുന്നു. കഴിഞ്ഞ ക്രിസ്തുമസ് അർദ്ധരാത്രിക്കു് കർദ്ദിനാൾ തിരുമേനി അമേരിക്കൻ എംബസിയിൽ അർപ്പിച്ച ദിവ്യപൂജയിൽ സംബന്ധിച്ചിരുന്ന 12 പേരിൽ ഒരാൾ അവിടുത്തെ മാതാവായിരുന്നു. 85 വയസ്സായ ആ മഹതിക്കു് ഇതിലേക്കു കാദർഗവമ്മെൻറു പ്രത്യേകാനുവാദം നൽകിയിരുന്നു.

## ആദ്യത്തെ മെത്രാൻ

ആഫ്റിക്കയിൽ കെനിയായിലെ ആദ്യത്തെ ആഫ്റിക്കൻമെത്രാനായി നിയമിതനായിരിക്കുന്ന മോൺ: മൗരീസ് ഓട്ടങ്ങ കിടോഷ് രാജ്യത്തിലെ ബാമ്പുകുസു വംശത്തിൻെറ ഇപ്പോഴത്തെ നേതാവിൻെറ സീമന്തപുത്രനാണു്. ഒരു വൈദികനാകുന്നതിനുവേണ്ടി പിതൃസ്വാവകാശങ്ങളും വംശാധിപത്യവും അദ്ദേഹം പരിത്യജിക്കുകയായിരുന്നു. പ്രോപ്പഗാന്താ കോളജിൽ പഠിച്ചു് 1950-ൽ വൈദികപട്ടം സ്വീകരിച്ച അദ്ദേഹത്തെ ഇപ്പോൾ കെനിയായിൽ കിസുമുരൂപതയുടെ ആക്സിലറിമെത്രാനായി നിയമിച്ചിരിക്കുകയാണു്. 230,000 കത്തോലിക്കരുള്ള ഒരു രൂപതയാണു് കിസുമു.

## അമേരിക്കൻ ദേശീയദേവാലയം

മരിയവത്സരസ്മാരകമായി, വാഷിംഗ്ടണിൽ അമലോത്ഭവമാതാവിൻെറ നാമത്തിൽ അമേരിക്കൻ കത്തോലിക്കർ പണിതുകൊണ്ടിരിക്കുന്ന ദൈവാലയം പൂർത്തിയാകുമ്പോൾ, അതു അമേരിക്കയിലേക്കും വലിയ ദൈവാലയമായിരിക്കും. മാത്രമല്ല ലോകത്തിലെ ഏററവും വലിയ പത്തു പള്ളികളിൽ ഒന്നുമായിരിക്കും. എന്നാൽ അതിൻെറ അന്തർഭൗമികദൈവാലയം (ക്രിപ്റ്റു്) ലോകത്തിലേക്കും വലുതായിരിക്കും. ഇരുനൂറിൽപരം വരുന്ന അമേരിക്കയിലെ കർദ്ദിനാളന്മാർക്കും മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും പുറമേ അനേകം വൈദികർക്കിരിക്കുന്നതിനുവേണ്ട സ്ഥലവിസ്തൃതി മദ്ബഹായിക്കുണ്ടായിരിക്കും. മദ്ധ്യത്തിലുള്ള താഴികക്കുടത്തിനു വെനീസിലെ വിശുദ്ധ മർക്കോസിൻെറ ദേവാലയത്തിലെ താഴികക്കുടത്തിൻെറ ഇരട്ടി വലുപ്പമാണു ഉദ്ദേശിച്ചിരിക്കുന്നതു്. അതിനു മുകളിൽ സ്ഥാപിക്കുന്ന കുരിശിനു 237 അടി ഉയരമുണ്ടായിരിക്കും.

Wednesday
January 23
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2239
Vol. 30
No. 23

## ബാ ല രം ഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

രണ്ടാഴ്ചയായി വല്യേട്ടൻ നിങ്ങളോടു സംസാരിച്ചിട്ട്. പിണക്കംകൊണ്ടല്ല, നിങ്ങൾക്കറിയാമല്ലോ. വലിയ വലിയ കാര്യങ്ങൾ നടക്കുമ്പോൾ അവിടെ നമ്മൾ കുറച്ചു ബഹുമാനം പ്രദർശിപ്പിക്കേണ്ടേ? എന്തു മഹാ സംഭവങ്ങളാണ് നാം ആചരിച്ചതു്? നമ്മുടെ എറണാകുളം അതിരൂപതയ്ക്കു ഒരു മെത്രാപ്പോലീത്താ സ്ഥാനാരോഹണംചെയ്തു. ഒരു കൊല്ലത്തെ നമ്മുടെ വൈധവ്യദുഃഖം അവസാനിച്ചു. നമ്മുടെ വാത്സല്യഭാജനമായിരുന്ന—നമ്മെ കണ്ണീരിലാഴ്ത്തിക്കൊണ്ടു് ഒരു കൊല്ലം മുമ്പു് കടന്നുപോയ അതിവന്ദ്യ മെത്രാപ്പോലീത്തായുടെ ചരമവാർഷികം നാം ആചരിച്ചു. അദ്ദേഹത്തിന്റെ കവറിടത്തിൽ മാർബിൾ ശില സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പേരിനെ ശാശ്വതീകരിക്കാൻ ഒരു ആശുപത്രിനിർമ്മാണത്തിന്റെ മൂലക്കല്ലും ചാർത്തി. നമ്മുടെ പുതിയ കോതമംഗലം രൂപതാതരുണിക്കു ഒരു കോമളവരനെ പരിശുദ്ധ മാർപ്പാപ്പാ നിശ്ചയിച്ചു നൽകുകയും അത്യുന്നതകർദ്ദിനാൾ തിരുമേനി അദ്ദേഹത്തെ റോമിൽവച്ചഭിഷേകം ചെയ്യുകയും വിമാനത്തിൽ മടങ്ങിവന്ന അദ്ദേഹത്തെ ആഘോഷമായി സ്വീകരിച്ചു് കോതമംഗലത്തേക്കാനയിച്ചു് നിയമനബുള്ള പരസ്യം ചെയ്തു് അദ്ദേഹത്തെ കോതമംഗലം ഭദ്രാസനപ്പള്ളിയിലെ സിംഹാസനത്തിൽ വാഴിച്ചിരുത്തുകയും ചെയ്തു. നമ്മുടെയെല്ലാം ഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്നതിനു പോരുന്ന ഈ മഹാസംഭവങ്ങൾ പാട്ടുള്ളിടത്തോളം വിശദമായും ഭംഗിയായും പ്രസിദ്ധീകരിക്കുന്നതിനു നമ്മുടെ ബാലരംഗത്തിന്റെ സ്ഥലംകൂടി നാം വിട്ടുകൊടുത്തതു നമുക്കു വാസ്തവത്തിൽ ചാരിതാർത്ഥ്യജനകമാണു്.

അടുത്തതായി ഈ പംക്തിയിൽ ആരംഭിക്കുവാൻ പോകുന്നതു് ഒരു കുഞ്ഞു വിശുദ്ധന്റെ ചരിത്രമാണു്—ഒരു കുഞ്ഞു വേദസാക്ഷിയുടെ—അതും വിശുദ്ധ കുർബാനയോടുള്ള ഭക്തിയെപ്രതി ജീവൻ വെടിഞ്ഞ ഒരു വിശുദ്ധ ബാലന്റെ. ഈ ബാലവിശുദ്ധനെപ്പററി നിങ്ങൾ പലതും കേട്ടിരിക്കും. അതാരാണെന്നു ചിലർ ഇപ്പോൾതന്നെ ഊഹിച്ചിരിക്കും. മററാരുമല്ല; വിശുദ്ധ തർസീസിയൂസ്. വിശുദ്ധന്റെ ജീവചരിത്രം അടുത്ത ആഴ്ചമുതൽ ഞാൻ നിങ്ങൾക്കു വിവരിച്ചു തരാം.

വല്യേട്ടൻ.

### പ്രശ്നം നമ്പ്ര് 101

(ജോയി തൊണ്ടിപ്പുരയിൽ Reg. No. 107)

| 1 | 2 | 3 | 4 |
|---|---|---|---|
| | | | |

താഴെ കൊടുത്തിരിക്കുന്ന അറിവുകൾ വച്ചുകൊണ്ടു് മേൽക്കാണുന്ന കോളങ്ങൾ പൂരിപ്പിക്കുക.

ഒന്നും രണ്ടും കോളങ്ങളിലെ അക്ഷരങ്ങൾ കൂട്ടിച്ചേർത്താൽ ഒരു കക്ഷണം ഉണ്ണിയുടെ പേരാകും. മൂന്നും നാലും കോളങ്ങളിലെ അക്ഷരങ്ങൾ കൂട്ടിച്ചേർത്താൽ കയറുകൊണ്ടുണ്ടാക്കുന്ന ഒരു സാധനത്തിന്റെ പേരാകും. ഒന്നും നാലും കോളങ്ങളിലെ അക്ഷരങ്ങൾ കൂട്ടിച്ചേർത്താൽ വാളുകൊരു പര്യായമാകും. നാലുംകൂടി ചേർത്താൽ ഒരു തൊഴിലിന്റെ പേരാകും ഉത്തരം കണ്ടുപിടിക്കുന്നവൻ ഒരു വ്യാപാരിയായിത്തീരുമെന്നു പ്രതീക്ഷിക്കാം.

(ഉത്തരം അടുത്തതിൽ)

ചെറുകഥ

### "ദൈവമേ, രക്ഷിക്കണമേ"

(ജോൺ മാത്യു വി. Reg. No. 47)

അമേരിക്കയിൽ മേരിലാണ്ടിലെ ഒരു പട്ടണത്തിൽ കടുത്ത നിരീശ്വരനായ ഒരു സത്രംസൂക്ഷിപ്പുകാരൻ താമസിച്ചിരുന്നു. ദൈവം ഇല്ല എന്നു് സ്വയം അഭിമാനിച്ചാഹ്ളാദിച്ചിരുന്നതിനും പുറമെ അന്യരിലും ഇതേ ആശയം കുത്തിച്ചെലുത്തുന്നതിലും അയാൾ അത്യുൽസുകനായിരുന്നു. ഒരുദിവസം മതവിശ്വാസികളായ ഏതാനും യാത്രക്കാർ രാത്രി കഴിച്ചുകൂട്ടുവാനായി ഈ സത്രത്തിൽ ചെന്നു. ഭക്ഷണാനന്തരം സംഗതിവശാൽ ദൈവകാര്യത്തെപ്പററിയും ഏതോ സൂചിപ്പിക്കുവാനിടയായി. ദൈവം എന്നൊരാളേ ഇല്ലെന്നും മരണാനന്തരം രക്ഷയോ ശിക്ഷയോ ഉണ്ടാകുമെന്നുള്ള കഥ വെറും കെട്ടുകഥയാണെന്നും സത്രക്കാരൻ യുക്തിവാദമാരംഭിച്ചു. തക്കതായ ന്യായങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് യാത്രക്കാർ സുദീർഘം എതിർവാദം ചെയ്തെങ്കിലും ആ കയുക്തിവാദി അവരെ ആവോളം പരിഹസിക്കുകയും നിന്ദിക്കുകയുമാണു ചെയ്തതു്. ഒടുവിൽ എല്ലാവരും നിദ്രയ്ക്കായി പോയി. കുറെക്കഴിഞ്ഞപ്പോൾ പട്ടണത്തിൽ നിന്നും തീ, തീ എന്നുള്ള സ്വരവും തുടർന്നു ജനങ്ങളുടെ അട്ടഹാസവും കോലാഹലവും കേൾക്കാറായി. ജനങ്ങൾ നാലുവശത്തുനിന്നും ബഹളംകേട്ടു് ഓടിക്കൂടി നമ്മുടെ സത്രക്കാരനും യാത്രക്കാരും നിദ്രയിൽനിന്നുണർന്നു വെളിക്കിറങ്ങി. അപ്പോഴാണു് സത്രത്തിനു അഗ്നിബാധിച്ച കഥ അറിയുന്നതു്. സത്രത്തിന്റെ നാലുപാടും അഗ്നി ആളിക്കത്തുന്നതു കണ്ടപ്പോൾ സത്രംസൂക്ഷിപ്പുകാരനുണ്ടായ ചേതോവികാരങ്ങൾ ഊഹിക്കുകയാണുത്തമം. അയാൾ മാറത്തടിച്ചുകൊണ്ടു് "ദൈവമേ, കർത്താവേ, സർവ്വശക്താ, അനുഗ്രഹക്കാരാ, രക്ഷിക്കണമേ" എന്നു പ്രലപിക്കുവാൻതുടങ്ങി. ഇതുകേട്ടു് അടുത്തുനിന്നിരുന്ന യാത്രക്കാർ സത്രക്കാരനെ സമീപിച്ചു് "ആരെയാണു് വിളിക്കുന്നതു്? ദൈവമെന്നൊരാൾ ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണു് അദ്ദേഹം സർവ്വശക്തനും അനുഗ്രഹക്കാരനും ആകുന്നതു്? ആരെയാണു് ഇപ്പോൾ സഹായത്തിനു വിളിക്കുന്നതു്?" എന്നു ചോദിച്ചു. മൗനംകൊണ്ടു് മറുപടി നിർവ്വഹിച്ചെന്നു പറയാനുള്ളൂ. ദൈവമില്ലെന്നുള്ള യുക്തിവാദവും പുലമ്പിക്കൊണ്ടു നടക്കുന്ന യുക്തിവാദികളും ഈ സത്രക്കാരനിൽനിന്നും വ്യത്യസ്തരല്ലതന്നെ.

### മരണം എപ്പോൾ?

(പോൾ എൽത്തുരുത്തു് Reg No. 99)

ആഴ്ച ഒന്നുകഴിഞ്ഞു ഔസേപ്പച്ചേട്ടൻ രോഗശയ്യാവലംബിയായിട്ടു്. ഭക്ഷണം നന്നേ കുറഞ്ഞുപോയി. നിത്യവും മരവെള്ളംകുടിച്ചു് പരിചയമുള്ളതിനാൽ ഇടയ്ക്കിടയ്ക്കു അല്പം കിട്ടിയാൽ എങ്ങനെയെങ്കിലും വയറാറിച്ചാക്കും. വൈദ്യന്മാർ പലരും കൈവെടിഞ്ഞു. ഔസേപ്പുചേട്ടൻ അന്ത്യകൂദാശകൾ കൈക്കൊണ്ടു.

പെൺമക്കൾ രണ്ടുപേരെയും വിവാഹംകഴിച്ചു കൊടുത്തുവെങ്കിലും ഇളയവളുടെ ഓരോ പ്രധാനപ്പെട്ട ചുമതലകൾ ഇനിയും ഔസേപ്പുചേട്ടന്റെ ചുമലിൽത്തന്നെയാണു്.

മൂത്തമകൻ വക്കി പൂനയിൽ ഒരു താൽക്കാലികോദ്യോഗസ്ഥനായി കഴിഞ്ഞുകൂടുകയായിരുന്നു. പിതാവിന്റെ രോഗവിവരമറിഞ്ഞു് അവൻ വീട്ടിലെത്തിയിട്ടുണ്ടു്. വീട്ടുകാര്യങ്ങൾ നോക്കിനടക്കുകയാണു് ഇളയമകൻ.

മക്കളും മരുമക്കളും എന്നുവേണ്ട, വള്ളിയിലും പുള്ളിയിലുമുള്ള എല്ലാ ബന്ധുക്കളും ശേഷക്കാരും ഔസേപ്പുചേട്ടന്റെ രോഗവിവരമറിഞ്ഞു് ഓടിയെത്തി.

ഒരു കറുത്തവാവുദിവസം! കൂരിരുട്ടു്. നക്ഷത്രങ്ങൾ അന്തരീക്ഷത്തിൽ അങ്ങിങ്ങായി ഉറക്കമിളച്ചുനിൽപ്പുണ്ടു്. നായ്ക്കൾ മോങ്ങി. മൂങ്ങകൾ അപസ്വരം പുറപ്പെടുവിച്ചു് തെന്നിത്തെന്നി പറന്നിരുന്നു.

ഔസേപ്പുചേട്ടന്റെ രോഗം പെട്ടെന്നു കൂടി. അതോടെ അവസാനിക്കുമെന്നു് എല്ലാവരും വിചാരിച്ചു. ആ കുടുംബാംഗങ്ങളുടെ നെഞ്ചത്തടിയും നിലവിളികളും നിശാകാശത്തിൽ ഉയർന്നുപൊങ്ങി.

അയൽപക്കത്തെ ചാക്കോസാർ അതുകേട്ടു് ഓടിവന്നു. രോഗിയുടെ നാഡി പിടിച്ചുനോക്കി. വളരെ സാവധാനമേ അതു സ്പന്ദിച്ചിരുന്നുള്ളൂ. "ഏയ് അത്ര വിഷമിക്കാനൊന്നുമില്ല" ആ കുടുംബാംഗങ്ങളെ സമാധാനിപ്പിക്കാൻ ചാക്കോസാർ ഉപയോഗിച്ചൊരു തന്ത്രമായിരുന്നു അതു്.

നിമിഷങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങി. നേരം പുലർന്നു. ഭാനുമാൻ കിഴക്കെ മാമലകൾക്കിടയിൽക്കൂടെ എത്തിനോക്കുവാൻ ഭാവിക്കയാണു്, ഔസേപ്പുചേട്ടന്റെ രോഗവിവരമറിയാൻ.

എല്ലാവരും മരണം കാത്തുകൊണ്ടു് ശയ്യക്കരികെ ഇരിപ്പുണ്ടു്. ഈ ലോകത്തോടു് വിടവാങ്ങാൻ നില്ക്കുന്ന രോഗി ആവശ്യപ്പെട്ടതെന്തും നൽകാൻ അവർ തയ്യാറായിരുന്നു. കണ്ണീരിൽക്കുതിർന്ന മൂന്നുനാലുദിവസങ്ങൾ ആ കുടുംബക്കാർ തള്ളിനീക്കി.

കാററു് മാറിവീശി ഔസേപ്പുചേട്ടന്റെ രോഗം അല്പാല്പം ഭേദമായിത്തുടങ്ങി. ബന്ധുക്കളും ശേഷക്കാരും ഓരോരുത്തരായി തിരിച്ചുപോയി.

അടുത്തെങ്ങും പിതാവിനെ മരണകാലൻ പിടികൂടുകയില്ലെന്ന വിശ്വാസത്താൽ വക്കി പൂനയിലേക്കും.

x x x

അന്നൊരു ശനിയാഴ്ചയാണു്. കാർമേഘക്കീറുകൾ അന്തരീക്ഷത്തിൽ അങ്ങിങ്ങായി കട്ടകെട്ടി നിന്നിരുന്നു. ബാലാരുണൻ യാത്രയ്ക്കു മടിച്ചുമടിച്ചുനില്ക്കയാണു്.

ഔസേപ്പുചേട്ടൻ നിദ്രയിൽനിന്നു ഇനിയും ഉണർന്നില്ല. ഭാര്യ മറിയക്കുട്ടി ഭർത്താവിനെ സമീപിച്ചു് സൂക്ഷിച്ചുനോക്കി. മരവിച്ച മനുഷ്യക്കോലം! മറിയക്കുട്ടി നെഞ്ചത്തടിച്ചു പൊട്ടിക്കരഞ്ഞു. ഇളയമകൻ അതുകേട്ടു് തട്ടിപ്പിടഞ്ഞെണീററു് സംഭവസ്ഥലത്തെത്തി. മരണം കള്ളനെപ്പോലെ സമീപിച്ചു എന്നോർത്തു് അവൻ വാവിട്ടു നിലവിളിച്ചു.


—o—

(1-ാം പേജ് തുടർച്ച)

തിൽ പെട്ടവരത്രേ. എന്തുകൊണ്ടു് ഇന്നു യഹൂദന്മാർ ക്രിസ്തുമതത്തിനും ക്രിസ്തുവിന്റെ ദിവ്യത്വത്തിനുതന്നെയും എതിരായി വേലികെട്ടിയിരിക്കുന്നു? കത്തോലിക്കർ ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നില്ല; അല്ലെങ്കിൽ അവർക്കു യഹൂദന്മാരോടുള്ള വിദ്വേഷം. ഇതൊക്കെയല്ലേ യൂദന്മാർ ഇപ്രകാരം അകന്നു നില്ക്കുന്നതിനു കാരണം എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ജനു: 25: "മിഷനറിമാർ ലോകം മുഴുവനേയും ക്രിസ്തുവിന്റെ കുരിശുപതാകയിൻ കീഴ് അണിനിരത്തുന്നതിനു്." ക്രിസ്തുനാഥൻ മനുഷ്യനായി അവതരിച്ചതും വിയർത്തൊലിച്ചു പണിയെടുത്തതും രക്തം ചിന്തിമരിച്ചതുമെല്ലാം ആത്മാക്കളെ രക്ഷിക്കുന്നതിനുവേണ്ടിയാണു്. എന്നാൽ ഇന്നു് വെറും 2% ആളുകൾ മാത്രമാണു് സത്യപ്രകാശം ലഭിച്ചവർ. ബാക്കി 80%-വും ആലയ്ക്കു വെളിയിലാണു്. ഇവരേയും സത്യസഭയിലേക്കു കൊണ്ടുവരണം. നിരവധിമിഷനറിമാർ ഇന്നു് അനാഗതരുടെയിടയിൽ പാടുപ്പെട്ടു പണിയെടുക്കുന്നുണ്ടു്. ഇതുമാത്രം പോരാ ഓരോ കത്തോലിക്കനും മിഷ്യൻ ചൈതന്യത്താൽ കർമ്മോന്മുഖനാകണം. തനിക്കു കിട്ടിയിരിക്കുന്ന അമൂല്യനിക്ഷേപത്തിന്റെ—സത്യവിശ്വാസത്തിന്റെ—വില അവൻ ശരിക്കു മനസ്സിലാക്കണം. വിശ്വാസവെളിച്ചത്തെ പറയ്ക്കടിയിൽ പൂഴ്ത്തിവയ്ക്കാതെ വിളക്കുതണ്ടിന്മേൽ നാട്ടി നിറുത്തണം. നാം കാണുന്നുണ്ടു്, ഇടതുപക്ഷങ്ങൾ തങ്ങളുടെ വിഷലിപ്തങ്ങളായ തത്വസംഹിതകളെ ജനസാമാന്യത്തിന്റെമേൽ അടിച്ചേല്പിക്കുന്നതിനു് ജീവൻ പോലും പണയപ്പെടുത്തി പണിയെടുക്കുന്നതു്. "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്നു് പ്രഖ്യാപിച്ച ക്രിസ്തുരാജൻ നമ്മെ ആഹ്വാനംചെയ്യുകയാണു്, നമ്മുടെ സത്യവിശ്വാസത്തെ അനാഗതലക്ഷങ്ങൾക്കു് പങ്കുവയ്ക്കുവാൻ. അപ്പോൾ മാത്രമേ ക്രിസ്തുവിന്റെ വിജയം പരിപൂർണ്ണമാവുകയുള്ളൂ. "ഒരു തൊഴുത്തും ഒരിടയനും" സംജാതമാവുകയുള്ളൂ. അതിനായി നമുക്കു പ്രാർത്ഥിക്കാം; പ്രയത്നിക്കാം.

—o—




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ വയററുവേദന മാറിക്കിട്ടിയതിനുകൃതജ്ഞത.

M. D. M.

## വിദേശവാർത്തകൾ

ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായ സർ ആൻറണി ഈഡൻ അനാരോഗ്യപരമായ കാരണങ്ങളാൽ പ്രധാനമന്ത്രിസ്ഥാനവും പാർലമെൻറു മെമ്പർസ്ഥാനവും രാജിവച്ചിരിക്കുന്നു. ധനകാര്യമന്ത്രിയായ മി. ഹാരോൾഡ് മാക്മില്ലനാണു് അടുത്ത പ്രധാനമന്ത്രിയായി ചാർജെടുത്തിരിക്കുന്നതു്.

—സൂയസ്കനാൽതർക്കം സംബന്ധിച്ച കൂടിയാലോചനകൾ പുനരാരംഭിക്കുന്നതിനു ഈജിപ്തു്, ബ്രിട്ടൻ ഫ്റാൻസ്, സിലോൺ, നോർവേ, ഇററലി ഈ ആറു ശക്തികളുടെ ഒരു വട്ടമേശസമ്മേളനം കൂടണമെന്നു ഐക്യരാഷ്ട്രസിക്രട്ടറിജനറൽ നിർദ്ദേശിച്ചിരിക്കുന്നു.

—ഹംഗറിയിലെ സ്ഥിതിഗതികളെപ്പററി അന്വേഷിക്കുവാൻ അഞ്ചുരാഷ്ട്രങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മിററിയെ നിയമിക്കുവാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചിരിക്കുന്നു.

—ദേശീയചൈനായുടെ പ്രതിനിധി മി. വെല്ലിംഗ്ടൺ കൂവിനെ അന്താരാഷ്ട്രീയ നീതിന്യായക്കോടതിയിലെ ഒരു ജഡ്ജിയായി നിയമിച്ചിരിക്കുന്നു.

—ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിൽ കൊറിയയിലെങ്ങും സ്വതന്ത്രതിരഞ്ഞെടുപ്പു നടത്തണമെന്ന പ്രമേയം ജനറൽ അസംബ്ലി പാസാക്കിയിരിക്കുന്നു.

—കൊളംബൊ പ്ലാൻ എക്കണോമിക് കൺസൾട്ടേറ്റീവ് കമ്മിററിയുടെ ആദ്യയോഗം സിലോൺപ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൊളംബിൽവച്ചു നടന്നിരിക്കുന്നു.

—പാക്കിസ്ഥാൻ സ്വാതന്ത്ര്യം പ്രാപിച്ചതിനു ശേഷമുള്ള ആദ്യത്തെ പാക്കിസ്ഥാനി വൈദികൻ—ഫാദർ മൈക്കിൾ റൊസാരിയോ—ഈയിടെ റോമയിൽവച്ചു അഭിഷിക്തനായിരിക്കുന്നു.

—അഭയാർത്ഥികളായ 25 ഹംഗേറിയൻ ദമ്പതിമാരുടെ വിവാഹം നടത്തുന്നതിലേക്കു്, വിവാഹമോതിരം വാങ്ങുവാൻ, ടോറന്റോയിലെ കർദ്ദിനാൾ മക്ഗ്വയിഗർ 1250 രൂപാ പ്രദാനം ചെയ്തിരിക്കുന്നു. വിവാഹമോതിരം വാങ്ങുവാൻപോലും സാദ്ധ്യമല്ലാത്തവണ്ണം അവരത്ര ദരിദ്രരായിരുന്നു.

—മാർപ്പാപ്പാ തിരുമനസ്സിലെ ക്രിസ്തുമസ് പ്രഭാഷണം വത്തിക്കാൻ റേഡിയോ 27 ഭാഷകളിൽ പ്രക്ഷേപണം ചെയ്യുകയുണ്ടായി

—പരിശുദ്ധകന്യകമറിയം ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദപൂർത്തി 1958 ൽ ആഘോഷിക്കുന്നതിനു ലൂർദ്ദുനഗരം ഒരുങ്ങിവരുന്നു. അറുപതെഴുപതുലക്ഷം തീർത്ഥകന്മാർ വരുന്ന കൊല്ലം ലൂർദ്ദു സന്ദർശിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—ക്യാനഡായിൽ ബൈസൻറയിൻ റീത്തിൽപെട്ട 4 ലക്ഷം കത്തോലിക്കർക്കായി തിരുസിംഹാസനത്തിൽനിന്നും ഒരു അതിരൂപതയും മൂന്നു സാമന്തരൂപതകളും സ്ഥാപിച്ചുകൊടുത്തിരിക്കുന്നു. ഇവർ ഉക്രയിനിൽനിന്നു അമേരിക്കയിൽ അഭയം തേടിയിട്ടുള്ളവരാണു്. പഴയ സ്ലാവോണിക്ഭാഷയിലാണു് ഇവർ മതകർമ്മങ്ങൾ നടത്തുന്നതു്.

തയ്യാറായി

### ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:-

വിലഒന്നിനു 2 ണ.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1